Date of publication:
9 സെപ്തംബർ 2014 / വോള്യം 8 /ലക്കം 3/ വില 15 ₹

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## ഒരു മുഴുക്കണ്ണാടിയിലേക്കുള്ള ശ്രമങ്ങൾ

ഉഷാകുമാരി

## ആത്മകഥാരചനയുടെ പെണ്ണനുഭവം

ഡോ. സിസ്റ്റർ ജെസ്മി






കഴിഞ്ഞ ലക്കം
കവർ ചിത്രം
Paula Rego - Dog Women


എഡിറ്റർ
സാറാജോസഫ്

മാനേജിംഗ് എഡിറ്റർ
കെ.അജിത

എക്സി.എഡിറ്റർ
രാജലക്ഷ്മി.കെ.എം.

ഗസ്റ്റ് എഡിറ്റർ
ഉഷാകുമാരി

പത്രാധിപ സമിതി
ഡോ. ജാൻസി ജോസ്
സി.എസ്. മീനാക്ഷി
ഗിരിജ. പി. പാതേക്കര
ജ്യോതി നാരായണൻ
ഡോ. കെ.എം. ഷീബ
ഡോ. മിനി പ്രസാദ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
സുനീത. ടി.വി.
അഡ്വ.കെ.കെ.പ്രീത
ഷീബാ ദിവാകരൻ
ഷംഷാദ് ഹുസൈൻ
കുസുമം ജോസഫ്
സുൽഫത്ത്

ഉപദേശകസമിതി
സുഗതകുമാരി,
പ്രൊഫ.എം. ലീലാവതി,
ഡോ.ശാരദാമണി,
ഡോ.മല്ലികാസാരാഭായ്
ഡോ. ബീനാപോൾ

സർക്കുലേഷൻ മാനേജർ
ചാരുലത എ.എസ്.

ലേഔട്ട് & കവർ
സുവിജ



സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ്
സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ.,
കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com



സംഘടിത
സെപ്തംബർ 2014 |വോള്യം 8 |ലക്കം 3


# ഉള്ളടക്കം


ആത്മകഥാരചനയുടെ
പെണ്ണനുഭവം
ഡോ. സിസ്റ്റർ ജെസ്മി
13







16
ആത്മകഥാ
പഠനത്തിൽ
ഷർമ്മിള രഗെ
ഓർമ്മിപ്പിക്കുന്നത്
ഡോ. ഷീബ എം. കുര്യൻ

സിനിമയിലെ പെൺ വിജയഗാഥ ;
അതിരുകളില്ലാത്ത
സൗഹൃദത്തിന്റെയും...
സുനീത ടി.വി
58





9. കെ.ആർ.ഗൗരിയമ്മയുടെ ആത്മകഥയിൽ നിന്ന് ചില ഭാഗങ്ങൾ
10. കെ.അജിതയുടെ 'ഓർമ്മക്കുറിപ്പുകളി'ൽ നിന്ന്
11. 'എന്റെ കഥ അഥവാ ഒരു മലയാളി
യുവതിയുടെ ജീവിതയാത്ര' -*വിനയ*
12. 'ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ'യിൽ നിന്ന്
-*നളിനി ജമീല*
22. സ്ത്രീ, ആത്മം, ആത്മകഥ - *ഡോ.സജിത കിഴിനിപ്പുറത്ത്*
24. സർഗ്ഗാത്മക പരീക്ഷകൾ - *ജിസ ജോസ്*
28. 'നഷ്ടബോധങ്ങളില്ലാതെ' - *ഡോ. ഷീബാ ദിവാകരൻ*
34. ആത്മകഥകൾ അവതരിപ്പിക്കുന്ന ദ്വന്ദ്വങ്ങൾ:
- *ആതിര നന്ദൻ*
36. ആത്മകഥയിലേക്ക് പ്രവേശിക്കുന്ന സ്ത്രീ:
അനുഭവസാക്ഷ്യങ്ങളെ മുൻനിർത്തിയുള്ള വിചാരം - *മീനു*
42. എന്റെ കഥ:
കണ്ടെത്താത്ത ഭൂഖണ്ഡത്തിലേക്കൊരു യാത്ര
- *സോണിയ ഇ.പ.*
44. ആത്മാഖ്യാനത്തിന്റെ പെൺമൊഴികൾ -*ആര്യ*
47. എഴുത്തിന്റെ ഭാഷണങ്ങൾ - *ഇന്ദു പി. നമ്പൂതിരി*
50. ആത്മകഥനത്തിലെ സ്ത്രൈണാനുഭവങ്ങൾ
'ഇവൻ എന്റെ പ്രിയ സി.ജെ' -*ഡോ. രാജശ്രീ.എം.*
52. ഒരു പിടി ഞാവൽപ്പഴങ്ങളുടെ ഓർമ്മയ്ക്ക് (കഥ)- *അഖിന ഹൻസ്രാജ്*
54. ഉർവരം(കവിത) -*ആർ. ശ്രീലതാവർമ്മ*
55. മടക്കം(കവിത)-*അമ്മു ദീപ*
56. പസഫിക്കിലെ എൽനിനോയും കേരളത്തിലെ മൺസൂണും
- *സീമ ശ്രീലയം*

# എഡിറ്റോറിയൽ



സാറാജോസഫ്

**"അരുമയിൽ** ഓണപ്പാട്ടു
കൾ പാടി-
പ്പെരുവഴി തെണ്ടും കേവലർ
കീറി -
പ്പഴകിയ കൂറ-പുതച്ചവർ
ഞങ്ങൾ" ...

മഹാകവി വൈലോപ്പിള്ളിയുടെ "ഓണപ്പാട്ടുകാർ" വില്ലടിച്ചുപാടുകയാണ്. അവർ എല്ലാ കാലത്തും ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ട് - കേവലർ-എന്ന് വൈലോപ്പിള്ളി വിശേഷിപ്പിച്ച അതിരുകളിലേക്ക് തള്ളിമാറ്റപ്പെട്ട മനഷ്യർ. കീറിപ്പഴകിയ കൂറയും ചോർന്നൊലിക്കുന്ന മേൽക്കൂരയും കുമ്പിളിൽതന്നെ കഞ്ഞിയും. ചിലപ്പോൾ ഇതൊന്നും ഇല്ലാതെയും അലയുന്ന ലക്ഷക്കണക്കായ മനുഷ്യർ. അവരുടെ നെഞ്ചിലെ സ്വപ്നമാണ് ഓണം. എല്ലാവർക്കും തുല്യനിലയുണ്ടാകും എന്ന അതിവിദൂരമായ സ്വപ്നത്തെ വില്ലടിച്ചുപാടി തോറ്റിയുണർത്തുകയാണ് അവർ.

കെ.ജെ.ബേബിയുടെ മാവേലിമൺട്രം എന്ന നോവലിൽ ആദിവാസികളുടെ മഹാബലിയെക്കുറിച്ചുള്ള മിത്ത് വിവരിക്കപ്പെടുന്നുണ്ട്. സെക്രട്ടറിയേറ്റിന്റെ പടിക്കൽ ആദിവാസികൾ 60-ഓളം ദിവസങ്ങളായി തുടരുന്ന നിൽപ് സമരം തിരുവോണദിനത്തിലും പരിഹരിക്കപ്പെടാതെ പോയാൽ അതിൽപ്പരം വേദനാജനകമായ അവസ്ഥ മറ്റെന്താണുള്ളത്? കേരളമാകെ ഓണം ആഘോഷിക്കുമ്പോൾ വൃദ്ധരും, സ്ത്രീകളും കുഞ്ഞുങ്ങളും അടക്കമുള്ള ആദിവാസികൾ മുത്തങ്ങക്കുശേഷം അവർക്കു കൊടുത്ത വ്യവസ്ഥകൾ പാലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിൽപ് സമരം തുടരുകയാണ്. തിരുവോണനാളിൽ അവർ നിരാഹാരം അനുഷ്ഠിക്കുമെന്ന് പറയുന്നു. ലോകമെമ്പാടുമുള്ള മലയാളികൾ വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കി ഉണ്ടും സുഖിച്ചും ചിരിച്ചും ആഹ്ലാദിക്കുമ്പോൾ ഒരു തുണ്ടു ഭൂമിക്കുവേണ്ടി ഭരണകൂടത്തിന്റെ പടിവാതിൽക്കൽ തികച്ചും സമാധാനപരമായ സമരം തുടരുകയാണ് അവർ. ആ സമരപന്തലിൽനിന്ന് ഘോരഘോരം മുദ്രാവാക്യങ്ങൾ ഉയരുന്നില്ല. പ്രസംഗങ്ങൾ കേൾക്കുന്നില്ല. കൊട്ടും പാട്ടും താളവും പകലന്തിയോളം നീണ്ടുകേൾക്കാം. അതിലെ കടന്നുപോകുന്നവർ അത് ശ്രദ്ധിച്ചാലായി. സർക്കാരിന്റെ ശ്രദ്ധയിലേക്ക് ആദിവാസികളുടെ സമരം കൊണ്ടുവരുന്നതിന് പലതരം ഇടപെടലുകൾ ഉണ്ടായിട്ടും കാര്യമായ ഒരു പുരോഗതിയും ഇതേവരെ ഉണ്ടായിട്ടില്ല.

എന്താണ് ഓണാഘോഷങ്ങളുടെ പൊരുൾ ? കേവലരായ മനുഷ്യർ, ആദിവാസികൾ, ദലിതുകൾ, ദരിദ്ര ജനവിഭാഗങ്ങൾ, ഭൂരഹിതർ തുടങ്ങി ലക്ഷക്കണക്കിന് ആളുകൾ ഇല്ലായ്മകൾ പങ്കുവെക്കുമ്പോൾ എന്താഹ്ലാദമാണ് ഓണം പൊതുസമൂഹത്തിന് നല്കുന്നത്. തുടർച്ചയായ മനുഷ്യാവകാശലംഘനങ്ങളിലൂടെ സർക്കാർ ഇവരുടെ അവകാശങ്ങൾ തട്ടിപ്പറിക്കുമ്പോൾ ഏത് മാവേലിക്കാലത്തെയാണ് കപടമായി നാം പാടിയുണർത്തുന്നത് ? ആറളംഫാം ആദിവാസികളുടെ പണം കൊണ്ട് ആദിവാസിക്കുവേണ്ടി വാങ്ങിയതാണെന്ന് നമുക്കെല്ലാമറിയാം. എന്നാൽ അതിൽ 2600 ഏക്കർ മാത്രമേ ആദിവാസികൾക്ക് കൊടുത്തി ട്ടുള്ളൂ....(3500 ഏക്കർ വരുന്ന) ബാക്കി ഭാഗം സ്വകാര്യ വ്യക്തികൾക്ക് ലീസിന് കൊടുത്തിരിക്കയാണ്. ആദിവാസികളുടെ ഭൂമി ആദിവാസികൾക്ക് കൊടുക്കാനും അതിൽ കൃഷി ചെയ്യാൻ ആവശ്യമായ ആദിവാസി പുനരധിവാസഫണ്ട് അവർക്ക് നേരിട്ട് നല്കാനും സർക്കാർ തയ്യാറാകുന്നില്ല. പണം പ്രോജക്ടുകളിൽ നിക്ഷേപിക്കുകയും അഴിമതിക്കാരായ ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും അത് ചോർത്തിയെടുക്കുകയും ആദിവാസികളുടെ കയ്യിലേക്ക് ഒരിക്കലും പണമായി അത് എത്താതിരിക്കുകയും ചെയ്യുന്നു. ആദിവാസികളുടെ പുനരധിവാസത്തിനുവേണ്ടി കെട്ടി കൊടുക്കുന്ന വീടുകളിൽ അവർ പാർക്കുന്നില്ല. അത്ര ശോചനീയമാണ് അവയുടെ അവസ്ഥ. ആറളംഫാമിൽ വെള്ളമില്ല, വെളിച്ചമില്ല, റോഡുകളില്ല. ഈ സൗകര്യങ്ങൾ ഒന്നും ചെയ്തുകൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുന്നുമില്ല. ഈ അവസ്ഥയിൽ സമരം നീണ്ടുപോകുകതന്നെയാണ്. ആദിവാസികളുടെ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, ലോകത്തെമ്പാടുമുള്ള മലയാളികളോട് അവരുടെ പ്രശ്നങ്ങളും കൂടി ഓർമ്മയിൽ വെക്കണമെന്ന് സംഘടിത അഭ്യർത്ഥിക്കുന്നു.



ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

ഉഷാകുമാരി

# ഒരു മുഴുക്കണ്ണാടിയിലേക്കുള്ള ശ്രമങ്ങൾ

**ആത്മകഥനങ്ങളുടെ** പെരുമഴക്കാലമാണിത്. ആത്മകഥകളും ഓർമ്മക്കുറിപ്പുകളും ജീവിതകഥകളും ഡയറികളും കത്തുകളും അഭിമുഖങ്ങളും ആനുകാലികങ്ങളിൽ നിറഞ്ഞിരിക്കുന്നു. പത്രങ്ങളും ടി.വി.യും ഇന്റർനെറ്റും ബ്ലോഗുകളുൾപ്പെടെ പലതരം മാധ്യമങ്ങൾ ആത്മാവതരണങ്ങൾക്ക് അവസരമൊരുക്കുന്നു. തുറന്നുപറച്ചിൽ ഇന്ന് എല്ലാവരും ആസ്വദിക്കുന്നു. സമകാലികസമൂഹത്തിലെ പല വൈരുദ്ധ്യങ്ങളെയും രഹസ്യങ്ങളെയും വിവാദങ്ങളെയും ആത്മകഥകൾ പുറത്തുകൊണ്ടുവരുന്നു എന്നതും ഈ ബഹുലതയ്ക്ക് ഒരു കാരണമാകാം. മറ്റുള്ളവരുടെ സ്വകാര്യതയ്ക്കു നേരെയുള്ള ആർത്തി പൂണ്ട ദൃഷ്ടികളായും അവയുടെ സ്വീകാര്യതയെ മനസ്സിലാക്കാം. ആത്മകഥാവായന അപരജീവിതങ്ങളെക്കുറിച്ചുള്ള അന്യവൽക്കരണത്തിനും ഒപ്പം തുറന്ന സ്വീകാര്യതയ്ക്കും ഒരേ പോലെ ഇടം നൽകുന്നു. അതുകൊണ്ടുതന്നെ സമൂഹത്തിലെ മേൽ/കീഴ് ബന്ധങ്ങൾക്കകത്ത് അവ എങ്ങനെ പെരുമാറുന്നുവെന്നത് പ്രധാനമാണ്. സംഘടിതമാസികയുടെ ഈ ലക്കം സ്ത്രീകളുടെ ആത്മാഖ്യാനങ്ങളെ മുൻനിർത്തിയുള്ളതാണ്. ആത്മകഥനങ്ങളുടെ വ്യത്യസ്ത രചനാരൂപങ്ങളെ ആത്മകഥ, ഡയറി, കത്തുകൾ, സ്മരണകൾ, വ്യക്തിചിത്രണങ്ങൾ, അഭിമുഖങ്ങൾ എല്ലാം ചേർത്ത് ആത്മാഖ്യാനങ്ങളെന്ന് വിളിക്കാം. ഒരു സംഘം ലേഖകർ തങ്ങളുടെ പഠനങ്ങളിലൂടെ സ്ത്രീ ആത്മാഖ്യാനങ്ങളുടെ സാമൂഹ്യ-രാഷ്ട്രീയവിവക്ഷകളെ കണ്ടെത്തുന്നു. നിശിതമായ അർഥത്തിൽ ഇവയെല്ലാം സ്ത്രീപക്ഷപഠനങ്ങൾ ആയിക്കൊള്ളണമെന്നില്ല. എങ്കിലും അദൃശ്യവൽക്കരിക്കപ്പെട്ടു കിടക്കുന്ന സ്ത്രീയുടെ ജീവിതം വെളിപ്പെടുത്തുക എന്ന പൊതു ലക്ഷ്യം ഇവ സാധൂകരിക്കുന്നു. സ്ത്രീചരിത്രത്തെ വീണ്ടെടുക്കുന്നതിലൂടെ ഔദ്യോഗിക ചരിത്രനിർമ്മിതിയുടെ മറുപുറങ്ങളെക്കൂടി വെളിവാക്കുന്നു. അതിലുപരി ആത്മകഥാകാരികളുടെ എഴുത്തുകാരിസ്വത്വത്തെക്കുറിച്ചും സാമൂഹികമായ നിബന്ധനകളും അധികാരത്തിന്റെ ബലതന്ത്രങ്ങളും അതിനെ മെരുക്കുന്നതെങ്ങനെ എന്നതിനെക്കുറിച്ചുമുള്ള കണിശമായ ആലോചനകളും ഇവിടെ കാണാം. ആത്മകഥയെന്ന പോലെ അവയെക്കുറിച്ചുള്ള പഠനങ്ങളും പ്രതിരോധമാകുന്നത് ഇങ്ങനെയാണ്.

കൊളോണിയൽ ആധുനികതയുടെ ഭാഗമായി വികസിച്ചുവന്ന പുതിയ സ്വത്വബോധത്തിന്റെ പശ്ചാത്തലത്തിലാണ് ആത്മകഥകൾ ഒരു പുതിയ സാഹിത്യരൂപമെന്ന നിലയിൽ നമ്മുടെ നാട്ടിൽ എഴുതപ്പെടുന്നത്. ആത്മകഥ എന്ന 'ഭദ്രമായ' രചനാരൂപം ഏറെക്കുറെ പുരുഷകേന്ദ്രീകൃതമാണെന്ന് പറയാവുന്ന മട്ടിലാണ് മറ്റു ഭാഷകളിലെന്ന പോലെ മലയാളത്തിലെയും അവസ്ഥ. ജീവിതപ്പാത(ചെറുകാട്), ജീവിതസമരം(സി കേശവൻ), കൊഴിഞ്ഞ ഇലകൾ(മുണ്ടശ്ശേരി), എന്റെ ജീവിതം(കെ പി കേശവമേനോൻ), അരങ്ങുകാണാത്ത നടൻ(തിക്കോടിയൻ), ഞാൻ(എൻഎൻ പിള്ള) തുടങ്ങി നിരവധി പുരുഷ രചനകളെ അപേക്ഷിച്ച് സ്ത്രീകളുടെ ആത്മകഥകൾ വേറിട്ടു നിൽക്കുന്നതെങ്ങിനെ എന്ന അന്വേഷണത്തിലൂടെ ഇതു വ്യക്തമാകും.

സ്ത്രീകളുടെ ആത്മാഖ്യാനങ്ങൾ പൊതുവെ എണ്ണത്തിൽ കുറവുതന്നെ. എന്നാൽ സ്ത്രീകളിൽ പലരും ഒന്നിലധികം ആത്മകഥകൾ എഴുതുന്നു. മേയോ ആഞ്ജലോവിനെയും തസ്ലീമ നസ്റിനെയും പോലെ മാധവിക്കുട്ടിയും ദേവകി നിലയങ്ങോടും പല രചനകളിലൂടെ ഓർമ്മകളും ജീവിതാനുഭവങ്ങളും എഴുതുന്നു. പുരുഷന്മാരുടെ ആത്മകഥാരംഗത്ത് പി. യുടെ ഒന്നിലധികം രചനകൾ ഒരു അപവാദമായി കാണാം. പുരുഷരചനയിൽ നിന്ന് സ്ത്രീരചനയിലുള്ള മറ്റൊരു വ്യത്യാസം കാലഗണനയിലാണ്. ജീവിതകഥയെ പുരുഷരചനകളിൽ ആദിമധ്യാന്തപ്പൊരുത്തമുള്ള, നിശ്ചിതമായ അടുക്കും പുരോഗതിയുമുള്ള ആഖ്യാനമായി നിലനിർത്തുന്നു. ഇവിടെ രചനാകർതൃത്വത്തെ സംബന്ധിച്ച പദവിബോധം, നായകത്വം സുപ്രതിഷ്ഠിതവും സുനിശ്ചിതവുമാണ്. തീരെ സന്ദിഗ്ധമല്ല. ഇതിൽ അവർക്ക് സ്വാഭാവികമായി ലഭിക്കുന്ന നായകത്വമെന്നത് പുരുഷ എഴുത്തുകാരൻ, രചനയുടെ നിയന്താവ്, സാമൂഹ്യചരിത്രപ്രക്രിയകളിലെ നിർണ്ണായകപങ്കാളി എന്നീ അധികാരനിലകളിൽ കൂടിയും പൂർത്തീകരിക്കപ്പെടുന്നതാണ്. പലപ്പോഴും ഈ ആത്മകഥകൾ രചിക്കപ്പെടുന്നത് ഒരു പരിണതഘട്ടത്തിൽ, പലപ്പോഴും വാർധക്യത്തിലാണ്. എന്നാൽ സ്ത്രീകളുടെ രചനകളിലധികവും മധ്യവയ

സ്സിലോ അതിനു മുമ്പോ നടക്കുന്നു. ഒന്നിലധികം ആത്മകഥകൾ എഴുതേണ്ടി വരുന്നതിന്റെ ഒരു കാരണം ഇതാണ്. പലപ്പോഴും സ്ത്രീ ജീവിതാഖ്യാനങ്ങൾ ശകലിതമായ തോതിലാണ് ആവിഷ്കരിക്കപ്പെടുന്നത്. നിശ്ചിതമായ ചെറിയ കാലയളവിലെ ജീവിതത്തിന്റെ ഗതിവിഗതികളാണിവിടെ രചനയ്ക്ക് വിഷയീഭവിക്കുന്നത്. മലയാളത്തിലെ സുപ്രധാനമായ ആത്മകഥകളിലൊന്നായ ഓർമ്മക്കുറിപ്പുകളിൽ (കെ.അജിത) തീവ്രവിപ്ലവപ്രസ്ഥാനത്തിലെ നിർണായകഘട്ടങ്ങൾ മാത്രമാണ് വിഷയമാക്കുന്നത്. ബാല്യകാലസ്മരണകൾ, വർഷങ്ങൾക്കു മുമ്പ്, എന്റെ കഥ ഇവ വ്യത്യസ്ത കാലയളവിലെ വ്യത്യസ്ത അനുഭവസീമകളെ എഴുതുന്നു. ജാനുവിന്റെ ആത്മാഖ്യാനത്തിലും രാഷ്ട്രീയപ്രവേശനാരംഭത്തിലെ ഒരു നിശ്ചിതഘട്ടമാണുള്ളത്. സിസ്റ്റർ ജസ്മിയുടെ ആമേൻ കന്യാസ്ത്രീമഠത്തിനു പുറത്തേയ്ക്കു കടക്കുന്നതുവരെയുള്ള സംഭവങ്ങളെയാണ് വിവരിക്കുന്നത്. ഗൗരിയമ്മയുടെ ആത്മകഥ പോലെ ചില കൃതികൾ ഇതിനപവാദമാണ്. ഗൗരിയമ്മ തന്റെ കൃതിയിൽ ബാല്യം മുതൽക്കുള്ള നീണ്ട ഘട്ടത്തെ നൈരന്തര്യത്തോടെ അവതരിപ്പിക്കുന്നു.

പുരുഷആത്മകഥകൾ അനിവാര്യമായും വ്യക്തി/സ്വത്വകേന്ദ്രീകൃതമാണ്. എന്നാൽ ആത്മനിഷ്ഠമായിരിക്കുമ്പോൾ തന്നെ സ്ത്രീകൾ സ്വന്തം കഥകളിലെ നായികാപദവിയെ പൂർണമായും ഏറ്റെടുക്കാതെ വിട്ടുനിൽക്കുന്നു. സന്ദിഗ്ധമായ ഒരു കർതൃപദവിയിലാണവർ സ്വയം സ്ഥാനപ്പെടുത്തുന്നത്. സ്ത്രീകൾ തങ്ങളുടെ ആത്മാഖ്യാനങ്ങൾക്കു നൽകുന്ന പേരുകളെപ്പോലും ഇത് സ്വാധീനിക്കുന്നു. പലരും എളിമയോടെ സ്മൃതികഥയെന്നോ സ്മരണകളെന്നോ പറയുന്നു. ഉദാ: വ്യാഴവട്ടസ്മരണകൾ. ഇതിനെക്കുറിച്ച് സാംസ്കാരികപണ്ഡിതനായ പാർത്ഥാചാറ്റർജി പറയുന്നത് അത് പേരിന്റെ പ്രശ്നമല്ല, മറിച്ച് ആഖ്യാനരൂപത്തിലും ഭാവത്തിലുമുള്ള വ്യത്യാസത്തെയാണ് സൂചിപ്പിക്കുന്നതെന്നാണ്. (ഉദയകുമാർ-ആത്മകഥകൾ ചരിത്രമെഴുതുമ്പോൾ). മാതൃകാപരവും സംഭവബഹുലവും മഹത്തുമായ ജീവിതകഥനങ്ങളായി തങ്ങളുടെ ('എളിയ') രചനാരൂപങ്ങളെ തിരിച്ചറിയാനാവുമോ എന്ന സംശയം ഇവിടെയുണ്ട്. മാഹാത്മ്യം, മാതൃക, സംഭവം എന്നിവയുടെ അളവുകോലുകൾ പുരുഷമൂല്യങ്ങൾക്കകത്താണ് നിർവചിക്കപ്പെടുന്നത് എന്നതിനാൽ സ്ത്രീജീവിതത്തിന്റെ ആധികാരികതയിലൂന്നിയ പുതുക്കപ്പെട്ട അളവുകൾ സമർഥിച്ചെടുക്കുക എന്ന വെല്ലുവിളിയാണവർ നേരിടുന്നത്. ലബ്ധപ്രതിഷ്ഠയായ ലളിതാംബിക അന്തർജ്ജനം പോലും തന്റെ രചനയെ ആത്മകഥയ്ക്കൊരാമുഖം എന്നാണ് വിളിക്കുന്നത്.

രണ്ടാം തലമുറ സ്ത്രീആത്മകഥകളുടെ മറ്റൊരു പ്രത്യേകത പലരും തങ്ങളുടെ ഭർത്താവിന്റെയോ കുടുംബങ്ങളുടെയോ പേരുകൾ ഗ്രന്ഥനാമത്തിൽത്തന്നെ ഉൾച്ചേർക്കുന്നു എന്നതാണ്. ആധുനികവൽക്കരണത്തിലൂന്നിയ ആൺ/പെൺ സ്വത്വരൂപീകരണങ്ങളുടെ ചരിത്രപ്രക്രിയയായി ഇവയെ മനസ്സിലാക്കാം. പതിവ്രതയും ഭർത്ത്യ/മക്കൾ സ്നേഹത്തിൽ മുഴുകിയവളുമായ ഉത്തമവനിത അങ്ങനെ നിർമ്മിക്കപ്പെടുന്നതാണ്. വ്യാഴവട്ടസ്മരണകളിലെ കല്യാണിയമ്മ സ്വയം കൽപ്പിക്കുന്ന ആഖ്യാനസ്വത്വം വിപ്ലവകാരിയായ ഭർത്താവിനൊപ്പം ത്യാഗമയമായ ജീവിതം നയിച്ച ഭാര്യയുടേതാണ്. ഇവനെന്റെ പ്രിയ സി.ജെ.(റോസി തോമസ്), ചേട്ടന്റെ നിഴലിൽ(ലീലാ ദാമോദരമേനോൻ), തിരുമുമ്പിനൊപ്പം(കാർത്യായനിക്കുട്ടിയമ്മ), പത്മരാജൻ എന്റെ ഗന്ധർവൻ(രാധാലക്ഷ്മി), എന്റെ ദേവ്(സീതാലക്ഷ്മി ദേവ്) തുടങ്ങിയ കൃതികളോർക്കുക. എന്നാൽ പുരുഷ ആത്മകഥകളിലെ സ്ത്രീയുടെ അടയാളങ്ങൾ തികച്ചും വിരളവും വ്യത്യസ്തവുമാണെന്നു കാണാം. എന്റെ മിനി എന്ന ടി.എൻ.ഗോപിനാഥൻനായരുടെ ആത്മകഥയൊഴിച്ചാൽ സ്ത്രീനാമസൂചനയുള്ള പുരുഷ ആത്മകഥകൾ മലയാളത്തിലില്ല.

ആധുനികീകരണത്തിന്റെയും സ്ത്രീസ്വത്വപദവിയുടെയും പുരോഗതിയിൽ വിവിധ സേവന/കർമ്മണ്ഡലങ്ങളിലെ സ്ത്രീ കൂടുതലായി തെളിയിക്കപ്പെടുന്നു. സ്വന്തം പ്രവൃത്തിമേഖലയിലെ അപൂർവമായ തങ്ങളുടെ കാൽവെപ്പുകൾ, സാമൂഹികപ്രക്രിയകളിലെ പങ്കാളിത്തം, അതിൽ നേരിടുന്ന വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള പൊതുബോധം സ്ത്രീകളിൽ ആർജ്ജവത്തോടെ സ്വയം പ്രകാശിപ്പിക്കാനുള്ള പ്രേരണയാവുന്നു. സ്വരഭേദങ്ങൾ(ഭാഗ്യലക്ഷ്മി), പോസ്റ്റ്മാർട്ടം ടേബിൾ(ഷെർലി വാസു), മാതൃകം(ഖദീജാ മുംതാസ്), ജീവദായനി(ലീലാകുമാരിഅമ്മ), ഷക്കീലയുടെ ആത്മകഥ മുതലായവ ഇവിടെ ഓർക്കാം. തൊഴിലിനെ ഒരു വിഷയമെന്ന നിലയിൽ പുരുഷസ്ത്രീആഖ്യാനങ്ങൾ പരിചരിക്കുന്ന രീതിയിലുള്ള വ്യത്യാസം കൂടി ഇവിടെ എടുത്തു പറേണ്ടതുണ്ട്. പാചകം തന്നെ എടുക്കുക. പുരുഷ ആഖ്യാനങ്ങളിൽ അതൊരു തൊഴിലും സാങ്കേതികവിദ്യയുമായി എഴുതപ്പെടുന്നു. എന്നാൽ ഉമ്മി അബ്ദുല്ലയുടെയും(കെ പി റഷീദ് നടത്തുന്ന അഭിമുഖം, പച്ചക്കുതിര, 2011 മെയ്) മേരിക്കുട്ടി(അടുക്കളയിൽ നിന്ന് കിച്ചണിലേയ്ക്ക്(എൻബിഎസ്, 2013)യുടെയും മറ്റനേകം സ്ത്രീകളുടെയും അനുഭവങ്ങളിൽ സംസ്കാരത്തിനകത്ത് വ്യക്തിയും സ്വത്വവും മെരുക്കപ്പെടുന്നതിന്റെ സൂചനകളോടെയാണ് പാചകം പരിചരിക്കപ്പെടുന്നത്. മലബാറിലെ മുസ്ലിംസ്ത്രീജീവിതത്തിന്റെ പദവിപരവും സാംസ്കാരികവുമായ മൂല്യങ്ങൾക്കകത്താണ് ഉമ്മിയുടെ വാക്കുകൾ മനസ്സിലാക്കപ്പെടേണ്ടത്. കിഴക്കൻ ക്രിസ്ത്യാനി സ്ത്രീകളുടെ അതിജീവനപരമായ ദൈനംദിനജീവിതവും ഒരു 'ഫോക്' എന്ന നിലയിലുള്ള അവരുടെ ജീവിതപരിതോവസ്ഥകളും (ഹാബിറ്റാറ്റ്) മേരിക്കുട്ടിയുടെ പാചകസ്മരണകളിൽ ഉണ്ട്. പുരുഷാഖ്യാനങ്ങളെയപേക്ഷിച്ച് സാർവകാലികവും സമഗ്രവുമായ കാഴ്ചപ്പാടുകൾക്കു പകരം ദൈനംദിനപരമായ പ്രശ്നങ്ങളും പ്രതിസന്ധികളും സ്ത്രീ ആഖ്യാനങ്ങളിൽ കടന്നുവരുന്നു.

ഇപ്രകാരം നോക്കുമ്പോൾ നിശ്ചിതമായ അർഥമൂല്യങ്ങൾക്കകത്തെ ഒരു സാഹിത്യരൂപം എന്ന നിലയിൽ ആത്മകഥ പുരുഷകേന്ദ്രീകൃതവും പുരുഷനിഷ്ഠവുമാണ്. സ്

ത്രീജീവിതാഖ്യാനങ്ങളെ ആത്മകഥാപദവിയിൽ നിന്ന് വ്യത്യസ്തമായി വേറെത്തന്നെയുള്ള ഒരു രചനാരൂപമായി, ഗണമായി കാണേണ്ടതുണ്ട്. ആത്മകഥാപ്രസ്ഥാനത്തിലെ ഒരു അവാന്തരവിഭാഗമോ അനുബന്ധഗണമോ ആയല്ല, മറിച്ച് അനന്യമായ വ്യത്യസ്തമായ ഒരു സാഹിത്യരൂപം തന്നെയായാണ് അത് പരിഗണിക്കപ്പെടേണ്ടത്. സ്വപ്രാമാണികതയിലൂന്നിയ, സ്വന്തം നിയമങ്ങളും രീതിശാസ്ത്രങ്ങളുമുള്ള, സ്വയംഭരണാധിഷ്ഠിതമായ, ആധികാരികതയുള്ള സാഹിത്യമണ്ഡലമായിത്തന്നെ ഈ സ്ത്രൈണാവിഷ്കാരങ്ങളെ തിരിച്ചറിയേണ്ടതുണ്ട്.

കേരളത്തിലെ സാമൂഹികമണ്ഡലത്തെ സാരമായി പൊളിച്ചെഴുതാൻ പ്രാപ്തമായ, വിവാദങ്ങൾക്കിടയായ, ചില പ്രധാന ആത്മാഖ്യാനങ്ങൾ ഈ ലക്കത്തിലെ അസാന്നിധ്യം കൊണ്ട് ശ്രദ്ധിക്കപ്പെടുന്നുണ്ട്. അവയിലൊന്ന് നളിനി ജമീലയുടെ ഞാൻ ലൈംഗികത്തൊഴിലാളി ആണ്. ലൈംഗികത എന്നത് ഒരു തൊഴിലാണോ? എന്തുകൊണ്ട് എഴുത്തുകാരിയുടെ ലൈംഗികസദാചാരം ചോദ്യം ചെയ്യപ്പെടുന്നു. ലൈംഗികത്തൊഴിലാളിയുടെ ശരീരം ആരുടേതാണ്? ലൈംഗികത്തൊഴിലാളിയുടെ സ്വത്വപരമായ ആർജ്ജവം യാഥാസ്ഥിതികഫെമിനിസം സ്വീകരിക്കുന്നതെങ്ങനെ ? കേട്ടെഴുത്തുകാരനായ ഐ.ഗോപിനാഥിന്റെ മുൻകയ്യിലുള്ള തന്റെ ആത്മകഥയുടെ ആദ്യഭാഷ്യം നളിനി ജമീല തിരസ്ക്കരിക്കുന്നതിന്റെ പ്രത്യയശാസ്ത്രമെന്ത് ? തുടങ്ങി നിരവധി പ്രശ്നങ്ങൾക്കകത്താണ് ഈ കൃതി നിലനിൽക്കുന്നത്. നളിനിജമീലയുടെയും മാധവിക്കുട്ടിയുടെയും ആത്മകഥകളെ മുൻനിർത്തി ജെ ദേവിക നടത്തുന്ന വിശകലനം(ഭാര്യ,വേശ്യ,പരിഷ്കർത്താവ്-മാധവിക്കുട്ടിയുടെയും നളിനിജമീലയുടെയും ആത്മകഥകളെപ്പറ്റി, പച്ചക്കുതിര, ജൂൺ 2006), അവരുടെ കൃതിയെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നൽകുന്നുണ്ട്. നിയോലിബറൽ അനുകൂലികളുടെ ഉപകരണവും ഇരയുമായി ഒരു വശത്തും വിമോചനാത്മകമായ വ്യക്തികർതൃത്വമായി മറുവശത്തും പ്രതിഷ്ഠിക്കപ്പെടുന്ന നളിനിജമീലയ്ക്കുള്ളിലെ ദരിദ്രയായ തൊഴിലാളി സ്ത്രീസ്വത്വത്തെ വിമർശകർ പരിഗണിക്കുന്നില്ല എന്ന് ഈ പഠനം ആരോപിക്കുന്നു.'വേശ്യയെക്കുറിച്ചുള്ള വാർപ്പു മാതൃക മറികടന്ന് ലൈംഗികത്തൊഴിലിന്റെ അസഹ്യമായ സാഹചര്യങ്ങളെക്കുറിച്ച് ജമീല പറയുന്നത് ഉൾക്കൊള്ളാനോ മകൾ അതിലേയ്ക്ക് വരുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുന്നത് മനസ്സിലാക്കാനോ ഇത്തരം വിമർശകർക്ക് സാധിക്കുന്നില്ല.

സമകാലികവിവാദങ്ങൾ തമസ്കരിച്ച മറ്റൊരു കാര്യം ലൈംഗികത്തൊഴിലിന് മലയാളിസമൂഹത്തിൽ ചരിത്രപരമായി വന്ന പരിവർത്തനങ്ങളെയും കുറിച്ച് ജമീല നൽകുന്ന ഉൾക്കാഴ്ച നിറഞ്ഞ വിവരണങ്ങളാണ്. "തള്ളി മാറ്റപ്പെടുന്നവർക്ക് ആത്മസമർത്ഥനം സാധ്യമേയല്ലെന്ന് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ എല്ലാ ഭാഗത്തുനിന്നുമുണ്ടായി" (ദേവിക).

മലയാളി ഹിജഡയുടെ ആത്മകഥയും ലിംഗമാറ്റശസ്ത്രക്രിയയിലൂടെ പരമേശ്വരനായ നന്ദുകൃഷ്ണയുടെ ആത്മചിത്രണവും (പച്ചക്കുതിര ജനുവരി 2011) ലെസ്ബിയൻ അനുഭവങ്ങളുടെ ആഖ്യാനമാവുന്ന ഒറ്റേറ രചനകളും മലയാളിയുടെ ലിംഗബോധത്തിലെ കോയ്മകളെ അടിമുടി അഴിച്ചുപണിയാൻ പ്രാപ്തമായവയാണ്. അത്തരം ആത്മാഖ്യാനങ്ങളെക്കുറിച്ചുള്ള പഠനങ്ങളില്ലാത്തത് ഈ ലക്കത്തെ സംബന്ധിച്ചിടത്തോളം ഒരു കുറവുതന്നെയാണ്.

വിനയയുടെ എന്റെ കഥ അഥവാ ഒരു മലയാളിയുവതിയുടെ ജീവിതയാത്ര പ്രത്യേകപരാമർശം അർഹിക്കുന്ന കൃതിയാണ്. പോലിസ് രംഗത്തെ ആൺകോയ്മ ഭരണകൂട അധികാരമായി സ്ത്രീശരീരത്തെ നിയന്ത്രിക്കുകയും മെരുക്കുകയും ചെയ്യുന്നതിനെതിരെ അവർ ശക്തമായ നിലപാടുകൾ മുന്നോട്ടു വെക്കുന്നു. സ്ത്രീത്വത്തിന്റെ പരമ്പരാഗതമായ റോളുകളെ ശാരീരികപ്രത്യക്ഷങ്ങളിലൂടെ-മുടി-വസ്ത്രം - യൂണിഫോം സാരികളിലൂടെ-ഊട്ടിയുറപ്പിക്കുന്നതിനെതിരെ അവർ തുറന്ന പോരാട്ടത്തിലേർപ്പെടുന്നു.

കേരളത്തിലെ ഭൂമി,ജാതി, വിഭവാധികാരങ്ങൾക്കുമേൽ രാഷ്ട്രീയമായ ഇച്ഛാശക്തിയോടുകൂടി ചൂണ്ടപ്പെട്ട വിരലുകളാണ് കെ അജിതയുടെയും ജാനുവിന്റെയും ജീവിതങ്ങൾ. ജന്മിത്വത്തിനെതിരെ, ഭരണകൂടത്തിന്റെ അധികാരദുഷ്പ്രവണതകൾക്കെതിരെ നക്സലൈറ്റുകൾ നടത്തിയ ചരിത്രപരമായ സംഘടിത രാഷ്ട്രീയസമരങ്ങളുടെ ഭാഗമായാണ് അജിതയുടെ ആത്മകഥയിലെ ഓർമ്മകൾ എഴുതപ്പെടുന്നത്. അന്നു വരെ കേരളം കണ്ടിട്ടില്ലാത്ത ശക്തമായ ഒരു സ്ത്രീരാഷ്ട്രീയ സ്വത്വത്തിന്റെ അടയാളപ്പെടലായി അജിതയുടെ കൃതിയെ കാണാം. ഭൂമിയുടെ അവകാശത്തിനായി അടിസ്ഥാനപരമായ നിലനിൽപ്പിനും അതിജീവനത്തിനും വേണ്ടി പോരാടുന്ന ആദിവാസി വിഭാഗങ്ങളുടെ കഥ പറയുന്ന ജാനു-സി കെ ജാനുവിന്റെ ജീവിതകഥ- ജീവിതചരിത്രമെന്ന ഗണത്തിൽ പെട്ടതെങ്കിലും ആത്മകഥനത്തിന്റെ ഉൾച്ചൂടുപേറുന്ന ഒന്നാണ്. മാണിക്കം പെണ്ണ്(മറിയാമ്മച്ചേടത്തി) എന്ന കൃതിയും ദളിത് ചൂഷണങ്ങളിലെ പെണ്ണവസ്ഥകളെയും തൊഴിലവസ്ഥകളെയും സൂക്ഷ്മാഖ്യാനം ചെയ്യുന്നു.

ജാനു പറയുന്നു: "നമ്മളെ ചെറുപ്പത്തില് നമ്മളെ കുടിയിലൊന്നും കണ്ണാടി ഇല്ലായിരുന്നു... വെള്ളമുണ്ടേന്ന് വന്നപ്പോ നമ്മളെ കുടിലിന്റെ പുറകിലെ ചുമരിൽ ഒരു കഷ്ണം കണ്ണാടി ചാണകത്തിൽ ഒട്ടിച്ചു വെച്ചിരുന്നു. നമ്മള് ഭൂമിയിൽ നടാനുള്ള വിത്തുകള്, ചാണകത്തിൽ ഒട്ടിച്ച് ഇങ്ങനെ കുടിലിന്റെ ചുമരിൽ വെച്ചത് ആരാണെന്നറിയില്ലായിരുന്നു. കണ്ണാടി ചെറിയൊരു കഷ്ണമായതുകൊണ്ട് നമ്മളെ അതില് കാണാൻ കഴീല്ലായിരുന്നു. ഏതെങ്കിലും ഒരു ഭാഗം മാത്രമേ പതിയൂ. ഒരു മുഴുവൻ കണ്ണാടി വാങ്ങണം. " ( പുറം 66, ജാനു).

ആത്മകഥകൾക്കകത്തും ഇതേ അദൃശ്യതകളും ഭാഗികമായ ശകലിത/ പ്രകാശനങ്ങളുമാണുണ്ടാവുക. എങ്കിലും ഈയൊരു തുണ്ടുകണ്ണാടി നമുക്ക് കൂടിയേ കഴിയൂ.

# കെ.ആർ.ഗൗരിയമ്മയുടെ
## ആത്മകഥയിൽ നിന്ന് ചില ഭാഗങ്ങൾ


**ജന്മിമാരുടെ** ഗുണ്ടാസംഘങ്ങൾ നാട്ടിലെ പാവപ്പെട്ടവരുടെ ജീവിതം തകർക്കുന്ന പേടിസ്വപ്നങ്ങളായിരുന്നു. കുടികിടപ്പുകാരെ മർദ്ദിക്കുക, കുടിൽ പൊളിച്ചുകളയുക, സ്ത്രീകളെ ഉപദ്രവിക്കുക ഇതൊക്കെ ഗുണ്ടകൾ അനുസ്യൂതം നടത്തിയാലും പോലീസ് ഒരക്ഷരം ചോദിക്കില്ല. പോലീസ് സ്റ്റേഷൻ ജന്മികളുടെ ഇച്ഛ യഥേഷ്ടം നടത്തിക്കൊടുക്കാനുള്ള സ്ഥാപനങ്ങൾ ആയിമാറി. ജന്മികളായിരുന്നു സ്റ്റേഷൻ ഭരണം നടത്തിയിരുന്നത്. പാവപ്പെട്ടവർ എന്തുപറയുമ്പോഴും അവരുടെ മുമ്പിൽ 'അടിയൻ' എന്ന് ഇടക്ക് ഉപയോഗിക്കണം. ഈ ഗുണ്ടാസംഘത്തിന്റേയും ജന്മി-ഭരണസമ്പ്രദായത്തിന് അടുത്തുണ്ടായി പ്രവർത്തിച്ചിരുന്ന പോലീസിന്റേയും കീഴിൽ ഈ കർഷകത്തൊഴിലാളികളും കുടികിടപ്പുകാരും ഭയവിഹ്വലരായി കഴിഞ്ഞിരുന്നു. അവിടെയാണ് പുതിയ മുദ്രാവാക്യങ്ങളും സുന്ദരസ്വപ്നങ്ങളും സോവിയറ്റ് യൂണിയന്റെ നേട്ടങ്ങളുമായി കർഷകത്തൊഴിലാളിയൂണിയൻ കടന്നുചെല്ലുന്നത്. അവരുടെതന്നെ ഭാഗമായി കഴിഞ്ഞിരുന്ന ഒരു കൂട്ടം തൊഴിലാളികൾ ഫാക്ടറികളിൽ പണിയെടുക്കുകയും സംഘടിക്കുകയും ചെയ്തപ്പോൾ അവർക്കുണ്ടായ നേട്ടം അവർ കൺമുമ്പിൽ കണ്ടുകൊണ്ടുമിരിക്കുകയായിരുന്നു. ഈ സ്ഥിതിയാണ് കർഷകതൊഴിലാളികളെ സംഘടിപ്പിക്കുവാൻ കാരണം. കൂലി ചോദിക്കാനും അന്യായം ചെറുക്കുവാനും തുടങ്ങിയതും അവർ ആരുടേയും അടിമയല്ല എന്ന നിലയിൽ അടിയൻവിളി സ്വയം നിർത്തിയതും ജന്മിമാരേയും ഗുണ്ടകളേയും വല്ലാതെ ചൊടിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ജന്മികളുടെ ഭാഗത്തുനിന്നുള്ള ആക്രമണങ്ങൾ കൂടുകയും തൊഴിലാളിയൂണിയന്റെ ഭാഗത്തു നിന്നുള്ള ചെറുത്തുനിൽപ്പ് വളരുകയും ചെയ്തുകൊണ്ടിരുന്നു. കന്നിക്കൊയ്ത്തോടുകൂടി അവിടെ യിവിടെ സമരങ്ങളും വാഗ്വാദങ്ങളും സംഘട്ടനങ്ങളായി മാറിക്കൊണ്ടിരുന്നു.



എന്റെ അച്ഛന്റെ ആഗ്രഹം സാധിക്കാൻ കോടതിയിൽപ്പോയ അന്നു മുതൽ വക്കീൽപ്പണിയിൽ മിടുക്കിയായി കാണണമെന്ന ആഗ്രഹം വെച്ചു പുലർത്തിയിരുന്നു. പാർട്ടി ജോലിക്കിടയിലും കോടതിയും കേസ്സും ഞാൻ മറന്നില്ല; പാർട്ടി മെമ്പർഷിപ്പും പാവപ്പെട്ടവരോടുള്ള അനുഭാവവും അവർക്കു വേണ്ടിയുള്ള പ്രവർത്തനവും ആത്മാർത്ഥയുമെല്ലാം. കുടിയാന്മാരേയും കുടികിടപ്പുകാരേയും തകൃതിയായി ഒഴിപ്പിക്കലിന് കേസ് ഫയൽ ചെയ്യുകയും നിയമസംരക്ഷണം ഇല്ലാതിരുന്നതുമൂലം പാവപ്പെട്ട ഈ വിഭാഗക്കാർ രാഷ്ട്രീയം നോക്കാതെ കുറേ വക്കാലത്തുകൾ എനിക്ക് തന്നിരുന്നു. അവരുടെ ആവശ്യത്തിൽ എനിക്കുള്ള മമതയും ആത്മാർത്ഥതയുമായിരിക്കാം കാര്യമെന്ന് ഞാൻ വിശ്വസിച്ചു.

തിരഞ്ഞെടുപ്പിൽ നിന്നാൽ പിന്നെ മുഴുവൻ സമയം പാർട്ടി പ്രവർത്തകയാകണം. നമ്മുടെ ആവശ്യത്തിനു തന്നെ ബാക്കിയുള്ളവരെ ആശ്രയിക്കണം. എനിക്കതിനോട് പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. ഞാൻ അതേ കുറിച്ച് ആലോചിക്കുമ്പോൾ ചെല്ലമ്മ വന്ന്, സഖാവ് പി. കുറേനേരമായി എന്നേയും കാത്ത് പുറത്തു നിൽക്കുന്നുവെന്ന് പറഞ്ഞു. ഞാൻ എഴുന്നേറ്റ് മുഖം കഴുകി പിയുടെ അടുത്തുചെന്നു. സഖാവ് പി സാവധാനം കാര്യങ്ങൾ പറയാൻ തുടങ്ങി. ഇത് പാവപ്പെട്ടവർക്ക് വേണ്ടിയുള്ള സമരത്തിന്റെ ഭാഗമാണ്. കമ്മ്യൂണിസ്റ്റുകാരായാൽ എന്തും നേരിടാൻ തയ്യാറാകണം. എന്നെ സ്ഥാനാർത്ഥിയായി നിർത്താൻ തീരുമാനിച്ചത് സഖാവ് പണിക്കർക്ക് ഒളിവിൽ നിന്ന് വരാൻ കഴിഞ്ഞില്ലെങ്കിൽ മാത്രമാണ്. സഖാവ് കുമാരപ്പണിക്കരാണ് നാമനിർദ്ദേശപത്രിക കൊടുക്കുന്നത്. ഞാൻ ഡമ്മിയായി കൊടുത്താൽ മതി.

# കെ.അജിതയുടെ 'ഓർമ്മക്കുറിപ്പുകളി'ൽ നിന്ന്:




എങ്കിലും ഈ ഓർമ്മക്കുറിപ്പുകൾ എഴുതിയത് എന്തിനാണെന്ന ചോദ്യം ഉത്ഭവിക്കുന്നു. എന്റെ രാഷ്ട്രീയവിശ്വാസത്തെ ഈ തുറന്ന പ്രഖ്യാപനത്തിലൂടെ ഒന്നുകൂടി അരക്കിട്ടുറപ്പിക്കാനും ഞാൻ ഉൾക്കൊണ്ട പ്രസ്ഥാനത്തിലെ അറിയപ്പെടാത്തതും ചിലർ ബോധപൂർവ്വം മൂടിവെക്കാൻ ശ്രമിക്കുന്നതുമായ പല വസ്തുതകളേയും ബഹുജനങ്ങളുടെ മുമ്പിൽ നിരത്തിവെക്കാനും മാത്രമാണ് ഈ ഓർമ്മക്കുറിപ്പുകൾ കൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഈ 'ഓർമ്മക്കുറിപ്പുക'ളാണെങ്കിൽ എന്റെ ഓർമ്മയിൽ പതിഞ്ഞ സംഭവങ്ങളുടെ ഒരു ചിത്രമാണ്. അതുകൊണ്ടുതന്നെ അതിൽ പല പാകപ്പിഴകളുമുണ്ടാകുമെന്നത് സ്വാഭാവികമാണ്. ചില കാര്യങ്ങൾ പറയാൻ ഞാൻ വിട്ടുപോയിട്ടുണ്ട്. പറഞ്ഞതിൽ ചിലവ വസ്തുതകളുമായി നിരക്കാത്ത കൈപ്പിഴകളുമായിരുന്നു. ആരെയെങ്കിലും വ്യക്തിപരമായി വേദനിപ്പിക്കാനോ, അവരുടെ വികാരങ്ങളെ വ്രണപ്പെടുത്താനോ അല്ല ഞാനെഴുതിയത്. എന്നിരിക്കിലും, ചില സംഭവങ്ങൾ വിവരിക്കുന്നതിനിടയിൽ ചിലരുടെ പങ്കിനെപ്പറ്റി അവരെ വേദനിപ്പിക്കുന്ന തരത്തിലാണ് എഴുതിപ്പോയതെങ്കിൽ അവരോടെല്ലാം ഞാൻ ക്ഷമചോദിക്കുന്നു. അതോടൊപ്പം അത്യധികം ആവേശത്തോടെയും താത്പര്യത്തോടെയും 'ഓർമ്മക്കുറിപ്പുകൾ ' വായിച്ചുകൊണ്ട് എന്നെ പലതരത്തിലും പ്രോത്സാഹിപ്പിച്ച വായനക്കാരോട് ഞാൻ അഗാധമായ നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

# ‘എന്റെ കഥ

### അഥവാ

# ഒരു മലയാളി യുവതിയുടെ ജീവിതയാത്ര’
# – വിനയ



**ചെറുപ്പം**

തൊട്ട് മനസ്സിൽ ഉറച്ചുപോയ ആശയങ്ങൾ അനുഭവങ്ങളുടെ ഉലയിൽ ചുട്ടുപഴുത്തപ്പോൾ കൈവിടാനാകാത്ത ആദർശങ്ങളായി ത്തീരുകയും ജീവിതമപ്പാടെ അതിനുവേണ്ടിയുള്ള (പലപ്പോഴും തോൽക്കുന്ന) യുദ്ധങ്ങളായിത്തീരുകയും ചെയ്തിട്ടുണ്ട് എനിക്ക്. തിരിച്ചടികളും തോൽവികളും എണ്ണമറ്റ ദിവസങ്ങൾ നീളുന്ന മാനസിക സംഘർഷങ്ങൾ എനിക്ക് പകർന്നു നൽകിയിട്ടുണ്ട്. ഒരു സാധാരണപെൺകുട്ടിയിൽ നിന്ന് വ്യത്യസ്തമായി അതു നേരിടാനാകുന്ന ഇന്നത്തെ വിനയയാക്കി എന്നെ മാറ്റിയത് ഈ തീവ്രമായ അനുഭവങ്ങൾ തന്നെയാണ്.

> പക്ഷേ ആശ്വാസത്തിന്റെ ഏതെങ്കിലും ഒരു പിടിവള്ളിയിൽ സുരക്ഷിതത്വത്തിന്റെ ചെറുതെങ്കിലും ഒരു തണലിൽ എപ്പോഴും ഞാൻ പിടിച്ചു നിന്നിട്ടുണ്ട്. എന്റെ അനുഭവങ്ങളിലെ ഏറ്റവും ഭയാനകമായ രാത്രി അന്നാണ്.

തുടർച്ചയായ ശിക്ഷാനടപടികൾ, ഇടക്കിടെയുള്ള ട്രാൻസ്ഫറുകൾ, സസ്പെൻഷൻ, പിരിച്ചുവിടൽ – പതിനൊന്നുവർഷത്തെ സർവ്വീസിനിടക്കു തന്നെ ആഘാതങ്ങൾ എന്റെ ചെറിയ ജീവിതത്തിന് താങ്ങാവുന്നതിനും എത്രയോ വലുതായിരുന്നു.

പക്ഷേ ആശ്വാസത്തിന്റെ ഏതെങ്കിലും ഒരു പിടിവള്ളിയിൽ സുരക്ഷിതത്വത്തിന്റെ ചെറുതെങ്കിലും ഒരു തണലിൽ എപ്പോഴും ഞാൻ പിടിച്ചു നിന്നിട്ടുണ്ട്. എന്റെ അനുഭവങ്ങളിലെ ഏറ്റവും ഭയാനകമായ രാത്രി അന്നാണ്. പിരിച്ചുവിടൽ ഉത്തരവ് കൈപ്പറ്റുന്നതിനും ഏഴുദിവസം മുമ്പ്. ആ രാത്രിയിൽ ഞാനും ദാസേട്ടനും ഒറ്റക്കായപ്പോൾ ദാസേട്ടൻ എന്നോട് പറഞ്ഞു തുടങ്ങിയത് അക്ഷരാർത്ഥത്തിൽ എന്നെ തകർത്തു കളഞ്ഞു. ⭘

# നളിനി ജമീല-

## 'ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ'യിൽ നിന്ന്




**എനിക്ക്** ആത്മകഥയെഴുതാൻ പദ്ധതിയുണ്ടെന്ന് ഇതിനകം പലരുമറിഞ്ഞു. അങ്ങനെ കേട്ടറിഞ്ഞ് 2004ൽ തൃശൂരിൽ വെച്ച് കേരള സോഷ്യൽ ഫോറം നടക്കുന്ന സന്ദർഭത്തിൽ ഐ.ഗോപിനാഥ് ആത്മകഥ കേട്ടെഴുതാമെന്ന പദ്ധതിയുമായി സമീപിച്ചു. അതു ഞാൻ സമ്മതിച്ചു. ഗോപിനാഥിനൊപ്പം ഒരു വർഷക്കാലത്തിനിടയിൽ 12ലധികം തവണ വിശദമായ അഭിമുഖസംഭാഷണങ്ങൾ നടത്തുകയും റെക്കോർഡ് ചെയ്യുകയും ചെയ്തു. എന്നാൽ അപ്രതീക്ഷിതമായി ആ കാസറ്റുകൾ കുറേ നഷ്ടപ്പെട്ടതിനാൽ അദ്ദേഹം ഓർമ്മയെ ആശ്രയിച്ചാണ് മിക്കഭാഗങ്ങളും എഴുതിയത്.

പുസ്തകം പുറത്തിറങ്ങിക്കാണാനുള്ള വെമ്പലിൽ വേണ്ടത്ര സാവകാശമെടുത്ത് അത് കുറ്റമറ്റതാക്കാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അങ്ങനെയാണ് എന്റെ ആത്മകഥ ഒരിക്കൽ കൂടി പരിഷ്കരിച്ചെഴുതാൻ ഞാൻ തീരുമാനിച്ചത്. എന്റെ ശൈലി അതേ പോലെ നിലനിർത്തി പരിഷ്കരിച്ചെഴുതാൻ ഒരു സംഘം സുഹൃത്തുക്കൾ തയ്യാറായി. ഏറെ ബുദ്ധിമുട്ടി ഈ പണിചെയ്ത അവരോടും ഒരു പുസ്തകമെന്ന നിലക്ക് ആദ്യമായി ആത്മകഥ രൂപപ്പെടുത്താൻ സഹായിച്ച ഗോപിനാഥിനോടും എനിക്ക് അതിരറ്റ നന്ദിയുണ്ട്.



**ഡോ. സിസ്റ്റർ ജെസ്മി**

എന്തുകൊണ്ടാണ് സ്ത്രീകൾക്ക് സ്വന്തം കഥ എഴുതാൻ കഴിയാത്തത്. കുടുംബത്തെ പേടിച്ച്; സമൂഹത്തെ ഭയന്ന് എന്നതാണ് ഉത്തരം. ആത്മകഥാംശമുള്ള തുറന്നെഴുത്ത് മാധവിക്കുട്ടിക്കും വിഘ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.




# ആത്മകഥാരചനയുടെ പെണ്ണനുഭവം

**'ആമേൻ'** പുസ്തകത്തിന്റെ തമിഴ് പരിഭാഷ 'കാലച്ചുവട്' പ്രസാധകർ വിപണിയിലിറക്കുമ്പോൾ പ്രകാശനം ചെയ്ത് പ്രഭാഷണം നടത്തിയ വേളയിൽ തമിഴ് സദസ്യരെ പുകഴ്ത്തിക്കൊണ്ട് എഴുത്തുകാരൻ പോൾ സഖറിയ ഒരു പ്രസ്താവന നടത്തി : 'ഒരു കന്യാസ്ത്രിയുടെ ആത്മകഥ ആദ്യം ലോകത്തിനു നല്കാൻ കേരളത്തിനല്ല, തമിഴ്നാടിനാണ് കഴിഞ്ഞത്. മുൻ കന്യാസ്ത്രീ ബാമ ഫൌസ്തിനായുടെ 'കരുക്ക്' 'ആമേൻ' ഗ്രന്ഥത്തിന് മുമ്പു രചിക്കപ്പെട്ടതാണ്. 'ഡി.സി. ബുക്സ് 'പനമുള്ള്' എന്ന ശീർഷകത്തിൽ അത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. മറുപടി പ്രസംഗത്തിൽ സഖറിയാക്ക് 'ഒരു തിരുത്ത്' നൽകേണ്ടി വന്നു, എനിക്ക്. 'ബാമ എഴുതിയത് ആത്മകഥയല്ല, നോവൽ ആണ്'. ധാരാളം കന്യാസ്ത്രിക്കഥകൾ നോവൽ രൂപത്തിൽ ഇറങ്ങിയിട്ടുണ്ട്. പക്ഷെ മഠം വിട്ട ഒരു കന്യാസ്ത്രിക്ക് ആത്മകഥ എഴുതണമെങ്കിൽ അസാമാന്യ സാഹസികത വേണം; അല്ലെങ്കിൽ അപമാനിതയാകാനുള്ള ചങ്കൂറ്റം വേണം. ഒന്നുകിൽ ആത്മകഥാംശമുള്ള നോവൽ സ്വയം എഴുതാം; അല്ലെങ്കിൽ അനുഭവങ്ങൾ പറഞ്ഞുകൊടുത്ത് മറ്റൊരാളെക്കൊണ്ട് എഴുതിക്കാം. രണ്ടാം വകുപ്പിൽ പെടും സാറാ ജോസഫിന്റെ 'ഒതപ്പ്'. അതുപോലെ തന്നെ, അമേരിക്കൻ മുൻ കന്യാസ്ത്രീകൾ എഴുതിയ "NO TURNING BACK [JANE OREILLY author]." ഞാൻ മഠജീവിതം ഉപേക്ഷിക്കുന്നതിനുമുമ്പേ കേരളത്തിൽ തന്നെ 500ലേറെ സന്യാസിനികൾ പുറത്തുവന്നു കാണണം; 1000ത്തിലേറെ വൈദികരും. അവരാരും ആത്മകഥ എഴുതാൻ ധൈര്യപ്പെട്ടില്ല; അക്കാര്യം അവരിൽ ചിലർ തുറന്നു സമ്മതിക്കുന്നുമുണ്ട്. വിശുദ്ധരായ ആവിലായിലെ വിശുദ്ധത്രേസ്യാ, കുരിശിന്റെ വിശുദ്ധ യോഹന്നാൻ എന്നിങ്ങനെ ആത്മകഥകൾ പുണ്യവായനക്കായി ഉണ്ടെന്നത് വാസ്തവം. പക്ഷെ അതെല്ലാം അസാധാരണ മനുഷ്യരുടെ കഥകൾ ആയിരുന്നല്ലോ.

എന്തുകൊണ്ടാണ് സ്ത്രീകൾക്ക് സ്വന്തം കഥ എഴുതാൻ

കഴിയാത്തത്? കുടുംബത്തെ പേടിച്ച് സമൂഹത്തെ ഭയന്ന് എന്നതാണ് ഉത്തരം. ആത്മകഥാംശമുള്ള തുറന്നെഴുത്ത് മാധവിക്കുട്ടിക്കും വിഘ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതിനെ തരണം ചെയ്തു മുന്നോട്ടു നീങ്ങിയതാണ് അവരുടെ വിജയരഹസ്യം. സമൂഹമധ്യത്തിൽ വിവസ്ത്രയാക്കപ്പെടുന്ന അസ്വസ്ഥതയാണ് ഒരു സ്ത്രീയെ സംബന്ധിച്ച് അവളുടെ ആത്മരേഖ. അതിസാഹസികത മൂലമല്ല ഈയുള്ളവൾ ആത്മകഥ എഴുതാൻ ഒരുമ്പെട്ടത് എന്ന് സമ്മതിക്കുന്നു. 'അള മുട്ടിയാൽ ചേരേം കടിക്കും' എന്ന പഴഞ്ചൊല്ല് എന്നെ സംബന്ധിച്ച് അന്വർത്ഥമാകുകയായിരുന്നു. 'മാനസിക വിഭ്രാന്തി മൂലം സഭ വിട്ടിറങ്ങുന്നു' എന്ന് കത്തോലിക്കാ സഭാധികാരികൾ വിശ്വാസികളോടെന്നപോലെ ലോകത്തോടും വിളിച്ചു പറഞ്ഞ സ്ഥിതിക്ക്, ഞാനെങ്ങിനെ ജീവിക്കും? ഒരു ഭ്രാന്തിക്ക് വീടോ ജോലിയോ സൗഹൃദമോ എവിടെ നിന്ന് ലഭിക്കും? എനിക്ക് വട്ടില്ലെന്നു വിളിച്ചു പറയാൻ തൂലിക ചലിപ്പിക്കുക എന്ന ഒരൊറ്റ മാർഗ്ഗമേ അവശേഷിച്ചുള്ളൂ. ആവൃതിക്കുള്ളിലെ സത്യങ്ങളറിയാൻ ചുറ്റുമുള്ള സമൂഹത്തിനു അവകാശമുണ്ടെന്ന് ഞാൻ മനസ്സിലാക്കി. അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന, അതിനു പണം വാങ്ങുന്ന കൂട്ടരെക്കുറിച്ചു രഹസ്യാത്മകത നിലനിർത്തുന്നത് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക. മാത്രമല്ല ഉള്ളിൽ അല തല്ലുന്ന വികാരങ്ങളെ ഒഴുക്കി വിടാൻ ഒരു ഓവുചാൽ എനിക്ക് അത്യാവശ്യമായിരുന്നു. ഒരു 'തെറാപ്പി'യുടെ ഫലം ചെയ്യുന്ന തുറന്നെഴുത്ത് ആത്മവിമർശനത്തിനും വിലയിരുത്തലിനും ഉപകരിക്കുമെന്നു ഞാൻ കണ്ടെത്തി. ഇക്കാലമത്രയും ജീസസ് എനിക്കുവേണ്ടി ചെയ്ത അത്ഭുതങ്ങൾ ജനങ്ങളെ അറിയിക്കുക എന്നതും എന്റെ കർത്തവ്യമായി ഞാൻ തിരിച്ചറിഞ്ഞു.

മൂന്നു മാസങ്ങൾ കാണാമറയത്ത് ജീവിക്കാനുള്ള എന്റെ തീരുമാനം പ്രായോഗികമാക്കാൻ സഹായിച്ചത് ആത്മാർത്ഥ സുഹൃത്തുക്കൾ തന്നെ. അക്കാലയളവിലെ ഒന്നര മാസം ഉപയോഗിച്ച് ലാപ്ടോപ്പിലേക്ക് ഒരു യന്ത്രം കണക്കെ ടൈപ് ചെയ്തു എന്ന് പറയാവുന്നതാണ്. പക്ഷെ വികാരനിർഭരമായ സ്വന്തം അനുഭവങ്ങൾ, തീക്കനൽ പോലെ പൊള്ളിക്കുന്ന സംഭവങ്ങൾ നിർവ്വികാരയായി പകർത്താൻ കഴിഞ്ഞില്ലെന്നതാണ് വാസ്തവം. എഴുത്തിൽ കണ്ണീരു പ്രതിഫലിച്ചു. മാത്രമല്ല, ഓരോ രാത്രിയിലും ഏകാകിയായി മുറിയിൽ ഹൃദയം പൊട്ടി കരഞ്ഞപ്പോഴേ ഒരൽപം ആശ്വാസം ലഭിച്ചുള്ളൂ. ഇടയ്ക്കു വെച്ച് എഴുത്ത് അവസാനിപ്പിക്കാൻ തീരുമാനിച്ചു. എന്തോ ചവറു എഴുതിക്കൂട്ടുന്നതുപോലെ ഒരു തോന്നൽ. എന്റെയും മഠത്തിലെ അന്തേവാസികളുടെയും നിസ്സാര പ്രശ്നങ്ങൾ, വഴക്കുകൾ, അസൂയാദി പെരുമാറ്റങ്ങൾ അറിയാൻ ആർക്കാണ് താല്പര്യമുണ്ടാകുക! അപ്പോഴെല്ലാം ഒരു മാധ്യമ സുഹൃത്ത് പ്രോത്സാഹനം നല്കി തുടരാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. ഓഷോയുടെ ഒരു പുസ്തകം ഓണസമ്മാനമായി അദ്ദേഹം തന്നപ്പോൾ അത് വായിച്ച്, 'എന്റെ ശൈലി അതുപോലെ ഘനമുള്ളതല്ലല്ലോ' എന്ന് ഞാൻ അദ്ദേഹത്തോട് പരിഭവിച്ചു. 'ഞങ്ങൾക്ക് ഒരു ഓഷോയെ മതി; ഇനി ഞങ്ങൾക്ക് ഒരു ജെസ്മിയെയാണ് വേണ്ടത്' എന്നായിരുന്നു എന്റെ ആവലാതിക്കുള്ള മറുപടി. ഒരു മാതൃക പോലും കയ്യിൽ ഇല്ലാതെ, ആത്മകഥ എങ്ങനെ എഴുതണമെന്നുള്ള സന്ദേഹം തലപൊക്കി ഇടയ്ക്കിടെ ശല്യം ചെയ്തുകൊണ്ടിരുന്നു. എങ്കിലും അറിവ് പോലെ, അതിലേറെ ആത്മാർഥതയോടെ ഓരോ അനുഭവവും കുറിക്കാൻ തുടങ്ങി. തലയിൽ ഫോട്ടോഗ്രാഫിക് ചിത്രങ്ങൾ പോലെ ഓരോന്നും തെളിയാനാരംഭിച്ചു . ഇടയിൽ ഓർമ്മ വരുന്നവ റഫ് പേപ്പറിൽ കോറിയിട്ട് അതാതിടങ്ങളിൽ ചേർത്തു. എങ്ങനെയൊക്കെയോ എഴുതിത്തീർത്തപ്പോൾ ഒരു ദീർഘനിശ്വാസം പുറത്തുവന്നു  ഒരു 'തെറാപി'യുടെ ഫലം പോലെ.

താമസിച്ചിരുന്നിടത്തുനിന്ന് പെട്ടെന്ന് മാറേണ്ടിവന്നപ്പോൾ മറ്റൊരു സുഹൃത്ത് സ്വാഗതത്തിന്റെ കൈ നീട്ടി. അവിടെവെച്ചാണ് ആത്മകഥനത്തിന് ഒരു പുതിയ മാനം കൈവന്നത്. എന്നും ആ ദമ്പതികൾ എന്നോട് ചില പ്രസക്ത ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. എന്റെ മറുപടികൾ കേട്ടപ്പോൾ 'ഇത് എഴുതിയിട്ടുണ്ടോ?' എന്ന് നിരന്തരം അന്വേഷിച്ചു. മിക്കപ്പോഴും  'ഇല്ല' എന്ന് എനിക്ക് സമ്മതിക്കേണ്ടിവന്നു. അവരുടെ പ്രചോദനം ഉൾക്കൊണ്ട്, ചില കൂട്ടിച്ചേർക്കലുകളും അഴിച്ചുമാറ്റലുകളും ഞാൻ സത്യസന്ധമായിത്തന്നെ ചെയ്തു.'ഈ ലോകത്തെ ഏറ്റവും വലിയ അഹങ്കാരിയാണല്ലോ ഞാൻ' എന്ന് ആത്മകഥ വായിക്കുന്നവർ ചിന്തിച്ചുപോകും എന്നൊരു ഭയം ഉള്ളിൽ തികട്ടിവരാറുണ്ടായിരുന്നു. 'സിസ്റ്ററെപ്പറ്റി മറ്റുള്ളവർ പുകഴ്ത്തിപ്പറഞ്ഞത് രേഖപ്പെടുത്തുന്നതാണ് അഹംഭാവം ധ്വനിപ്പിക്കുന്നത്' എന്ന സ്നേഹപൂർവ്വമായ തിരുത്തൽ ഉൾക്കൊണ്ട് ചിലത് വെട്ടിക്കള



യാൻ ഞാൻ തയ്യാറായി. അങ്ങിനെ രചനക്ക് ഒരു അടുക്കും ചിട്ടയും രൂപവും ഭാവവും കൈവന്നു. ഇംഗ്ലീഷിൽ അവതരിപ്പിച്ച ആത്മകഥ മലയാളത്തിലേക്ക് സ്വയം തർജ്ജമ ചെയ്യാൻ ഡി. സി.പ്രസാധകർ ആവശ്യപ്പെട്ടപ്പോൾ, അതുവരെ സുസ്മേരവദനയായി നടന്ന ഞാൻ പെട്ടെന്ന് മ്ലാനമുഖിയായത് ഗൃഹനാഥൻ തിരിച്ചറിഞ്ഞു.

'Bt raumaയിലൂടെ ഇനിയും കടന്നുപോകാൻ എനിക്കാകുന്നില്ല' എന്ന എന്റെ രോദനം കേട്ട്, 'തർജ്ജമ ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്ന്' ഡി.സി.യേ അറിയിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു; അപ്രകാരം ചെയ്തു.

പ്രശ്നം അവിടെ തീർന്നില്ല. തർജ്ജമക്ക് അവർ തിരഞ്ഞെടുത്തത് കത്തോലിക്കാവിശ്വാസിയായ ഒരു സ്ത്രീയെയാണ്. സഭാധികാരികൾക്കു മുമ്പിൽ വിധേയയായും പുരോഗമന ചിന്താഗതിക്കാരുടെയിടയിൽ അത്തരക്കാരിയായും 'രണ്ടു വഞ്ചിയിലും കാലിട്ട്' കഴിയുന്ന ആ വ്യക്തി ഒരു മാസം കഴിഞ്ഞിട്ടും തർജ്ജമ ചെയ്യാൻ തുടങ്ങിയതുപോലുമില്ല. വിവരം ഞാൻ അറിഞ്ഞിരുന്നില്ലെങ്കിൽ, വേണ്ട നടപടി എടുത്തിരുന്നില്ലെങ്കിൽ പള്ളിക്കാർ മുഖേന 'സ്റ്റേ ഓർഡർ' വന്നു 'ആമേൻ' വെളിച്ചം കാണാതിരുന്നേനെ. ദൈവം കയ്യൊപ്പിട്ട പുസ്തകം ആയതിനാല് എല്ലാ വിഘ്നങ്ങളേയും തരണം ചെയ്തു 20 റീപ്രിന്റിൽ എത്തിയിരിക്കുന്നു.

ആമേൻ വിപണിയിലെത്തി ദിവസങ്ങൾക്കുള്ളിൽ പള്ളി എനിക്ക് പുതിയ പേരിട്ടു 'വേശ്യ'. ബാംഗ്ലൂർ സംഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം അത്. കൂട്ടുപ്രതി വൈദികൻ അവരുടെ കണക്കുകൂട്ടലിൽ 'വിശുദ്ധൻ' ആയി തുടർന്നു. എന്തൊരു വിരോധാഭാസം. തളരാതെ തല ഉയർത്തി നടന്നു; അത്തരം വിളികൾ നമ്മെ ബാധിക്കുന്നത് അവരെ സന്തോഷിപ്പിക്കും; വിജയിപ്പിക്കും. ഭ്രാന്തി, വേശ്യ, സാത്താന്, യൂദാസ് അങ്ങനെ പേരുകള് പലതും വീണപ്പോഴും പുഞ്ചിരി തുടർന്നു. ധാരാളം പേരുടെ പിന്താങ്ങൽ ബലം നല്കി. ഫ്രഞ്ച്, ജർമൻ യുവതികൾ ഫ്രാങ്ക്ഫെർട്ടിൽ വെച്ച് 'താങ്കൾ ഒരു ധീര വനിതയാണ്' എന്ന് അഭിനന്ദിച്ചപ്പോൾ അഭിമാനം തോന്നി. കോളേജിലെ സഹപ്രവർത്തകർ 'ആമേനിലെ ഓരോ വാക്കും സത്യമാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു' എന്ന് അഭിപ്രായപ്പെട്ടതും സ്വസ്ഥത നല്കി. നാനാദിക്കുകളിൽ നിന്നും വിദ്യാർത്ഥിനികൾ ഇമെയിൽ, ഓർക്കൂട്ട്, ഫോൺ സംവിധാനങ്ങളിലൂടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

> പുരുഷന്മാരിൽ പലരെയും പ്രകോപിതരാക്കിയത് പുസ്തകത്തിലെ 'ആമത്തല' എന്ന പ്രയോഗമാണ്. ഒരു കോളേജ് പ്രിൻസിപ്പൽ അഭിപ്രായപ്പെട്ടത്, ആ പ്രയോഗം ഉചിതമായെന്നും സ്ത്രീകളുടെ ശരീരഭാഗങ്ങൾ ഇഷ്ടംപോലെ വർണ്ണിക്കാനും ഉപമിക്കാനും കുത്തക ഏറ്റെടുത്ത പുരുഷന്മാർക്ക് ഈ പ്രയോഗം 'ഒരു ഷോക്ക് ട്രീറ്റ്മെന്റ്' ആയെന്നുമാണ്.

പുരുഷന്മാരിൽ പലരെയും പ്രകോപിതരാക്കിയത് പുസ്തകത്തിലെ 'ആമത്തല' എന്ന പ്രയോഗമാണ്. ഒരു കോളേജ് പ്രിൻസിപ്പൽ അഭിപ്രായപ്പെട്ടത്, ആ പ്രയോഗം ഉചിതമായെന്നും സ്ത്രീകളുടെ ശരീരഭാഗങ്ങൾ ഇഷ്ടംപോലെ വർണ്ണിക്കാനും ഉപമിക്കാനും കുത്തക ഏറ്റെടുത്ത പുരുഷന്മാർക്ക് ഈ പ്രയോഗം 'ഒരു ഷോക്ക് ട്രീറ്റ്മെന്റ്' ആയെന്നുമാണ്. ഒരു പ്രഭാഷണത്തിന് പോയപ്പോൾ ബയോഡാറ്റ എടുക്കാൻ മറന്നു പോയിരുന്നു. സംഘാടകൻ പറഞ്ഞു : 'ആമേൻ ഉള്ളപ്പോൾ പിന്നെന്തിനു ബയോഡാറ്റ?' ചില്ലലമാരിയിലെ പലഹാരം പോലെ എല്ലാം സുവ്യക്തം, ഞാൻ നടന്നു നീങ്ങുമ്പോൾ, എന്ന ചമ്മൽ മാത്രം ബാക്കി. 'മീഡിയ വൺ ചാനലിൽ' ആവിഷ്ക്കാരസ്വാതന്ത്ര്യം ചർച്ചക്ക് ക്ഷണിക്കപ്പെട്ടു. 'കളിമണ്ണ്' സിനിമയാണ് വിഷയമായി തന്നത്. ആദ്യപകുതി ചിത്രീകരണം കഴിഞ്ഞപ്പോൾ അവതാരകൻ അനൗൺസ് ചെയ്തു: 'ഇനി ആമേൻ ചർച്ച'. പള്ളിക്കാർ ചോദ്യശരങ്ങൾ തൊടുത്തുവിട്ടപ്പോൾ, ഏകയായി ഞാൻ പട പൊരുതി. 'സിസ്റ്റർ എന്തിനാണ് വികാരാധീനയായത്' എന്ന് പ്രോഗ്രാമിനു ശേഷം മീഡിയക്കാർ ചോദിച്ചതിനു പ്രത്യുത്തരം ഇത്രമാത്രം: 'കളിമണ്ണ് ഒരു കലാസൃഷ്ടി മാത്രം; ആമേൻ ജീവനുള്ള ഞാൻ ആണ്' സ്രഷ്ടാവും സൃഷ്ടിയും ആത്മകഥാരചനയിൽ രണ്ടല്ല ഒന്നാണ് എന്ന തിരിച്ചറിവ് വളരെ പ്രധാനമാണ്.

നവചരിത്രവാദം അനുശാസിക്കുന്നതുപോലെ ഇന്ന് സബോൾട്ടേൺ [subaltern] ചരിത്രമാണ് വിരചിക്കപ്പെടേണ്ടത്. സാധാരണക്കാരുടെ, അവഗണിക്കപ്പെട്ടവരുടെ കഥകളും ചരിത്രഭാഗമാകണം. ഓരോ സ്ത്രീയും ആത്മകഥ എഴുതേണ്ടത് ഇന്ന് ചരിത്രം പൂർണ്ണമാക്കപ്പെടാൻ അത്യാവശ്യമാണ്. ഒരു പ്രഭാഷണത്തിനിടയിൽ ഞാൻ പറഞ്ഞു: 'സ്ത്രീകൾ ആത്മകഥയെഴുതിയാൽ കേരളചരിത്രം മാറും' ഒരു യുവതി സദസ്സിൽനിന്ന് വിളിച്ചു പറഞ്ഞു: അല്ല, സിസ്റ്റർ, കേരള ചരിത്രം നാറും. ആ നാറ്റം മാറണമെങ്കിൽ പെണ്ണനുഭവങ്ങൾ ചരിത്രത്തിൽ സ്ഥാനം പിടിച്ചേ മതിയാകൂ... ○



ഡോ. ഷീബ എം. കുര്യൻ



# ആത്മകഥാപഠനത്തിൽ ഷർമ്മിള രഗെ ഓർമ്മിപ്പിക്കുന്നത്

**ഷർമ്മിള** രഗെ (1964 ഒക്ടോബർ 7– 2013 ജൂലൈ 13) ഇന്ത്യയിലെ മുൻനിര സ്ത്രീവാദപണ്ഡിതരിൽ ഒരാളായിരുന്നു. എന്നാൽ ഇന്നും തുടരുന്ന പടിഞ്ഞാറേക്കുള്ള നോട്ടത്തിന്റെ ഫലമായി എലെയ്ൻ ഷൊവാൾട്ടർ, ഹെലൻ സിക്സു, നാൻസി മില്ലർ, ആലീസ് വാക്കർ, ലോറാ മൾവി, ബെൽ ഹൂക്സ്, തെരേസാ ഡി ലൊറൈറ്റിസ് തുടങ്ങിയ പാശ്ചാത്യഫെമിനിസത്തിന്റെ വക്താക്കളിൽ പലരും മുന്നിൽ വന്നു കഴിഞ്ഞാണ് ഷർമ്മിള രഗെയുടെ പുസ്തകങ്ങൾ കാണുന്നത്. അറിവ് ഒരു അധികാരസ്ഥാപനമായി പ്രവർത്തിക്കുന്നതു കാരണം 'ഫെമിനിസ'ത്തിനുള്ളിൽ രൂപപ്പെട്ട ഈ പാശ്ചാത്യവൽക്കരണം പലപ്പോഴും കാഴ്ചപ്പാടുകളെ നിയന്ത്രിക്കുകയും പരിമിതപ്പെടുത്തുകയും പലതും തിരസ്കരിക്കുകയും ചെയ്യുന്നതിലേക്കെത്തിക്കും. സ്ത്രീസ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിനുവേണ്ടിയാണ് എല്ലാ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളും നിലകൊണ്ടത് എന്നതിൽ തർക്കമില്ല. ലിംഗപദവിക്കുള്ളിലെ ആധിപത്യ സ്വഭാവങ്ങളെയാണ് പാശ്ചാത്യ ഫെമിനിസം പ്രധാനമായും ചോദ്യം ചെയ്തത്. അടിച്ചമർത്തുന്നരീതിയിലുള്ള അധികാരഘടനയ്ക്കെതിരെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ജീവിതത്തിൽ തുല്യസ്ഥിതിക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ഫെമിനിസത്തിന്റെ ഭാഗമായി ലോകത്തുടനീളമുണ്ടായി. അതിന്റെ ഫലമായി വിദ്യാഭ്യാസസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും അധികാരഘടനയിലും മറ്റും തുല്യതനേടാൻ കഴിഞ്ഞിട്ടുമുണ്ട്. എങ്കിലും ലോകമെമ്പാടുമുള്ള സ്ത്രീജീവിതങ്ങൾ ഒറ്റ ചട്ടക്കൂടിൽ കാണാനാവില്ല. ഓരോ സമൂഹത്തിനും അതിന്റേതായ സാംസ്കാരികപാരമ്പര്യമാണുള്ളത്. ഈ തിരിച്ചറിവിൽ നിന്നുകൊണ്ട് ഇന്ത്യൻ സ്ത്രീജീവിതത്തിൽ നിലകൊള്ളുന്ന ലിംഗപദവിയുടെ സാമൂഹികശാസ്ത്രമെന്തെന്ന് കാണിച്ചുതന്നതാണ് ഷർമിള രഗെയുടെ പ്രാധാന്യം. ഇന്ത്യൻ സാമൂഹിക ഘടനയുടെ അടിസ്ഥാനധാരയായ ജാതി(caste) മുൻനിർത്തി ഇന്ത്യൻസ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് പഠിക്കുകയാണ് രഗെ ചെയ്തത്. പൂനെ സർവ്വകലാശാല ജെൻഡർ സ്റ്റഡീസ് വിഭാഗത്തിന്റെ ഭാഗമായ ക്രാന്തിജ്യോതി സാവിത്രീഭായി ഫൂലെ വിമൻസ് സ്റ്റഡീസ് സെന്ററിന്റെ ഡയറക്ടറായിരുന്നു രഗെ. ഇന്ത്യൻഫെമിനിസത്തിൽ ദളിത് സ്ത്രീവാദമെന്ന പുതിയ സൈദ്ധാന്തികപ്രായോഗികചിന്തയ്ക്ക് കാരണമായി എന്നതാണ് ഷർമ്മിള രഗെയുടെ കർമ്മങ്ങളുടെ ഫലം.

ജാതി ഒരു സാമൂഹികശാ



സ്ത്രവിഷയമായി പരിഗണിച്ച് ഇന്ത്യൻസമൂഹത്തിലെ ഒരു കേന്ദ്രവിഷയമാണെന്ന് തിരിച്ചറിഞ്ഞ് സമൂഹഘടന, സാമൂഹിക മാറ്റം എന്നിവ മുൻനിർത്തി ചിന്തിക്കുകയും ചെയ്തതാണ് രഗെയുടെ Writing Caste/ Writing Gender: Narrating Dalit Women's Testimonios(2006), Against The Madness of Manu: B.R. Ambedker's Writing on Brahmanical Patriarchy (2013) എന്നീ പുസ്തകങ്ങൾക്ക് അടിസ്ഥാനം. ആധുനിക ദേശ-രാഷ്ട്രത്തിന്റെ നിർമ്മിതിയിലും ഇന്ത്യൻ സ്ത്രീവാദപ്രസ്ഥാനത്തിലും അംബേദ്ക്കറുടെ പങ്കെന്തെന്ന് വിശദമാക്കാൻ ശ്രമിക്കുന്ന ദളിത് കാഴ്ചപ്പാടാണ് ഈ പുസ്തകങ്ങളുടെ കാതൽ. ബുദ്ധദർശനങ്ങൾ, ഇന്ത്യൻ ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം, ജ്യോതിബ ഫുലെയും അംബേദ്ക്കറും നടത്തിയ പ്രവർത്തനങ്ങൾ തുടങ്ങിയവ എങ്ങനെ ആധുനിക ഭാരതനിർമ്മാണത്തിനു സഹായിച്ചു എന്നത് മഹാരാഷ്ട്രയുടെ പ്രാദേശിക സാമൂഹിക സാംസ്കാരിക സൂക്ഷ്മവിശകലനങ്ങളിൽ വെളിപ്പെടുത്തുകയാണ് രഗെ ചെയ്തത്. ഇവരെല്ലാം ഇടം കൊണ്ട ആശയനിലപാടുകളുടെ പ്രാധാന്യം ഇന്ത്യൻസാമൂഹിക സാഹചര്യത്തിൽ രഗെ തിരിച്ചറിഞ്ഞു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആശയങ്ങളിൽ ദളിത്, ആദിവാസി,സ്ത്രീ സ്വത്വങ്ങളുടെ ഇടം എത്രത്തോളമുണ്ടെന്ന് അന്വേഷിക്കേണ്ടതായി രഗെ തിരിച്ചറിഞ്ഞു. അതിനുവേണ്ടി ഒരു ദളിത്നിലപാടിലുള്ള കാഴ്ചപ്പാട് (feminist-dalit standpoint) രൂപീകരിക്കുകയും നിരന്തരം അതിനായി എഴുതുകയും സംസാരിക്കുകയും പാഠ്യക്രമത്തിൽ ഉൾപ്പെടുത്തുകയും ബോധനരീതിതന്നെ മാറ്റിമറിക്കുകയും ചെയ്തു. ഗ്രാമീണതലത്തിൽ മാത്രം 'കാണാൻ' കഴിയുന്നത് എന്ന് ഇന്ത്യൻസാമൂഹികശാസ്ത്രം ഒതുക്കിയ ജാതി കേന്ദ്രമാക്കി 'dalit feminist standpoint theory' രൂപീകരിച്ചത് ഇന്ത്യൻസ്ത്രീവാദരാഷ്ട്രീയത്തിന്റെ ഗതി നിർണ്ണയിക്കുന്നതായി മാറി. സ്ത്രീവാദസംവാദങ്ങളിൽ വർഗ്ഗം (class), ജാതി (caste), പ്രാദേശികത (religion), ലൈംഗികത (sexuality) എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉയർന്നുവരാൻ ഇത് കാരണമായി.

Writing Caste/Writing Gender എല്ലാം സ്ത്രീകളും തമ്മിലുള്ള സഹോദരീത്വം (sisterhood) എന്നത് സ്ത്രീവാദത്തിന്റെ വിശാലാശയമാണ്. ഇന്ത്യയിലത് സാധ്യമാകണമെങ്കിൽ ലിംഗപദവിയില്ലാത്ത ജാതിയും ജാതിയില്ലാത്ത ലിംഗപദവിയും എന്ന സുസ്ഥിരവികസനത്തിനാണ് ലക്ഷ്യം വെയ്ക്കേണ്ടത് എന്ന് രഗെ വാദിച്ചു. അങ്ങനെ സ്ത്രീവാദചർച്ചകളിൽ പതിയെ ജാതി മുൻനിർത്തിയുള്ള സ്വത്വം (caste identity) കടന്നുവരാൻ തുടങ്ങി. ജാതിവിരുദ്ധപ്രക്ഷോഭം ദളിത്സത്രീയുടെ ഉത്തരവാദിത്തമെന്ന നിലയിൽ മാറുകയും ചെയ്തു. 1990നു ശേഷമുള്ള ഇന്ത്യയിലെ രാഷ്ട്രീയസാഹചര്യം ആ ചർച്ചകൾക്ക് ആക്കം കൂട്ടുകയും ചെയ്തു. ഏതായാലും ഷർമിള രഗെയുടെ ആശയങ്ങൾ ഒരേസമയം ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ സവർണ്ണസ്വഭാവത്തിനും ദളിത്പ്രസ്ഥാനത്തിന്റെ പുരുഷാധിപത്യത്തിനും മുന്നിൽ ചോദ്യങ്ങളുയർത്തി. സ്ത്രീവാദത്തിനുള്ളിൽ വ്യത്യസ്തരാഷ്ട്രീയനിലപാടായി ഇത് രൂപം കൊണ്ടു. ദളിത്നിലപാടിലുള്ള ഈ സ്ത്രീവാദ കാഴ്ചപ്പാടാണ് Writing Caste/ Writing Genderന്റെ രചനക്ക് കാരണമായത്. എങ്ങനെയാണ് ഒരു ദളിത് സ്ത്രീ മറ്റുസ്ത്രീകളുമായി ബന്ധപ്പെട്ടിരിക്കുന്നത്, എന്തൊക്കെ സാധ്യതകളാണ് അവർ തമ്മിലുള്ള ആന്തരികൈക്യത്തിനുള്ളത് എന്ന് ഈ പഠനം തെളിയിക്കുന്നു. മഹാരാഷ്ട്രയുടെ വിവിധപ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന എട്ട് ദളിത് സ്ത്രീകളുടെ ആത്മകഥാഖ്യാന

> **അധികാരബന്ധങ്ങളിൽ ജാതി-സമുദായങ്ങൾക്കുള്ള വ്യത്യസ്തതകൾ തിരിച്ചറിയുമ്പോഴാണ് അത് കർത്തൃത്വത്തെയും രാഷ്ട്രീയത്തെയും ബോധനരീതിയെയും മാറ്റിമറിക്കുന്നതെങ്ങനെയെന്ന് അറിയാൻ കഴിയുക.**

ങ്ങളാണ് സവിശേഷമായ ആഖ്യാനരീതിയിൽ ക്രമീകരിച്ച ഈ പുസ്തകത്തിലുള്ളത്. 1980 കൾക്കു ശേഷം മറാത്തി ഭാഷയിലിറങ്ങിയ എട്ടു ദളിത് സ്ത്രീകളുടെ ആത്മകഥകളുടെ ആഖ്യാനം, അവരാരാണെന്ന പരിചയപ്പെടുത്തൽ മുതൽ നടത്തുകയാണ് രഗെ ചെയ്യുന്നത്. പ്രധാനപ്പെട്ട സംഭാഷണഭാഗങ്ങൾ തർജ്ജമ ചെയ്തത് അതേപടി ചേർത്തിരിക്കുന്നു. (ദളിത് ആത്മകഥകളുടെ testimonio ഘടനയിൽ കുറവൊന്നും വരാതെ ഈ ഭാഗങ്ങൾ മറാത്തിയിൽ നിന്ന് ഇംഗ്ലീഷിലേക്ക് തർജമ ചെയ്തത് മായാ പണ്ഡിറ്റാണ്). 1900 മുതൽക്കുള്ള ഇന്ത്യൻദളിത് സ്ത്രീകളുടെ ജീവിതം, അംബേദ്ക്കറിനു മുമ്പുള്ള നാളുകളിലെ ദാരിദ്ര്യവും നിസ്സഹായതയും അംബേദ്ക്കറിന്റെ കാലത്തെ പ്രതിരോധവും മുന്നേറ്റവും അവക്ക് വിഷയമാണ്. ജാതീയമായ ഈ തിരിച്ചറിവ് അധ:പതനത്തിന്റെ ഭൂതകാലത്തെ മാത്രമല്ല ഓർമ്മിപ്പിക്കുന്നത്, അടിച്ചമർത്തപ്പെട്ടതും ഇന്നും നിലനിൽക്കുന്നതുമായ അസമത്വത്തിന്റെ രൂപങ്ങൾ ആധുനികസമൂഹത്തിൽ പുനരുല്പാദിപ്പിക്കുന്നത് കാണിച്ചുതരിക കൂടിയാണ്. ഈ തെളിവുകൾ മുൻനിർത്തിയാണ് വർഗ്ഗത്തിന്റെയും ലിംഗത്തിന്റെയും ചോദ്യങ്ങൾക്കൊപ്പം ജാതി കൂടി രാഷ്ട്രീയമായ ഒരനുഭവം എന്ന നിലയിൽ സ്ത്രീവാദം തിരിച്ചറിയേണ്ടതുണ്ട് എന്ന് രഗെ വാദിച്ചത്. ജനാധിപത്യത്തിനു വേണ്ടിയുള്ള സമരങ്ങൾക്കൊപ്പം, ജാതി-ന്യൂനപക്ഷപ്രശ്നങ്ങളുടെ ഉയർത്തെഴുന്നേൽപ് ബദൽ ആധുനികതക്കു വേണ്ടിയുള്ള പോരാട്ടം എന്ന നിലയിൽ 1990 കൾക്ക് ശേഷം ഇന്ത്യയിലുണ്ടായത് ശ്രദ്ധേയമാണ്.

അധികാരബന്ധങ്ങളിൽ ജാതി-സമുദായങ്ങൾക്കുള്ള വ്യത്യസ്തതകൾ തിരിച്ചറിയുമ്പോഴാണ് അത് കർത്തൃത്വത്തെയും രാഷ്ട്രീയത്തെയും ബോധനരീതിയെയും മാറ്റിമറിക്കുന്നതെങ്ങനെയെന്ന് അറിയാൻ കഴിയുക. ജാതീയമായി വേർതിരിക്കപ്പെടുന്ന അധികാരത്തിന്മേലുള്ള പ്രത്യേകാവകാശങ്ങൾ തിരിച്ചറിയുമ്പോഴാണ് വ്യക്തി എന്ന നിലയിൽ നമ്മിലുള്ള സംസ്കാരമെന്തെന്ന് ബോധ്യമാകുന്നത്. ഈ വെളിപാട് താനെത്രമാത്രം അക്രമകരമായ രീതിയിൽ പ്രാന്തവൽക്കരിക്കപ്പെട്ടതാണെന്ന തിരിച്ചറിവിലെത്തിക്കുന്നു. രഗെ അവതരിപ്പിക്കുന്ന testimonioകളിൽ ഈ തിരിച്ചറിവ് നേടിയ ദളിത് സ്ത്രീകളാണുള്ളത്. പുതിയ കൊളോണിയൽ മനോഭാവങ്ങൾ– നമ്മെ പോലെ സംസാരിക്കാനറിയില്ല, സംസ്കാരമില്ല, സാംസ്കാരികസംവാദങ്ങൾ മനസ്സിലാവില്ല– സാമൂഹികസ്ഥാപനങ്ങളിൽ ആചാരത്തിന്റെയും ചില ക്രമങ്ങളുടെയും കൈപ്പഴക്കങ്ങളുടെയും മട്ടിൽ ഉറഞ്ഞുകിടക്കുന്നത് കാണാം. അവ എന്തൊക്കെയാണ് ഏതൊക്കെ രീതിയിലാണ് ദളിത് സ്ത്രീക്ക് നിഷേധിക്കുന്നത്/നിരാകരിക്കുന്നത് എന്നു തിരിച്ചറിയുമ്പോൾ സമൂഹത്തിൽ ജാതിയുടെ നിലനിൽപ്പ് കണ്ടെത്താൻ കഴിയും. ഇത് വംശ (Race)വിരുദ്ധ/കറുത്ത(Black)/മൂന്നാം ലോക(Third World)-സ്ത്രീവാദത്തിന്റെ സിദ്ധാന്തങ്ങൾക്കും ഉൾക്കൊള്ളാൻ കഴിയുന്നതല്ല. കാരണം, പാശ്ചാത്യഫെമിനിസ്റ്റ് സിദ്ധാന്തങ്ങളിലെ ലിംഗപദവി/സ്ത്രീ പരികല്പനകൾ ഇന്ത്യൻസ്ത്രീയുടെ പ്രശ്നങ്ങളിലും ഇടങ്ങളിലും നിന്ന് തികച്ചും വിരുദ്ധമായ തലങ്ങളിലാണ് നിലകൊള്ളുന്നത്. ഇന്ത്യയിലെ വരേണ്യവർഗ്ഗസ്ത്രീയുടെ ആത്മകഥകളിലും പാരമ്പര്യം/ആധുനികത സംഘർഷമാണ് നിറഞ്ഞുനിൽക്കുന്നത്. ഈ വ്യത്യസ്തതയാണ് സ്വകാര്യഅനുഭവങ്ങളിൽനിന്നും പൊതുപ്രവർത്തനങ്ങളിൽ നിന്നും ജാതിവിരുദ്ധസമരങ്ങളിൽനിന്നുപോലും ലിംഗപദവിയും ജാതിയും വേർതിരിക്കേണ്ടതുണ്ട് എന്ന് നിലപാടിലേക്ക് രഗെയെ എത്തിച്ചത്. ഇന്ത്യൻസാമൂഹികയാഥാർത്ഥ്യം തിരിച്ചറിയാൻ ഇത്തരം ദളിത്പഠനങ്ങൾ ആവശ്യമാണ് എന്ന് Writing Cast/Writing Gender തെളിയിക്കുന്നു.

സങ്കീർണ്ണമായ ദൈനംദിനജീവിതാനുഭവങ്ങളാണ് ഈ ആത്മകഥാഖ്യാനങ്ങളിലുള്ളത്. കരച്ചിലിന്റെ, വെറുക്കപ്പെട്ട ഭൂതകാലത്തിന്റെ ആഖ്യാനങ്ങളായല്ല, മറിച്ച് അനീതിക്കെതിരെയുള്ള രോഷമാണ് അതിലുള്ളത്. രഗെ ഈ എഴുത്തിനായി തുനിയുമ്പോൾ ദളിത്തൊഴിലാളിസ്ത്രീയുടെ പ്രശ്നങ്ങൾ എങ്ങനെ പൊതുസമൂഹത്തിനു മുന്നിലെത്തിക്കാം എന്നതു മാത്രമായിരുന്നില്ല ലക്ഷ്യം. കീഴാളസ്ത്രീകളെ ബോധവൽക്കരിക്കാനും കൂടുതൽ ക്രിയാത്മകമായി തങ്ങളെത്തന്നെ അടയാളപ്പെടുത്താനും പ്രതിനിധാനം ചെയ്യാനും കഴിയുന്നതരത്തിൽ എങ്ങനെ ബോധന സമ്പ്രദായം ശക്തിപ്പെടുത്താനാവും എന്ന പ്രഥമലക്ഷ്യമാണ് ഒരു ഉന്നത വിദ്യാഭ്യാസസ്ഥാപനത്തിന്റെ ഡയരക്ടർ കൂടിയായ രഗെ ഈ ഗവേഷണത്തിൽ കണ്ടത്. അംബേദ്ക്കറിന്റെ വീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകി താഴെ/കീഴെ നിന്നുള്ള ചരിത്രമെ

ഴുത്തിന് അഥവാ ഇന്ത്യയിൽ ഒരു ദളിത് സാംസ്കാരികപഠന(dalit cultural studies)ത്തിന് ഇടം കണ്ടെത്തുക, ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്ന ഈ ദളിത് ജീവിതാഖ്യാനങ്ങൾ വഴി വംശവിരുദ്ധസ്ത്രീവാദ (anti-race feminism)ത്തിന് മുന്നിൽ ഒരു ഇന്ത്യൻമാതൃക അവതരിപ്പിക്കുക, ആത്യന്തികമായി ചരിത്രപരമായും രാഷ്ട്രീയമായും തള്ളിക്കളയാനാകാത്ത ഇന്ത്യൻജീവിതയാഥാർത്ഥ്യങ്ങൾ വെളിച്ചത്തുകൊണ്ടുവരിക എന്നിങ്ങനെ നിരവധി ലക്ഷ്യങ്ങൾ ഈ ഗവേഷണം സാധ്യമാക്കുന്നുണ്ട്. നിലവിലുള്ളതും അംഗീകൃതവുമായ ജ്ഞാനശേഖരത്തിൽ ചോദ്യങ്ങളുയർത്തുകയും കൂട്ടിച്ചേർക്കലാവശ്യപ്പെടുകയും ചെയ്യുന്ന അനുഭവമെഴുത്താണ് രഗെയുടെ പുസ്തകത്തിലൂടെ പുറംലോകത്തെത്തുന്നത്.

**ജീവിതത്തിന്റെ 'സാക്ഷ്യപത്ര'ങ്ങൾ**

ദളിത് സ്ത്രീയുടെ, എഴുതുക എന്നപ്രക്രിയയുടെയും ജീവിതാനുഭവങ്ങളുടെയും പ്രാധാന്യം നൂറോളം പുറങ്ങളിലായി ആദ്യ അധ്യായത്തിൽ ഷർമ്മിള രഗെ വിശദീകരിക്കുന്നുണ്ട്. എഴുത്തുകാരെ മഹത്വവൽക്കരിക്കുകയും ജീവിതസാഹചര്യങ്ങൾ കാല്പനികവൽക്കരിക്കുകയും സമൂഹികാനുഭവങ്ങളെ പുറംതള്ളി വ്യക്ത്യനുഭവങ്ങളെ ആഘോഷിക്കുകയും ചെയ്യുന്ന ആത്മകഥാഖ്യാനങ്ങളിൽ നിന്ന് ഭിന്നമാണ് ദളിത് സ്ത്രീയനുഭവങ്ങൾ. സാമൂഹികശാസ്ത്രപരമായി അവയിൽ ഒട്ടനവധി തെളിച്ചങ്ങളുണ്ട്. നിലവിലുള്ള രാഷ്ട്രീയബോധത്തെ കീഴ്മേൽമറിക്കുന്നതാണത്, അതേസമയം, നിലവിലുള്ള സൗന്ദര്യശാസ്ത്രത്തോട് ചേർന്ന്പോകണമെന്നില്ല താനും. വെറുക്കപ്പെട്ട ഭൂതകാലത്തിന്റെ ദുരനുഭവങ്ങൾ ഓർമ്മിപ്പിക്കലല്ല, മനുഷ്യസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകൾക്ക് ആവശ്യമായ തെളിവെടുക്കുക എന്ന ചരിത്രപരമായ ആവശ്യകതയാണത്. മാനവികതയ്ക്കു നേരെയുള്ള അതിക്രമങ്ങളിൽ നിന്നുള്ള മനുഷ്യസമുദായത്തിന്റെ മാറ്റത്തിനു കൂടി ഈ ആഖ്യാനങ്ങൾ ആഹ്വാനം ചെയ്യുന്നുണ്ട്. ദളിത് സമൂഹത്തിന് ഈ ആത്മകഥകൾ ഇന്നും അന്യമായിരിക്കാം. അവരുടെ ജീവിതലോകം വെളിപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് അവർക്കു തോന്നുന്നില്ല. ഇത്തരമൊരു പ്രതിനിധാനത്തിന്റെ ഉത്തേജനമില്ലാതെതന്നെ അവരുടെ പ്രതിരോധം എല്ലാ ദിവസവും അവർ തുടരുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. അതേസമയം, പൊതുസമൂഹത്തിന് മുന്നിൽ ജാത്യടിസ്ഥാനസമൂഹത്തിന്റെ അതിക്രമങ്ങളുടെ വിവരണങ്ങൾ ഓർമ്മകളുടെയും സ്വത്വത്തിന്റെയും അടയാളങ്ങളെന്ന നിലയിൽ വർത്തമാനകാലത്ത് ഔദ്യോഗികരേഖയെന്നപോലെ ഇവ നിലകൊള്ളുന്നു. താനാഗ്രഹിക്കാത്ത ഭൂതകാലം വർത്തമാനകാലത്തിലിട്ടുകൊടുക്കുമ്പോൾ അത് പ്രതിനിധാനത്തിന്റെ തികച്ചും ഋജുവും സ്വീകാര്യവുമായ വഴിയായി മാറുന്നു. ദളിതർക്കുവേണ്ടി അത് സ്വയം വാദിക്കുന്നു. ചരിത്രത്തിലെ തങ്ങളുടെ നിശ്ശബ്ദത ഇല്ലാതാക്കുകയും തെറ്റായ പ്രതിനിധാനങ്ങൾ തിരുത്താൻ സഹായിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഈ ജീവിതാഖ്യാനങ്ങൾ യഥാർത്ഥ testimonios ആണെന്ന് രഗെ വാദിക്കുന്നത്. അവയ്ക്ക് വ്യക്തിയിൽ നിന്ന് ചരിത്രത്തിലേക്ക്, മുന്നോട്ടും പിന്നോട്ടും ശരിയായ രീതിയിൽ സംസാരിക്കാൻ കഴിയും. ജാതീയമായ അടിച്ചമർത്തലുകൾ, പ്രക്ഷോഭങ്ങൾ, പ്രതിരോധങ്ങൾ എന്നിവയുടെ ചരിത്രത്തിലെ ഔദ്യോഗികമറവികൾക്ക് ഓർമ്മപ്പെടുത്തലും വിശദീകരണവും നൽകാനാവും. മനുഷ്യജീവിതലോകത്തിന്റെ പരിധികൾ ലംഘിക്കുകയും അതിർവരമ്പുകൾ വലിച്ചുനീട്ടുകയുമാണ് testimonio ചെയ്യുന്നത്.

മറാത്തി ഭാഷയിൽതന്നെ അമ്പത്തിരണ്ടോളം ദളിത്അനുഭവാഖ്യാനരൂപങ്ങൾ കണ്ടെടുക്കാൻ ഷർമിള രഗെയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അവ വ്യത്യസ്തമായ ഒരു സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ നിലകൊള്ളുന്നുവെന്ന നിരീക്ഷണമാണ് രഗെയ്ക്കുള്ളത്. വ്യക്തിയും സമൂഹവും തമ്മിലുള്ള ക്രിയാത്മകവും വൈരുദ്ധ്യാത്മകവുമായ ബന്ധം അവ വെളിപ്പെടുത്തുന്നുണ്ട്. ഒരാഖ്യാതാവ് ഇവയ്ക്കുണ്ടെങ്കിലും ഒരാളുടെ ശബ്ദമല്ല, വികാരമല്ല പുറത്തേക്കുവരുന്നത്. ഒരു സമൂഹത്തിന്റെ, സമുദായത്തിന്റെ ബോധമാണ് സംഘശബ്ദമെന്ന നിലയ്ക്ക് ഈ ആഖ്യാനങ്ങളിലൂടെ വിനിമയം ചെയ്യുന്നത്. ഒരാളുടെ താല്പര്യമല്ല അതിലുള്ളത്. സമൂഹത്തിന്റെ മുഴുവൻ അടിച്ചമർത്തലും തടവറയിലായ അവസ്ഥയും വിവരിക്കുമ്പോൾ എഴുത്തുകാർ എന്നത് സ്വസമൂഹത്തിന്റെ ഒരു വക്താവ് മാത്രമാണ്. വായനക്കാരെ വിധികല്പിക്കാനായി വിളിക്കാൻ സമൂഹം ഏല്പിച്ചതുപോലെയാണ് എഴുത്തിന്റെ രീതി. സ്വത്വത്തിലൂടെയും

സമൂഹത്തിന്റെ മുഴുവൻ അടിച്ചമർത്തലും തടവറയിലായ അവസ്ഥയും വിവരിക്കുമ്പോൾ എഴുത്തുകാർ എന്നത് സ്വസമൂഹത്തിന്റെ ഒരു വക്താവ് മാത്രമാണ്. വായനക്കാരെ വിധികല്പിക്കാനായി വിളിക്കാൻ സമൂഹം ഏല്പിച്ചതുപോലെയാണ് എഴുത്തിന്റെ രീതി.

ഓർമ്മകളിലൂടെയും പുനർജ്ജനിപ്പിക്കുന്നത് സാമൂഹികചരിത്രവും സാംസ്കാരികരീതികളുമാണ്. സ്വത്വമെന്നത് ഇവിടെ സമഷ്ടിയെക്കുറിച്ചുള്ള അംഗീകാരസ്വഭാവമുള്ള ഒന്നായി ആഖ്യാനത്തിൽ മാറുന്നു. അതിനുവേണ്ടി അവർ ഒരു വർഗ്ഗത്തിനു പൊതുവായ/ജാതീയമായ ആഖ്യാനസാധ്യതകൾ വികസിപ്പിക്കുകയും വായനയുടെ വ്യത്യസ്തവഴികളിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. വ്യക്തിവാദം കൊണ്ടുവന്ന 'ഞാൻ' എന്ന പദം ഇവിടെ സാമൂഹികസത്തയായി, ദളിത് സമുദായമായി മാറുന്നു. ആത്മകഥാഖ്യാനത്തിന്റെ വരേണ്യസ്വഭാവത്തെ വെല്ലുവിളിക്കുന്നതോടൊപ്പം ആഖ്യാനപരിധികൾ ബോധപൂർവ്വം മാറ്റിമറിച്ച് ഭൂതകാലസത്യം രേഖപ്പെടുത്തുന്ന സാക്ഷ്യപത്രങ്ങളായി വർത്തിക്കുന്നുവെന്ന് രഗെ തെളിയിക്കുന്നു. അതിലെ ജീവിതം സത്യത്തിന്റെ നേർരേഖകളായതുകൊണ്ടാണ് അവ testimonios ആയിത്തീരുന്നത്.

ഈ ആത്മകഥകളുടെ ഇംഗ്ലീഷ് വിവർത്തനത്തിന് നിരവധി സാമൂഹികരാഷ്ട്രീയ മാനങ്ങളുണ്ട്. പഠിച്ചതിന്റെയും മനസ്സിലാക്കിയതിന്റെയും നിലപാടുകളുടെയും രാഷ്ട്രീയത്തെ കുറിച്ചുള്ള ചിന്തകൾ വായനക്കാരിൽ നിറയാനിത് കാരണമാകുന്നുണ്ട്. ജാതിയുടെ പ്രത്യയശാസ്ത്രഘടനകൾ വെളിപ്പെടുത്തുന്ന അടിച്ചമർത്തലിന്റെ രേഖകളെന്ന നിലയിൽ ഇവ ദളിത് സമുദായത്തിന്റെ അപകർഷതാബോധത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും സവർണ്ണമാനസികാവസ്ഥയുള്ള വായനക്കാരിൽ പൂർവികരുടെ തെറ്റുകളെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രക്രിയകളിലെല്ലാം ലിംഗപദവിയുടെ സൂക്ഷ്മപ്രത്യയശാസ്ത്രങ്ങളുണ്ട് എന്ന തിരിച്ചറിവാണ് രഗെയുടെ ദളിത്ഫെമിനിസ്റ്റ് കാഴ്ചപ്പാടിന് കാരണമായത്. ദളിത് പുരുഷന്മാരുടെ ആത്മകഥകളും testimonios ആണ്. തലമുറകളനുഭവിച്ച ജാതീയമായ അടിച്ചമർത്തലിനെക്കുറിച്ചത് സംസാരിക്കുന്നുണ്ട്. ജാതിവിരുദ്ധസമരങ്ങൾ വർഗ്ഗസമരങ്ങളാണെന്ന് തെളിയിക്കുന്നുമുണ്ട്. എന്നാലവയിൽ പരാമർശിക്കുന്ന സ്ത്രീകളുടെ ജീവിതം ജാതിയുടെ ഇരകളായി ജീവിതം ബലിയാടാക്കുന്ന അമ്മയുടെയും ഭാര്യയുടെയുമാണ്. ഇത് ഏതുതരം സാമൂഹിക ചുറ്റുപാടിലും തുടരുന്ന പുരുഷാധിപത്യപ്രവണതകൾക്ക് ഉദാഹരണമാണ്. ഈ തിരിച്ചറിവാണ് ദളിത് സ്ത്രീ എന്നത് പ്രാധാന്യത്തോടെ കാണാൻ രഗെയെ പ്രേരിപ്പിച്ചത്. സ്ത്രീ നേരിടുന്ന അടിച്ചമർത്തലുകൾ ഫെമിനിസമെന്ന ആശയത്തിനു കാരണമായെങ്കിൽ ബ്ലാക്ക് ഫെമിനിസത്തിലത് ഇരട്ട ചൂഷണമായി തിരിച്ചറിഞ്ഞു. ജാതീയമായ പുറംതള്ളലും സ്വസമൂഹത്തിലെ പുരുഷാധിപത്യപ്രവണതയും ദാരിദ്ര്യവും അടങ്ങുന്ന മൂന്നാം ലോകപരിസരത്തിലെ സ്ത്രീ അനുഭവിക്കുന്ന ചൂഷണങ്ങൾ ഈ രണ്ടുതലങ്ങളെയും കവിഞ്ഞുനിൽക്കുന്നു. അതുകൊണ്ടുതന്നെ ദളിത്സ്ത്രീയനുഭവങ്ങൾ മറ്റുള്ളവയോടൊപ്പം ഒരേ രീതിയിൽ പങ്കുവെയ്ക്കാനോ സൈദ്ധാന്തികമായി നേരിടാനോ കഴിയില്ല.

ദളിത് സ്ത്രീയുടെ ജീവിതാഖ്യാനങ്ങൾ പൊതുമണ്ഡലത്തിലേക്കുവരുമ്പോൾ ജീവിതവിവരണങ്ങളെന്ന നിലയിൽ വ്യക്തിയുടെ ആശയവിനിമയത്തിനുള്ള നിയന്ത്രണത്തെക്കൂടി അത് വെല്ലുവിളിക്കുന്നുണ്ട്. ഒരു ദളിത് സ്ത്രീക്ക് വ്യത്യസ്തമായി ഓർക്കാനും എഴുതാനും എന്താണുള്ളത്? ഉണ്ടെങ്കിൽ തന്നെ അതെത്രത്തോളം ചരിത്രപരമാണ്? ദളിത് സ്ത്രീയുടെ സാമൂഹികഇടം അഥവാ ലിംഗപദവിയാണ് ഇവിടെ രഗെ പ്രശ്നവൽക്കരിക്കുന്നത്. സ്ത്രീപഠനത്തിന്റെ പാഠ്യപദ്ധതിയിൽ ജാതി പോലും പ്രധാനമല്ലാതിരിക്കുമ്പോഴാണ് ദളിത്സ്ത്രീ എന്നത് രഗെ മുന്നോട്ട് വെയ്ക്കുന്നത്. ഇത്തരം സ്ത്രീയനുഭവങ്ങളിൽ നിന്ന് സ്ത്രീസ്വത്വം (Women Identity) കണ്ടെടുക്കാൻ രഗെക്ക് കഴിയുന്നുണ്ട്. അതായത്, ജാതിയുടെ മാത്രം ഇരകൾ എന്ന നിലയിലല്ല ദളിത്സ്ത്രീകളുടെ testimonios നിലകൊള്ളുന്നത്. ആ എഴുത്തിന് കാരണമായി വർത്തിക്കുന്നത് വേദനയുടെയും തിരസ്കാരത്തിന്റെയും വൈവിധ്യ

ജാതീയമായ പുറംതള്ളലും സ്വസമൂഹത്തിലെ പുരുഷാധിപത്യപ്രവണതയും ദാരിദ്ര്യവും അടങ്ങുന്ന മൂന്നാംലോകപരിസരത്തിലെ സ്ത്രീ അനുഭവിക്കുന്ന ചൂഷണങ്ങൾ ഈ രണ്ടുതലങ്ങളെയും കവിഞ്ഞുനിൽക്കുന്നു. അതുകൊണ്ടുതന്നെ ദളിത് സ്ത്രീയനുഭവങ്ങൾ മറ്റുള്ളവയോടൊപ്പം ഒരേ രീതിയിൽ പങ്കുവെയ്ക്കാനോ സൈദ്ധാന്തികമായി നേരിടാനോ കഴിയില്ല.

മാർന്ന ജീവിതാനുഭവങ്ങളാണ്. ഈ സ്ത്രീകളുടെ ഓർമ്മകളിൽ ചിലപ്പോൾ ജാതിപോലും മറന്നു പോകുന്നു. എങ്ങനെയാണ് ദളിത് സ്ത്രീ പോരാടുകയും പുനർനിർവ്വചിക്കുകയും ചെയ്യുന്നതെന്നും അവരുടെ സാമൂഹികപദവിയെക്കുറിച്ചുള്ള ഉന്നതവർഗ്ഗനിലപാടുകളെന്തെന്നും ഈ ആഖ്യാനങ്ങൾ തെളിവ് നൽകുന്നുണ്ട്. ഒപ്പം, ദളിത് സ്ത്രീസാമൂഹികപദവിയെക്കുറിച്ചുള്ള സ്വസമുദായത്തിന്റെ നിലപാടുകളും അവ രേഖപ്പെടുത്തുന്നു. അതേസമയം ദളിത്പുരുഷഎഴുത്തുകളിൽ പുരുഷനെ മാത്രമാണ് കാണുന്നത്. അതുകൊണ്ടുതന്നെ ജാതിയുടെ മാത്രം ഇരയായി ദളിത്സ്ത്രീയെ കാണരുത് എന്ന് രഗെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. ആദ്യകാലനരവംശശാസ്ത്രത്തിന്റെ നോട്ടത്തിലൂടെയും കാണരുത്. (അവിടെ സ്ത്രീ ഒരു പരിഗണനാവിഷയമേയല്ല.) ഇവിടെയാണ് ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ പ്രാധാന്യമെന്ന് രഗെ വ്യക്തമാക്കുന്നത്. ഫെമിനിസത്തിൽ ദളിത് സ്ത്രീസ്വത്വം രണ്ടു തരത്തിൽ പഠിക്കാവുന്നതാണ്. ദളിത് സ്ത്രീയെ വ്യത്യസ്തമായി കണ്ട് വ്യത്യസ്തമായി പഠനവിധേയമാക്കാം. അല്ലെങ്കിൽ ദളിത് സ്ത്രീയെ വ്യത്യസ്തമായി കണ്ട് മറ്റു സ്ത്രീകളോടൊപ്പം സമമായി പഠിക്കാം. ഇത് സാമൂഹികമായ ഇടം, അനുഭവം, ചരിത്രം എന്നതിന്റെ വെളിച്ചത്തിലാണ് മനസ്സിലാക്കേണ്ടത്.

ചരിത്രത്തിന്റെ പുനർനിർണ്ണയനത്തിലൂടെയാണ് ഫെമിനിസം ദളിത്ഫെമിനിസത്തിലേക്ക് പുനർനിർവചിക്കപ്പെടുന്നത്. ചരിത്രമെഴുത്തിന്റെ സ്ഥാപനരൂപങ്ങളെ പൊളിച്ചെഴുതാൻ പ്രേരിപ്പിക്കുകയും കൂടുതൽ അന്വേഷണം ആവശ്യപ്പെടുകയും ചെയ്യുന്നു. ദേശരാഷ്ട്രനിർമ്മിതിയിൽ മറന്നുപോയ ജാതിഅസമത്വങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുകയും രാഷ്ട്രത്തിന്റെ ആധുനികീകരണത്തിന്റെ രാഷ്ട്രീയത്തെ പൊളിച്ചുകാട്ടുകയും ചെയ്യുന്നു. ഇത്തരം ആഖ്യാനങ്ങളുടെ ചരിത്രപരമായ വസ്തുനിഷ്ഠത ദളിത്, സ്ത്രീ പോരാട്ടങ്ങളെ രാഷ്ട്രത്തിന്റെ ജനാധിപത്യസമരങ്ങളുടെ ഭാഗമായി കാണേണ്ടതുണ്ട് എന്നതാണെന്ന് രഗെ ഓർമ്മിപ്പിക്കുന്നു. ദേശത്തിന്റെ ചരിത്രത്തെ വെല്ലുവിളിക്കുന്നതോടൊപ്പം സ്ത്രീപ്രസ്ഥാനത്തിലും ദളിത് സ്ത്രീ testimonios ചോദ്യങ്ങളുയർത്തുന്നുണ്ട്. ചില തരത്തിലുള്ള അടിച്ചമർത്തലുകൾ എല്ലാ ദളിത്സ്ത്രീകളും നേരിടുന്നുണ്ട്. മഹാരാഷ്ട്രയിലെ വ്യത്യസ്ത സ്ഥലങ്ങളിലെ വ്യത്യസ്തസമുദായങ്ങളെ പ്രതിനിധീകരിക്കുന്ന സ്ത്രീകളുടെ testimonios ആണ് രഗെ പഠനവിധേയമാക്കിയത്. അതിലൂടെ ഓരോ ദളിത് പ്രസ്ഥാനത്തിന്റെയും സമൂഹത്തിന്റെയും പോരാട്ടത്തിന്റെയും അവയുടെ പ്രദേശം, സമുദായം, പ്രത്യയശാസ്ത്രപരമായ നിലപാടുകൾ എന്നിവയനുസരിച്ച് വ്യത്യസ്തമായിരിക്കും എന്ന് തെളിയിക്കുന്നു. ദളിത്/സ്ത്രീ സമുദായത്തെ ഏകമുഖമായി കാണാനുള്ള പൊതുപ്രവണതയ്ക്ക് ഈ വിശദീകരണത്തിലൂടെ രഗെ തടയിടുകയും ദളിത്സ്ത്രീയുടെ വ്യത്യസ്തതകളെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ജാതി/ലിംഗപദവിസ്വത്വം വേർതിരിച്ചെടുക്കുന്നതിന്റെ സങ്കീർണ്ണവഴികൾ കാണിച്ചുതരികയാണ് Writing Caste/Writing Gender[2] ചെയ്തത്. മുഖ്യധാരാഫെമിനിസത്തിന്റെ ആശയങ്ങൾക്ക് കണ്ണടയ്ക്കാനാവുന്നതായിരുന്നില്ല രഗെയുടെ നിരീക്ഷണങ്ങൾ.

**ദേശത്തിന്റെ ചരിത്രത്തെ വെല്ലുവിളിക്കുന്നതോടൊപ്പം സ്ത്രീപ്രസ്ഥാനത്തിലും ദളിത് സ്ത്രീ testimonios ചോദ്യങ്ങളുയർത്തുന്നുണ്ട്. ചിലതരത്തിലുള്ള അടിച്ചമർത്തലുകൾ എല്ലാ ദളിത്സ്ത്രീകളും നേരിടുന്നുണ്ട്.**

കുറിപ്പുകൾ

1. “A testimonio is a narrative in book or palmphlet form, told in the first person by a narrator who is also a real protagonist or witness of the events he or she recounts and whose unit of narration is usually a 'life' or significant life experience” John Beverley 1992 'The Margin at the Centre: On Testimonio(Testimoniol Narrative)' in Smith and Watson (Ed). De/Colonising the Subject: The Politics of Gender in Autobiography. University of Minnesota Press, (p. 92-93) അമേരിക്കയിലെ തദ്ദേശിയർ (Native Americans), അടിമകൾ (Slaves), എന്നിവർക്കിടയിൽ അനുഭവാഖ്യാനങ്ങളെന്ന നിലയിൽ നിരവധി രേഖകൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇവയിൽ Spanish Testimonios പ്രധാനപ്പെട്ടതാണ്.

2. Sharmila Rege Writing Caste/Writing Gender: Narrating Dalit Women's Testimonios(2006), Zubaan, New Delhi, 2013.



ഡോ.സജിത കിഴിനിപ്പുറത്ത്

# സ്ത്രീ ആത്മം ആത്മകഥ



**സീ** ഷനഗോൺ എന്ന ജപ്പാൻകാരി 11-ാം ശതകത്തിൽ തലയണപ്പുസ്തകത്തിൽ (The Pillow Book) ഒളിച്ചു വച്ച പെണ്ണിലെ ആത്മം (Self) ഇപ്പോൾ വലിയ അളവിൽ പ്രത്യക്ഷമാണ്. ആണോടൊപ്പം നിൽക്കാനും ആണിൽ നിന്ന് വ്യത്യസ്തയാവാനും പിന്നെ സ്വയം നിർമ്മിക്കാനും പെണ്ണിടങ്ങൾ ഇന്ന് മധ്യവർഗ്ഗ സമൂഹത്തിലെങ്കിലും വലിയ തോതിൽ സാധ്യമായിട്ടുണ്ട്. കുടുംബം എന്ന സ്ഥാപനത്തിനുള്ളിലെ അടിമത്തം ഏറെക്കുറെ ഇന്ന് ചർച്ചയ്ക്ക് വിധേയമായി ക്കഴിഞ്ഞിട്ടുണ്ട്. സ്റ്റുവർട്ട് മില്ലിന്റെ (Subjugation of Woman 1816) 'കുടുംബിനികളൊഴികെ ഇപ്പോഴാരും നിയമപരമായി അടിമകളായി അവശേഷിക്കുന്നില്ല'എന്ന പ്രസ്താവനയ്ക്ക് ശേഷം രണ്ടുനൂറ്റാണ്ടു കടന്നുപോയിരിക്കുന്നു.

കോളറക്കാലത്തെ പ്രണയത്തിൽ മാർകേസ് എഴുതിയ ഒരു വിധവയുടെ ജീവിതസന്ദർഭമുണ്ട്,

ഒരു വിധവയുടെ പരിശുദ്ധജീവിതം നയിച്ചിരുന്ന സ്ത്രീ കപ്പലിൽ വച്ച് കപ്പിത്താനാൽ ബലാത്സംഗം ചെയ്യപ്പെടുന്നു. വർഷങ്ങൾക്കു ശേഷം അവർ വീണ്ടും കണ്ടുമുട്ടുന്നു. അപ്പോൾ അവർ പറഞ്ഞത് ഇങ്ങനെ:

I adore you because you made me a wore"

ആത്മത്തിന്റെ പ്രത്യക്ഷങ്ങൾ എങ്ങനെയായിരിക്കും എന്ന് കുടുംബ സ്ത്രീയുടെ പാരമ്പര്യ ജീവിതം വച്ച് നമുക്ക് നിർവചിക്കാൻ കഴിയില്ല എന്നർത്ഥം.

അത് സ്വന്തമായി മുറി വേണമെന്നാവാം, അഭിപ്രായം വേണമെന്നാവാം. ആത്മപ്രകാശനത്തിനുള്ള ഇടം വേണമെന്നാവാം. കുറിയേടത്ത് താത്രിയെപ്പോലെ ലൈംഗികതയിലെ കപട സദാചാരത്തെ പിഴുതുകളഞ്ഞ സ്ഫോടനാത്മകമായ വെളിപ്പെടുത്തലുകളായാവാം. മറ്റൊരു വീടു വേണം എന്ന തോന്നൽ പോലുമാവാം.

നോക്കൂ! കെ.ചിന്നമ്മുവിന്റെ ആത്മകഥയിൽ (1947) പറയുന്ന ഒരു കാര്യമുണ്ട്.

'ഹിന്ദുമഹിളാ മന്ദിരത്തിന്റെ ഭാരം കേവലം തന്റെ ചുമലിൽ ത്തന്നെ താങ്ങേണ്ടി വന്നതു മുതൽ വീട്ടുകാര്യങ്ങളിൽ കഥാനായിക കാണിച്ച അനാസ്ഥയെ കണ്ടിട്ട് "നിങ്ങൾ സ്വന്തം ഭവനം മറന്നതുപോലെ തോന്നുന്നു അല്ലേ" എന്ന് ബന്ധു ചോദിച്ചപ്പോൾ " അതെ എന്റെ വ്യക്തിത്വത്തിന് എനിക്ക് ഒരു സ്വന്തം വീടു വേണ്ട" എന്നാണവർ പറഞ്ഞത്.

ആത്മത്തെ അന്യമായി കാണുന്നതിലൂടെ സ്വയം ആവിഷ്കരിക്കാൻ കഴിയും "എന്റെ കഥ"യിൽ മാധവിക്കുട്ടി ആത്മത്തെ "Illusionise" ചെയ്തത് പ്രസിദ്ധമാണല്ലോ.

സ്ത്രീകളുടെ സാഹിത്യം പൊതുവിൽ ആത്മകഥാപരമാണെന്ന ഒരഭിപ്രായം നിലവിലുണ്ട

ല്ലോ. അത്തരം ഗാർഹികവൽക്കരണങ്ങളെ കുടഞ്ഞു കളയുന്നതായിരുന്നു ഈ "ഇല്യൂഷൻ". പുരുഷന്റെ സദാചാരച്ചുവരുകൾക്കുള്ളിലല്ല ആ ആത്മം പ്രവർത്തിച്ചത്. അപ്പപ്പോൾ മാറ്റിപ്പറഞ്ഞ് ഈ അനുഭവത്തെ അവർ കൂടുതൽ ക്കൂടുതൽ ഭ്രമാത്മകമാക്കി.

ഒരു സ്ത്രീയുടെ ജീവിതം അനന്തമായ ശൈഥില്യങ്ങൾ കൊണ്ടാണ് നിർമ്മിക്കപ്പെട്ടതെന്നതു കൊണ്ടാവാം, സ്ത്രീകൾ തന്നിൽ നിന്ന് അകലാൻ ശ്രമിക്കുന്നത്. സ്വന്തം വീട്, ഭർത്താവിന്റെ വീട്, മക്കളുടെ വീട് എന്നിങ്ങനെ അത് അനിശ്ചിതത്ത്വങ്ങളുടെ നീണ്ടകഥയാണ് "പാൽച്ചിരി കണ്ടതു മൃതിയെ മറന്നു സുഖിച്ചേ പോകും" എന്നമട്ടിൽ പകർന്നാടുന്നു അത്. അവിടെ ആത്മം നിശ്ചലതയിൽ വാൾഡൻ തടാകം പോലെ -

തന്നിലേക്കുള്ള ഏറ്റവും എളുപ്പമുള്ള പാത അന്യനിലൂടെയാണെന്ന ഒരു കാഴ്ച സ്ത്രീകൾ സ്വീകരിക്കുന്നുണ്ട്. അതൊരുപക്ഷേ ഒരു പുരുഷന്റെ നോട്ടക്കോണല്ല. താൻ തന്നെക്കാണുന്നത് മറ്റൊരാളായാണെങ്കിൽ ഒരു സൗന്ദര്യാത്മകമായ അകലം (aesthetic distance) സാധ്യമാകുന്നുവെന്ന കാവ്യനിതീ മാത്രമല്ല അത്. മറിച്ച് അപരത്താൽ നിർമ്മിക്കപ്പെട്ട സ്വത്വത്തിന്റെ പരിശോധന കൂടിയായിരിക്കാം അത്.

അത്തരമൊരു സ്ഥാനമാറ്റത്തിന്റെ സാധ്യത ഉപയോഗിച്ചാണ് ലളിതാംബിക അന്തർജനം "ആത്മകഥക്കൊരാമുഖം" (1979) എന്ന ആത്മകഥ ആഖ്യാനം ചെയ്തത്.

അവർ എഴുതുന്നു:"ഈ ലേഖനത്തിൽ ഞാൻ എന്ന് എഴുതേണ്ടിടത്തെല്ലാം അവൾ എന്ന് എഴുതിപ്പോവുന്നത് നിങ്ങൾ ക്ഷമിക്കണം. സമഗ്രമായ ഒരു ജീവിതദർശനത്തിന് ആ മാറ്റം സഹായകമാവുമല്ലോ,".

എന്നാണീ മാറ്റത്തെ അവർ സ്ഥാനപ്പെടുത്തിയത്.

"അന്തർജനങ്ങളുടെ പേരുവെച്ച് എഴുതുന്നതെല്ലാം പുരുഷന്മാരാണെന്നു" പലതവണ ലളിതാംബിക പഴികേട്ടിട്ടുണ്ട്.

**ഭാവനയ്ക്കും ആത്മത്തിനുമിടയിൽ എവിടെയോ ആണ് സ്ത്രീജീവിതം എന്ന് സത്രീകളുടെ ആത്മകഥകൾ പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്നു. "ഒരു റവന്യൂസ്റ്റാമ്പിന്റെ മറുപുറത്തെഴുതാവുന്നതാണ് സ്ത്രീജീവിതം" എന്ന് അമൃതാപ്രീതം പരിഹസിക്കപ്പെട്ടത് ഇതുകൊണ്ടു കൂടിയാവണം.**

ഭാവനക്കും ആത്മത്തിനുമിടയിൽ എവിടെയോ ആണ് സ്ത്രീജീവിതം എന്ന് സത്രീകളുടെ ആത്മകഥകൾ പ്രകാശിപ്പിച്ചു കൊണ്ടിരിക്കുന്നു. "ഒരു റവന്യൂസ്റ്റാമ്പിന്റെ മറുപുറത്തെഴുതാവുന്നതാണ് സ്ത്രീജീവിതം" എന്ന് അമൃതാപ്രീതം പരിഹസിക്കപ്പെട്ടത് ഇതുകൊണ്ടു കൂടിയാവണം. അവർ ആ പരിഹാസം തന്നെ ആത്മബലമാക്കിയെടുത്ത് "റവന്യൂ സ്റ്റാമ്പ്" എന്ന ആത്മകഥയെഴുതിയെന്നത് മറ്റൊരു ചരിത്രം.

സ്ത്രീജീവിതം പകുതിയും ഭാവനകളാണ്. മറക്കുടയ്ക്കുള്ളിൽ ജീവിച്ചവരും കുടുംബത്തിന്റെ ഇരുട്ടറകളിൽ ജീവിച്ചവരും വൂ താവോസു സ്വന്തം ചിത്രത്തിലെ ക്ഷേത്ര വാതിൽ തുറന്നു പോയതു പോലെ അസ്വാതന്ത്ര്യത്തിന്റെ മഹാനരകങ്ങളിൽ നിന്ന് പുറം ലോകത്തേക്ക് ഭ്രമാത്മകമായി കടന്നുപോയി. അങ്ങനെ ആത്മം സ്ത്രീ ആത്മകഥകളിൽ പ്രശ്നഭരിതമായിത്തീർന്നു. നടന്നുതീർന്ന വഴികളിലല്ല നടക്കുമ്പോൾ തന്നിലുണ്ടായിരുന്ന സ്വപ്നങ്ങളിലൂടെയാണ് അവർ ആത്മകഥകളിൽ നടക്കുന്നത്. അതിനാൽ സ്ത്രീ ആത്മകഥകളിൽ ഓർമ്മകൾക്ക് വലിയ പ്രാധാന്യം കാണുന്നു. ഓർമ്മകൾ ഒരു തരം വീണ്ടെടുക്കലാണ്. അത് യാഥാർത്ഥ്യമല്ല യാഥാർത്ഥ്യത്തിന്റെ ആഗ്രഹരൂപങ്ങളാണ്. മാർകേസിന്റെ ഓർമ്മകൾ എത്രമേൽ മാജിക്കലായിരുന്നുവെന്നോർക്കുമ്പോൾ ഇത് വെളിപ്പെട്ടുകിട്ടും.

1930-കൾ തൊട്ട് ചെറുകഥയിൽ സജീവമായിരുന്ന ലളിതാംബിക അന്തർജ്ജനം തനിക്ക് പരിചിതമായ സ്ത്രീ ലോകത്തിന്റെ വേദനകളും അവയ്ക്കെതിരെയുള്ള അമർഷങ്ങളുമാണ് ഏറെയും രചനാവിഷയമാക്കിയത്. 'ആത്മകഥയ്ക്ക് ഒരു ആമുഖം' എന്ന ആത്മകഥയും അതിൽ നിന്ന് വ്യത്യസ്തമല്ല. അവരുടെ ഓർമ്മകളിൽ 'ഞാൻ' ഇല്ല 'അവൾ' ആണുള്ളത്. താൻ ഓർമ്മകളുടെ വംശാവലീചരിത്രത്തിൽ വിലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്നർത്ഥം. അനുഭവവും അതുപോലെ തന്നെ. 'ഒരു കാഥികയുടെ അനുഭവപാഠങ്ങൾ' എന്ന ഭാഗത്ത് തന്റെ രചനാ ലോകത്തെ വിശദീകരിക്കാൻ തുടങ്ങിയിട്ട് രചനാരംഗം സ്ത്രീക്ക് എങ്ങനെ അന്യമായിത്തീർന്നു എന്ന ചർച്ചയിലാണ് അവർ എത്തിച്ചേരുന്നത്. 'സ്ത്രീകൾക്കു സ്ത്രീ എന്ന വർഗ്ഗണനയല്ലാതെ മറ്റൊന്നും എന്റെ ദൃഷ്ടിയിലില്ല' എന്നവർ എഴുതുന്നു. "ചേട്ടന്റെ നിഴലിൽ" നിന്നും മാറി നടക്കുകയെന്നത് കേരളീയ ചരിത്രത്തിൽ അത്യന്തം പ്രധാനമാണ്. പുരുഷനോടു ചേർന്നുള്ള ആത്മകഥാ രൂപങ്ങളിൽ നിന്ന് ആത്മത്തെ വിഘടിപ്പിച്ചെടുക്കുകയെന്നത് അതിനേക്കാൾ സാഹസികമായ പ്രവൃത്തിയാണ്. വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കുള്ള പ്രയാണത്തിന്റെ ആദ്യപടിയാണത്. മാധവിക്കുട്ടി

*ശേഷം പേജ് 60 ൽ*



# സർഗ്ഗാത്മക പരീക്ഷകൾ



ജിസ ജോസ്

**We** are born in illusions, brought up in illusions. And there why can't we be connected by illusions"? (കെ.സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ: പുറം:51)

സ്വന്തം ജീവിതത്തെ അടയാളപ്പെടുത്താൻ, നിത്യസംഭവങ്ങൾ വിസ്മൃതമാവാത്ത വിധം രേഖപ്പെടുത്താൻ ഉള്ള ഏറ്റവും കണിശമായ വ്യവഹാരരൂപമാണ് ഡയറിക്കുറിപ്പുകൾ. പരസ്യപ്പെടാനോ പരസ്യപ്പെടുത്താനോ ആഗ്രഹിക്കാതെ എഴുതുന്ന ദിനസരിക്കുറിപ്പുകൾ അങ്ങേയറ്റം സ്വകാര്യവും സത്യസന്ധവുമായിരിക്കും.

1973 ഫെബ്രുവരി 8 മുതൽ 1975 നവംബർ 10 വരെയുള്ള കാലത്താണ് സരസ്വതിയമ്മ തന്റെ ജീവിതത്തെ അല്പമെങ്കിലും ഡയറിക്കുറിപ്പുകളിലൂടെ പരസ്യപ്പെടുത്തുന്നത്. 1938 മുതൽ 1958 വരെ സജീവമായി സാഹിത്യരംഗത്തുണ്ടായിരുന്ന സരസ്വതിയമ്മ പിന്നീടുള്ള വർഷങ്ങളിൽ നിശ്ശബ്ദയായി. അപൂർവ്വമായ ചില അഭിമുഖങ്ങളിലും ഡയറിക്കുറിപ്പുകളിലുമാണ് ഈ റൈറ്റേഴ്സ് ബ്ലോക്കിന്റെ പിന്നിലുള്ള കാരണങ്ങളെക്കുറിച്ച് നിഗൂഢമായ സൂചനകളുള്ളത്.

സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ 1973 മുതൽ 75 വരെയുള്ള ദിവസങ്ങളുടെ രേഖീയമായ ആവിഷ്കാരമല്ല. ജനനം മുതൽക്കുള്ള സംഭവങ്ങൾ കൃത്യമായി സംഗ്രഹിച്ചിരിക്കുന്ന ഒരു ജീവിതരേഖകൂടിയാണ്. സാഹിത്യജീവിതത്തെക്കുറിച്ചോ എഴുത്തിനെക്കുറിച്ചോ കാര്യമായ പരാമർശങ്ങളൊന്നുമില്ലാതെ, ഈ രണ്ടരവർഷക്കാലം അവർ തന്റെ വ്യക്തിപരമായ അനുഭവങ്ങളും മനോവ്യഥകളും

സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ 1973 മുതൽ 75 വരെയുള്ള ദിവസങ്ങളുടെ രേഖീയമായ ആവിഷ്കാരമല്ല. ജനനം മുതൽക്കുള്ള സംഭവങ്ങൾ കൃത്യമായി സംഗ്രഹിച്ചിരിക്കുന്ന ഒരു ജീവിതരേഖകൂടിയാണ്.

ആനന്ദങ്ങളും ഡയറിയിൽ പകർത്തുന്നു. അശാന്തമായ തന്റെ ജീവിതം, ലോകമറിയണ മെന്ന ബോധപൂർവ്വമായ ആഗ്രഹ ത്തോടെയാണോ ഈ ഡയറിക്കു റിപ്പുകളുടെ രചനയെന്നറിയാനാ വില്ല. പക്ഷേ സാഹിത്യസൃഷ്ടിക ളിൽ നിന്ന് വായിച്ചെടുക്കാനാവാ ത്തവിധം ഏകാകിനിയും ദു:ഖിത യുമായിരുന്നു എഴുത്തുകാരി യെന്നു ഡയറിയുടെ ഓരോ പുറവും കാണിച്ചുതരുന്നു.

എന്നാൽ തന്റെ കുടുംബപ്ര ശ്നങ്ങളോ, തുടരെ സംഭവിച്ചു കൊണ്ടിരുന്ന ദുരന്തങ്ങളോ പകർത്തി കണ്ണീരൊഴുക്കുകയല്ല സരസ്വതിയമ്മ. സ്വകാര്യമായ ആത്മാവിഷ്കാരമായിരുന്നിട്ടു കൂടി അങ്ങേയറ്റം മിതത്വത്തോ ടെ, ചിലപ്പോഴെങ്കിലും നിർമ്മമത യോടെ സങ്കീർണ്ണമായ തന്റെ ജീവിതത്തെ കാണുകയാണ് അവർ. വ്യക്തിപരതയെ അതി ലംഘിക്കുന്ന വിധത്തിൽ സമർത്ഥമായ ശില്പകൗശല ത്തോടെ അതിനെ പകർത്തു കയും ചെയ്യുന്നു. അനുഭവങ്ങ ളോടുള്ള വിദൂരവൽക്കരണം, ഓരോ സംഭവവും താൻ കൂടി ഉൾപ്പെട്ടതാണെങ്കിലും അതിൽ നിന്നുള്ള വിച്ഛേദം ഇവയൊന്നും ഡയറിക്കുറിപ്പുകളുടെ സാധാരണ സ്വഭാവമല്ല. പക്ഷേ സരസ്വതി യമ്മ തന്റെ ഡയറിക്കുറിപ്പുകൾക്ക് സുദൃഢവും സുവ്യക്തവുമായ രൂപഘടന നൽകുകയും സ്വയം അതിൽ നിന്നകന്നു നിന്ന് അതിനെ നിർവൈയക്തികമാക്കു കയും ചെയ്തിരിക്കുന്നു. സങ്കീർണ്ണമായ ആഖ്യാനസ്ഥലി കളും മൂർച്ചയേറിയ വ്യംഗ്യവും നിഗൂഢമായ ഹാസ്യവും അവ രുടെ ഡയറിക്കുറിപ്പുകളെ അപൂർവ്വമായൊരു സാഹിത്യ ശില്പം തന്നെയാക്കി മാറ്റുന്നു. ആത്മപ്രകാശനവും ആത്മാവി ഷ്കാരവും ഇവിടെ ഒരേസമയം സാധ്യമാവുകയാണ്. എഴുത്തു കാരി സ്വയം കഥാപാത്രമായി മാറുന്ന പുന:സൃഷ്ടി.

1973, ഫെബ്രുവരി 8നു ജാത കക്കുറിപ്പിനു താഴെ ആരംഭി ക്കുന്ന ഡയറിക്കുറിപ്പുകളിലെല്ലാം നിലീനമായ ആത്മവിച്ഛേദവും ആത്മപ്രകാശനവും ഒരുമിച്ചു കാണാം.

അഞ്ചാം വയസ്സിൽ കാതുകു ത്ത്. കമ്പിക്കാലുള്ള പൊട്ടു കമ്മൽ..... എഴുതി വെയ്ക്കാൻ അച്ഛൻ തന്ന ബുക്ക്.... അച്ഛൻ തന്ന കൊച്ചുബുക്കിൽ സഹോദ രികളുടെ ദ്രോഹങ്ങൾ എഴുതിവെ യ്ക്കാൻ വേണ്ടി...... മയിൽപ്പീലി പേജുകൾക്കിടയിൽവെച്ചു പ്രസ വിപ്പിക്കൽ, മുറിവിനു നരച്ചപ്പച്ച, കണ്ണുനോവിനു മൂത്രം.....

ഡയറിക്കുറിപ്പുകളുടെ ആദ്യ ഭാഗങ്ങൾ ഗൃഹാതുരത്വം കൊണ്ടും കാല്പനികമായ ശില്പാത്മകത കൊണ്ടും സവി ശേഷം രമണീയമാവുന്നു. ദൃശ്യ ശ്രവ്യഘ്രാണ സ്പർശ രുചി ബിംബങ്ങൾ ആവർത്തിച്ചുവരു ന്നുമുണ്ട്. ബാല്യകാലത്തിന്റേതു മാത്രമായ സൗന്ദര്യവും ഊഷ്മള തയും ആ ഓർമ്മക്കുറിപ്പുകളെ ശ്രദ്ധേയമാക്കുന്നു. അച്ഛനുമായി ബന്ധപ്പെട്ട ഓർമ്മകളിൽ എഴു ത്തുകാരി അനുഭവിച്ച സ്നേഹവും സുരക്ഷിതത്വവും എടുത്തുപറയേണ്ടതാണ്. അച്ഛനു മമ്മയും തമ്മിലുള്ള ദാമ്പത്യ ബന്ധം അത്രയൊന്നും വിശ്വസ്ത മായിരുന്നില്ലെന്ന സൂചനകൾ പില്ക്കാലത്തുള്ള കുറിപ്പുകളിൽ നിന്നു വായിച്ചെടുക്കാമെങ്കിലും സരസ്വതിയമ്മ അച്ഛനിൽ കണ്ടത് ഉറച്ച ഒരഭയസ്ഥാനമായിരുന്നു. അച്ഛനുള്ളപ്പോൾ കിട്ടിയിരുന്ന സവിശേഷ പരിഗണനകൾ, അച്ഛനെ കാത്തിരിക്കൽ, അച്ഛ നോടൊപ്പം സോഫയിൽ കിട ന്നുള്ള കഥപറച്ചിൽ, അച്ഛന്റെ കുടുമ കെട്ടി പൂചൂടിക്കൽ..., ഇത്തരം അനുഭവങ്ങൾ സരസ്വതി യമ്മയെ ആഴത്തിൽ സ്പർശിച്ചി രുന്നു. അസ്വസ്ഥതകളുടെയും സോദരവിദ്വേഷത്തിന്റെയും നീറ്റൽ മായ്ച്ചു കളയുന്ന വാൽസ ല്യം. അമ്മയോട് ഇങ്ങനെയൊരു മമതയോ ആശ്രിതത്വമോ ഉണ്ടാ യിരുന്നില്ലെന്നതും ശ്രദ്ധേയമാണ്. ഒരു നല്ല വാക്കു പോലും പറ യാത്ത അമ്മയെക്കുറിച്ച് (പുറം:43) ഡയറിയിൽ പരാമർശ മുണ്ടുതാനും. 1111 ൽ ധനുപ്പരീക്ഷ യ്ക്കിടയിലുണ്ടായ അച്ഛന്റെ മരണം സരസ്വതിയമ്മയെ അക്ഷ രാർത്ഥത്തിൽ ത്തന്നെ ഒറ്റപ്പെടു ത്തുന്നു. പഠിക്കാനുള്ള ആഗ്രഹം, സാമ്പത്തികപ്രയാസം, നീ ജയി ച്ചാൽ നിനക്കുകൊള്ളാം, എനി ക്കെന്ത് എന്നു ചോദിക്കുന്ന ചേച്ചിമാർ, അമ്മയുടെ നിസ്സംഗത (പുറം:41) എഴുത്തുകാരിക്ക് യുദ്ധം ചെയ്തുമാത്രമേ മുന്നോട്ടു നീങ്ങാനാവുന്നുള്ളൂ.

എല്ലാവരിൽ നിന്നും സ്നേഹവും സൗഹൃദവും പ്രതീ ക്ഷിക്കുന്ന ഭാവനാശാലിനിയായ പെൺകുട്ടിക്ക് ലോകവും കുടും ബവും തിരിച്ചുനൽകിയത് അതൊന്നുമല്ല. കുടുംബത്തിനു

അഞ്ചാം വയസ്സിൽ കാതുകുത്ത്. കമ്പിക്കാലുള്ള പൊട്ടു കമ്മൽ..... എഴുതി വെയ്ക്കാൻ അച്ഛൻ തന്ന ബുക്ക്.... അച്ഛൻ തന്ന കൊച്ചുബുക്കിൽ സഹോദരികളുടെ ദ്രോഹങ്ങൾ എഴുതിവെയ്ക്കാൻ വേണ്ടി...... മയിൽപ്പീലി പേജുകൾക്കിടയിൽവെച്ചു പ്രസവിപ്പിക്കൽ, മുറിവിനു നരച്ചപ്പച്ച, കണ്ണുനോവിനുമൂത്രം.....

ള്ളിലെ പൊരുത്തക്കേടുകൾ അവരെ സദാ സംഘർഷഭരിതയും ഏകാകിനിയുമാക്കുന്നു.


ഡയറിക്കുറിപ്പുകൾ അനാവരണം ചെയ്യുന്നത് ഒരു സ്ത്രീലോകത്തെയാണെന്നു പറയാം. അച്ഛൻ, സുകു തുടങ്ങി വിരലിലെണ്ണാവുന്ന പുരുഷൻമാരെ അവിടെയുള്ളൂ. പരസ്പരസ്പർദ്ധയുള്ള, അന്യോന്യം പോരടിക്കുന്ന 3 സ്ത്രീകൾ. സരസ്വതിയമ്മയോടുള്ള വിദ്വേഷം മൂർച്ഛിച്ച് ഭ്രാന്താവസ്ഥയിലെത്തിയ മൂത്ത ചേച്ചി ഓഫീസർക്കയച്ച പരാതിക്കത്തുകളും അവയുടെ പൂർണ്ണരൂപത്തിൽ ഡയറിയിലുണ്ട്. കുട്ടിക്കാലം മുതൽക്കുള്ള നീരസം കടുത്ത വിദ്വേഷമായും പകയായും രൂപം മാറുന്നു. ബുദ്ധിയും പ്രതിഭയും തികഞ്ഞ പെൺകുട്ടിക്ക് ചേച്ചിമാരുടെ കാപട്യവും വക്രതയും പെട്ടെന്നു തിരിച്ചറിയാനാവുന്നു.

അച്ഛൻ പട്ടണത്തിൽ നിന്നു വരാറുള്ള ദിവസങ്ങളിൽ രാത്രി ചൂട്ടുവെളിച്ചം നോക്കിയിരിക്കൽ. കാത്തിരിക്കുന്നത് ചന്തക്കുപോയ ചാന്നാട്ടി മീൻ കൊണ്ടു വരുമോ എന്നാണ്. (പുറം : 32)

ചണങ്ങാ തിന്ന് വയറിളക്കം. മനഃപൂർവ്വം തീറ്റിച്ചതാകാം. (പു : 35)

വാഴത്തേനെടുത്തപ്പോൾ കല്ലിലുരഞ്ഞുണ്ടായ പഴുത്ത മുറിവ്, വില്ലുവണ്ടിയിൽ കയറാൻ നേരം ചവിട്ടിയരച്ചു ദേഷ്യത്തിൽ. (പു : 37)

ഇത്തരം അപശ്രുതികളുടെ സമാഹാരമാണ് ഡയറിക്കുറിപ്പുകൾ. സഹോദരിയോടുള്ള അനിഷ്ടം ചേച്ചിമാരുടെ ജീവിതത്തെയും നരകതുല്യമാക്കുന്നുണ്ട്. രക്തസാക്ഷിയുടെയോ ഇരയുടെയോ മുഖംമൂടി സ്വയമണിഞ്ഞ് തന്നത്താൻ നീതികരിക്കുന്ന രീതി സരസ്വതിയമ്മ സ്വീകരിച്ചിട്ടില്ല. തീവ്രവും അസാധാരണവുമായ സ്വകാര്യാനുഭവങ്ങൾ ആവിഷ്കരിക്കുമ്പോഴും മാധ്യമത്തിനുമേൽ അവർക്കു സമ്പൂർണ്ണ നിയന്ത്രണമുണ്ട്. ഭ്രാന്തമോ നിയന്ത്രണാതീ




തമോ ആയ വൈകാരിക വിസ്ഫോടനമായി ഈ ഡയറിക്കുറിപ്പുകൾ മാറാത്തതും അതു കൊണ്ടു തന്നെ. മാനസിക സംഘർഷങ്ങൾ എഴുത്തുകാരി കലാത്മകമായി ഒളിപ്പിക്കുന്നു. വസ്തു നിഷ്ഠമായ രൂപഘടനയിലൂടെ തന്റെ സ്വകാര്യലോകത്തെ/ഡയറിക്കുറിപ്പുകളെ നിർവൈയക്തീകരിക്കാൻ കഴിഞ്ഞുവെന്നതാണ് ഇതിന്റെ സവിശേഷത. ആഖ്യാന പ്രക്രിയയെ നിഗൂഢവല്ക്കരിക്കുന്നതിനുള്ള ശ്രമങ്ങളുമുണ്ട്. ചുരുക്കെഴുത്തിന്റെ സാധ്യതകളിലൂന്നിയതാണ് ആഖ്യാനം. വ്യക്തിനാമങ്ങൾ അപൂർവ്വമായേ ഉപയോഗിച്ചിട്ടുള്ളൂ. ദുരന്തങ്ങളുടെ, ഏകാന്തതയുടെ ഇരയായിത്തീർന്ന സ്ത്രീയുടെ ഉന്മാദത്തോടടുത്തു നിൽക്കുന്ന മാനസികാവസ്ഥകളെ ബിംബങ്ങളുടെ/സൂചകങ്ങളുടെ/കോഡുകളുടെ ഭാഷയിലൂടെ നിയന്ത്രണ വിധേയമാക്കാനുള്ള ബോധപൂർവ്വമായ ശ്രമം ഇവിടെ കാണാം. തീർത്തും വൈയക്തികമെങ്കിലും വസ്തുനിഷ്ഠതയും കൃത്യതയും കർക്കശതയും ഈ ഡയറിക്കുറിപ്പുകളിലുണ്ട്. ജാതകക്കുറിപ്പും ആധാരത്തിന്റെ പകർപ്പും വരവു ചെലവു കണക്കുകളും സംഭാവനകളുടെ പട്ടികയും വ്യക്തിജീവിതത്തിൽ എഴുത്തുകാരിയുടെ കൃത്യത വെളിപ്പെടുത്തുന്നു. ഒപ്പം ആത്മാലാപങ്ങളുടെ പുസ്തകമെന്ന അവസ്ഥയിൽ നിന്ന് ഈ ഡയറിക്കുറിപ്പുകളെയും വേർതിരിച്ചു നിർത്തുന്നു.

ബാഹ്യവസ്തുതകളുടെയും സംഭവങ്ങളുടെയും കേവലമായ ആവിഷ്കാരമല്ല സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ. വ്യാമോഹങ്ങളിൽ ജനിച്ച് വ്യാമോഹങ്ങളിൽ വളർത്തപ്പെടുന്ന സ്ത്രീ മനസ്സിന്റെ സ്വത്വാന്വേഷണത്തിനുള്ള ശ്രമം കൂടിയാണ്. ആന്തരികവും ഭാവനാത്മകവുമായ സത്യങ്ങളുടെ ചിത്രീകരണമാണ് ഈ പുസ്തകത്തിന്റെ അഗാധഘടന. പ്രതീകാത്മകസ്വഭാവമുള്ള ഭാഷ, ആധികാരികവും വസ്തുനിഷ്ഠവുമായ യാഥാർത്ഥ്യങ്ങൾ ഈ വൈരുദ്ധ്യങ്ങളുടെ ചേരുവ എഴുത്തുകാരിയുടെ മാനസികാവസ്ഥയുടെ തന്നെ സൂചകമാണ്. പ്രായോഗികമതിയും സ്വപ്നസഞ്ചാരിയുമായി ഒരേസമയം ദ്വന്ദ്വഭാവത്തിൽ എഴുത്തുകാരി ഡയറിക്കുറിപ്പുകളിൽ പ്രത്യക്ഷപ്പെടുന്നു. വീടിനുള്ളിലെ അസ്വാരസ്യങ്ങളിൽ നിന്നു രക്ഷപ്പെടാനായി, ഉദ്യോഗസ്ഥയായി അധികം കഴിയുന്നതിനുമുമ്പേ വീടുപണി. 1122 മേടപ്പത്തിനു 'സിതാര'യുടെ കുറ്റിയടിച്ചു. താഴെ കുളിമുറി കൂടാതെ ഒരു വലിയ മുറിയും, മുകളിൽ ഒരു മുറി. 1123 ഓണത്തിനു പുതിയ വീട്ടിൽ കിടപ്പ്. (പു : 56) സ്വന്തമായൊരു മുറിയോ സ്വന്തം വീടു

തന്നെയോ അവർക്കു പക്ഷേ മനസ്സിനു സ്വസ്ഥത നൽകുന്നില്ല. വേട്ടയാടപ്പെടുന്നു, ഭ്രാന്തു പിടിക്കാൻ പോകുന്നു, എന്നൊക്കെയുള്ള ഭയത്തോടെ തൃശ്ശൂർക്കു ട്രാൻസ്ഫർ വാങ്ങിക്കൽ, വിശേഷദിവസങ്ങളിൽ വീടു വിട്ടുപോവൽ, ഹോസ്റ്റൽ താമസം തുടങ്ങിയ ദുരവസ്ഥകളിലൂടെ പലപ്പോഴും കടന്നു പോവേണ്ടി വരുന്നു.

മനഃക്ലേശങ്ങളിൽ നിന്നുള്ള മുക്തിക്കായി സന്യസിക്കാനുള്ള വ്യഗ്രത സരസ്വതിയമ്മ പ്രകടിപ്പിക്കുന്നുണ്ട്. തന്റെ ജീവിതത്തെ മുഴുവൻ വിലയിരുത്തിക്കൊണ്ട് രവീന്ദ്രനാഥ ടാഗോറിന് എഴുതുന്ന സുദീർഘമായ കത്തിൽ ഈ അഭിവാഞ്ഛ അവർ വ്യക്തമാക്കുന്നു. തീവ്രമായ മരണാഭിനിവേശം പ്രകടമാക്കുന്ന കുറിപ്പുകളുമുണ്ട് ഡയറിയിൽ. കാറ്റടിച്ചു വിളക്കങ്ങു കെട്ടുപോയതിൽപ്പിന്നെ ആറ്റലോടെ വെളിച്ചെണ്ണ പകർന്നാൽ കത്താറുണ്ടോ? സദാ മരിക്കാൻ പ്രാർത്ഥന.... (പു : 45) കടുത്ത രോഗഭീതിയും മരിക്കാനുള്ള ഭയവും വ്യക്തമാക്കുന്നു മറ്റു ചില കുറിപ്പുകൾ. മുതുകിൽ വന്ന പരുവിനെത്തുടർന്ന് മരണഭയത്തോടെ എഴുതുന്നു. ഭഗവാനേ ഈയൊരു പ്രാവശ്യം എന്നെ രക്ഷിച്ച് സാഹിത്യരചനയ്ക്കുള്ള സൗകര്യം എനിക്കു തരൂ. (പു : 76) മറ്റൊരിടത്ത്- കൈയുടെ അസുഖം വിട്ടിട്ടില്ല. ജൂൺ മുതൽ പിൽസ് കഴിക്കുന്നു. മരുന്നു കഴിച്ചിട്ടും വിടാത്തതിനാൽ മാനസികമായി ആകെ തകർന്ന അവസ്ഥയിലാണ്. കണ്ണുനീർ കണ്ണുകളിൽ, പലപ്പോഴും ഉള്ളിൽ എപ്പോഴും നിറഞ്ഞു നിൽക്കുന്നു. (പു : 79) ഈശ്വരനിൽ വിലയം പ്രാപിക്കാനുള്ള പ്രേരണയും ഡയറിക്കുറിപ്പുകളിലുണ്ട്. ലൗകിക ബന്ധങ്ങളിൽ നിന്നുള്ള വിമുക്തിക്കായുള്ള തീവ്രാഭിനിവേശമായി അതുമാറുന്നു. അവസാനവർഷങ്ങളിലെ ക്ഷേത്രദർശനങ്ങളുടെ ആധിക്യവും ഈശ്വരനോടുള്ള പ്രണയോന്മുഖമായ തീക്ഷ്ണ ഭക്തിയും അവരിലെ പീഡിത സ്വത്വത്തിന്റെ രക്ഷയ്ക്കായുള്ള കുതറലാണ്. വിചിത്രവും ഉന്മാദകരവുമായ മാനസികാവസ്ഥകളാണ് ഡയറിയിലെ അവസാനപേജുകൾ കോറിയിടുന്നത്. ശക്തമായ ആത്മബോധവും, ഊർജ്ജസ്വലത നഷ്ടപ്പെട്ട സ്വത്വത്തിന്റെ തീവ്രവേദനയും ചികിത്സാനുഭവങ്ങളും അസാധാരണമായ ചിന്തകളിലേക്കും പ്രവൃത്തികളിലേക്കും അവരെ നയിക്കുന്നു.

ജീവിതവാഞ്ഛ, നിരന്തരമായ പ്രതികൂലസാഹചര്യങ്ങളിലുണ്ടാവുന്ന മരണാഭിലാഷം, എഴുത്തു മുടങ്ങിയതിലുള്ള നിരാശ, തിരിച്ചുവരാനുള്ള അദമ്യമായ ആഗ്രഹം, ഇവയെല്ലാം കൂടിച്ചേർന്നതായിരുന്നു സരസ്വതിയമ്മയുടെ വ്യക്തിസത്ത. ദാരിദ്ര്യബോധവും ദാരിദ്ര്യഭീതിയും ജനിപ്പിക്കുന്ന കുടുംബാംഗങ്ങൾക്കിടയിൽ നിന്ന് ആത്മശക്തി കൊണ്ടുമാത്രം വളർന്ന് സ്വന്തം ഇടം കണ്ടെത്താൻ കഴിഞ്ഞ, തീവ്രമായ സ്വത്വബോധം കൈമുതലായുള്ള എഴുത്തുകാരിയെ ഈ ഡയറിക്കുറിപ്പുകളിൽ കണ്ടെത്താം.

കാറ്റടിച്ചു വിളക്കങ്ങു കെട്ടുപോയതിൽപ്പിന്നെ ആറ്റലോടെ വെളിച്ചെണ്ണ പകർന്നാൽ കത്താറുണ്ടോ? സദാ മരിക്കാൻ പ്രാർത്ഥന.... (പു : 45) കടുത്ത രോഗഭീതിയും മരിക്കാനുള്ള ഭയവും വ്യക്തമാക്കുന്നു മറ്റു ചില കുറിപ്പുകൾ. മുതുകിൽ വന്ന പരുവിനെത്തുടർന്ന് മരണഭയത്തോടെ എഴുതുന്നു. ഭഗവാനേ ഈയൊരു പ്രാവശ്യം എന്നെ രക്ഷിച്ച് സാഹിത്യരചനയ്ക്കുള്ള സൗകര്യം എനിക്കു തരൂ.

സ്ത്രീഭാഷയുടെ സാധ്യതകൾ അബോധപൂർവ്വമായെങ്കിലും ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട്. life blood's Language എന്നു ഹെലൻസിക്സൂസ് വിശേഷിപ്പിക്കുന്ന ഭാഷയിൽ - സ്വന്തം ജീവരക്തമിറ്റുന്ന ആത്മാർത്ഥതയോടെയാണ് സരസ്വതിയമ്മ ജീവിതത്തെ പകർത്തുന്നത്.

ഭാഷയുടെ മാസ്മരികത കൊണ്ടും ഭാവനയുടെ അദമ്യത കൊണ്ടും അനുഗ്രഹിക്കപ്പെട്ട സരസ്വതിയമ്മയുടെ വൈയക്തികാനുഭവങ്ങളുടെ ആവിഷ്കാരമായ ഡയറിക്കുറിപ്പുകൾക്കും അതേ അപൂർവ്വ സൗന്ദര്യമുണ്ട്. കുടുംബജീവിതവും അനുബന്ധപ്രശ്നങ്ങളും മാനസികസംഘർഷങ്ങളും അവരുടെ സർഗ്ഗാത്മകതയെ കഠിനപരീക്ഷകൾക്കു വിധേയമാക്കിയതിന്റെ ദൃശ്യങ്ങൾ പുസ്തകത്തിന്റെ അഗാധഘടന തുറന്നു കാട്ടുന്നു. ചിലപ്പോഴൊക്കെ യുക്തിവിരുദ്ധമായും കാലാനുക്രമരഹിതമായും രേഖീയതയില്ലാതെയും ചിതറുന്ന ഈ ആത്മനിഷ്ഠാധിഷ്ഠിത ചിന്തകൾ പക്ഷേ എല്ലായ്പ്പോഴും അനന്യമായ അതിജീവനത്തിന്റെ സൗന്ദര്യാത്മകതയെ വെളിപ്പെടുത്തുന്നു.

പ്രധാന കുറിപ്പുകൾ:

*ഇരമ്പുന്ന നൊമ്പരങ്ങൾ : കെ.സരസ്വതിയമ്മയുടെ ഡയറിക്കുറിപ്പുകൾ: (2010)*

*Three steps on the ladder of writing : Cixuous, Helene (1979)*

*കെ.സരസ്വതിയമ്മ ഒറ്റയ്ക്കു വഴിനടന്നവൾ : പി.കെ.കനകലത (2013)*





ഡോ. ഷീബാ ദിവാകരൻ

# 'നഷ്ടബോധങ്ങളില്ലാതെ'

**The** problem for the female autobiographer is, on the one hand, to resist the pressure of masculine autobiography as the only literary genre available for her enterprise, and, on the other, to describe a difficulty in conforming to a female ideal which is largely a fantasy of the masculine, not the feminine, imagination.

-Barbara Johnson, A World of Difference

വേരുകൾതേടിയുള്ള തിരിഞ്ഞുനടത്തമാണ് എല്ലാ ആത്മകഥകളും. ആരാണോ എഴുതുന്നത്, അവരുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട എല്ലാം പ്രസക്തമാണ് ആത്മകഥനങ്ങളിൽ. ഞാനെങ്ങനെ ഞാനായി എന്ന അന്വേഷണത്തിന്റെ സാധൂകരണങ്ങളാണവയെല്ലാം. അഹത്തോടൊപ്പം സമൂഹത്തെക്കൂടി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്ന ചില ആത്മകഥകൾ ചരിത്രത്തെത്തന്നെ രൂപപ്പെടുത്തും. മലയാളത്തിൽ വി.ടി. ഭട്ടതിരിപ്പാട്, ലളിതാംബിക അന്തർജ്ജനം മുതലായവരുടെ ആത്മകഥകൾ, നമ്പൂതിരിസമുദായത്തിന്റെ ഇരുണ്ട ഭൂതകാലത്തെ അടയാളപ്പെടുത്തുന്നുവെന്ന സമാനത പങ്കുവെക്കുന്നതിനൊപ്പം സ്വയം ചരിത്രപുസ്തകങ്ങൾകൂടിയാവുന്നുണ്ട്. ദേവകി നിലയങ്ങോടിന്റെ നഷ്ടബോധങ്ങളില്ലാതെ എന്ന കൃതിയും ഈ ഗണത്തിൽപ്പെടുത്താവുന്നതാണ്.

വി.ടി യുടെ കണ്ണീരും കിനാവും എന്ന കൃതി തുടങ്ങുന്നതുതന്നെ 'ഏറിയാൽ അരപ്പേജിലധികം ഏതു സാഹിത്യകാരനും വലിച്ചുനീട്ടാൻ സാധിക്കാത്ത വിധം സംഭവവിരളമായ' നമ്പൂതിരിജീവിതത്തെ ചിത്രീകരിച്ചുകൊണ്ടാണ്. "ശ്രീദേവി എന്ന പേരിനു ഭംഗി കൂടിപ്പോയെന്ന ആക്ഷേപം കാരണം ഇട്ടിച്ചിരിയെന്നു വിളിച്ചുപോന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ കാതുകുത്തി ഉടുത്തുതുടങ്ങി. പതിനാലിൽ അബദ്ധത്തിന് ആ പെൺകിടാവുതിരണ്ടു. ആ അപകടം പറ്റിച്ചതിന്റെ ശിക്ഷയെന്ന മട്ടിൽ പത്തുകൊല്ലം അന്ത:പുരത്തിൽ അസൂര്യംപശ്യയായി അവിവാഹിതയായി ആ കുട്ടിക്കാവിനു കഴിച്ചുകൂട്ടേണ്ടിവന്നു. അവസാനം മറ്റുഗതിയില്ലായ്കയാൽ പിതാവ് കൈയിലണഞ്ഞ വൃദ്ധബ്രാഹ്മണന് 'ഇശ്യാമത്തെ' വേളിക്കുതുലച്ചുവിട്ടു. സാപത്ന്യത്തിന്റെയും വൃദ്ധഭർതൃത്വത്തിന്റെയും കാനലിൽ അവളുടെ മധുരാഭിലാഷങ്ങൾ കൂമ്പടഞ്ഞുമുരടിച്ചു. അഞ്ചാറു മച്ചിപ്പൈക്കൾ കടന്നാക്രമിച്ചതിനാൽ അവളുടെ ഭർതൃത്വം ഒരു നാൾ കടപുഴങ്ങി നിലംപൊത്തി. തികഞ്ഞ ദാമ്പത്യത്തിൽ അവളൊരു വിധവയായി. മച്ചിലെ കല്ലുവിളക്കുപോലെ ഏതാനും സംവത്സരക്കാലം മുനിഞ്ഞുകത്തിയ ശേഷം എണ്ണവറ്റി, പടുതിരി കത്തി കെട്ടണഞ്ഞു."– വി.ടി അന്തർജ്ജനജീവിതത്തെ ഇങ്ങനെ അടയാളപ്പെടുത്തുന്നു. (2010: 131-2) ഇവർക്ക് ജീവിതമില്ലെന്നല്ല, മറിച്ച് ഇവർക്കൊരു ജീവിതമുണ്ടെന്ന് തിരിച്ചറിയാനാകാത്ത സാഹചര്യത്തെപ്പറ്റിയാണ് വി.ടി പറഞ്ഞത്. കേവലം മൃഗതുല്യമായ ജീവിതം നയിച്ചിരുന്ന അന്തർജ്ജനജീവിതത്തെയും അപ്ഫൻജീവിതത്തെയും അവരവരുടെ സ്ഥലകാലങ്ങളിൽനിന്നു വിമോചിപ്പിക്കാൻകൂടിയാണ് വി.ടി. ആത്മകഥയെ മുന്നോട്ടുവെച്ചത്. അവർക്കോരോരുത്തർക്കും ഓരോ ആത്മകഥയുണ്ടായിരുന്നു എന്ന് ചിന്തിക്കുന്ന ദേവകി നിലയങ്ങോടും പക്ഷേ അതു പറയാനുള്ള അക്ഷരസ്വാധീനമോ സാഹചര്യമോ അവർക്കുണ്ടായില്ലെന്നതാണ് പിൽക്കാലം അവരെ വേരിട്ടറിയാതെ പോയതിനുകാരണമെന്ന നിലപാടിലെത്തുന്നുണ്ട്. ചരിത്രത്തിൽ രേഖപ്പെടാതെപോയവരുടെ കഥകൂടിയായാണ് അവർ സ്വന്തം കഥയായി അവതരിപ്പിച്ചത്.

പോയകാലത്തെ നിർമ്മമമായാണ് ദേവകി നിലയങ്ങോട് അവതരിപ്പിക്കുന്നത്. നാലുവയസ്സിൽ തന്നെ എഴുത്തിനിരുത്തിയ കാലത്തെക്കുറിച്ച് അവരോർക്കുന്നുണ്ട്. അപ്പോഴേക്കും അച്ഛൻ മരിച്ചിരുന്നു. അപ്ഫനാണ് സ്വർണമോതിരംകൊണ്ട് നാവിലെഴുതിച്ചത്. മനയ്ക്കൽ കുട്ടിയെയോ ഉണ്ണിയെയോ എഴുത്തി

നിരുത്തിയെന്നറിഞ്ഞാൽ വിളി യ്ക്കാതെ തന്നെ ഒരു ബ്രാഹ്മണി യമ്മ എഴുതിക്കാനായി വരുമായി രുന്നുവത്രേ. ഒരു കുടുക്ക നിറയെ മണലുമായെത്തുന്ന 'കുറ്റിപ്പു റത്തെ പാപ്പി' ഓരോ അക്ഷരവും ഉറക്കെ പറഞ്ഞും പറയിച്ചും എഴുതിക്കുമായിരുന്നു. പിഴച്ചാൽ വിരൽ ശക്തിയിൽ അമർത്തി എഴുതിക്കും. വിരൽത്തുമ്പ് വേദന കൊണ്ട് ചുരുങ്ങും. ആ പേടി കൊണ്ട് നന്നായി ശ്രദ്ധിച്ചെഴുതും. ഇങ്ങനെ രണ്ടുമാസത്തോളം എഴു ത്തഭ്യാസമാണ്. പിന്നീട് രണ്ടു മാസം വായനയഭ്യസിപ്പിക്കും. രാമായണമാണ് വായിച്ചിരുന്നത്. എഴുത്തിനിരുത്തൽ, അക്ഷരം എഴുതാൻ പഠിക്കൽ, രാമായണം കൂട്ടിവായിക്കൽ– പെൺകുട്ടി യുടെ വിദ്യാഭ്യാസം ഇതോടെ അവസാനിച്ചു. പെൺകുട്ടികൾ പുസ്തകം വായിക്കുന്നത് കുറ്റക രമായിരുന്നു. വായിക്കണമെന്ന് അതിയായ മോഹമുള്ളവർ രഹ സ്യമായാണ് വായിച്ചിരുന്നത്. അതുതന്നെ കണ്ടുപിടിക്കപ്പെ ട്ടാൽ ശിക്ഷയുണ്ടാവും. ഋതുമതി കളായവർക്ക് മാസംതോറും കിട്ടുന്ന മൂന്നുദിവസത്തെ ഒഴിവ് പുസ്തകവായനയ്ക്കു സഹായക മായിരുന്നു. ആരും വരാത്ത മുറി യിൽ ആരുടെയും കണ്ണിൽപ്പെടാ തെയാണ് ആ ദിവസങ്ങളിൽ അവരുടെ ജീവിതം. അശുദ്ധി യുടെ കാലത്ത് ആളുകളെ തൊടാൻ പാടില്ലാത്തതുപോലെ പുസ്തകവും തൊടാൻ പാടി ല്ലെന്ന നിയമമായിരുന്നു, അവരെ കുഴക്കിയിരുന്നത്. പണിക്കാരുടെ മക്കളാരെങ്കിലും വന്ന് പുസ്തക ത്തിന്റെ ഏടുകൾ മറിച്ചുകൊടു ക്കുമായിരുന്നത്രേ. പ്രയാസപ്പെട്ട് പഠിച്ച അക്ഷരങ്ങളെല്ലാം തുടർന്ന് അക്ഷരസമ്പർക്കമില്ലാത്തതിനാൽ പെണ്ണ് മറന്നു. ഈ അവസ്ഥയെ അതിജീവിക്കാൻ ലളിതാംബിക അന്തർജ്ജനത്തെപ്പോലെ ഒന്നോ രണ്ടോ സ്ത്രീകൾക്കേ കഴിഞ്ഞു ള്ളൂ. കഥയില്ലായ്മ കൊണ്ടല്ല, അവർക്ക് സർഗാത്മകജീവിതത്തി ലേക്ക് കടന്നിരിക്കാനാവാതെ പോയത്.



*ദേവകി നിലയങ്ങോട്*

ഏടത്തിമാർ ക്ലേശിച്ചു രഹസ്യ മായി വായിക്കുന്നതുകാണുന്ന കൗതുകത്തിൽനിന്നാണ് താനും വായിച്ചുതുടങ്ങിയതെന്ന് ദേവകി നിലയങ്ങോട് ഓർക്കുന്നുണ്ട്. "കുമാരനാശാന്റെയും ഉള്ളൂരി ന്റെയും കവിതകൾ ഏടത്തി വെറുതെ വായിക്കുകമാത്രമല്ല, ഹൃദിസ്ഥമാക്കുകയും ചെയ്തു... ഉമാകേരളം മുഴുവനായും ഏട ത്തിക്ക് ഇപ്പോഴും തോന്നും... ദുർഗ്ഗേശനന്ദിനി, ആനന്ദമഠം, എന്നിങ്ങനെയുള്ള ബംഗാളി നോവൽപരിഭാഷകൾ ഏടത്തി വായിക്കുന്നതു കണ്ടിട്ടാണ് എനിക്കു വായനയിൽ ഭ്രമം തുട ങ്ങിയത്"– തുടങ്ങിയ പരാമർശ ങ്ങൾ സാഹചര്യങ്ങൾ മറിച്ചായി രുന്നെങ്കിൽ സാഹിത്യചരിത്രം എന്നെന്നേയ്ക്കുമടയാളപ്പെടുത്തു മായിരുന്ന വലിയൊരു സാഹിത്യ കാരി എത്രയോ അകാലത്ത് പിടഞ്ഞൊടുങ്ങുന്നത് അനുഭവി പ്പിക്കുന്നുണ്ട്.

സംസ്കൃതശ്ലോകങ്ങൾ മധുര മായ സ്വരത്തിൽ അക്ഷരസ്ഫുട തയോടെ ഈണത്തിൽ ഉയരുന്ന തുകേട്ടുകൊണ്ടാണ് ഏടത്തി വളർന്നത്. തനിക്കും അക്ഷരം പഠിക്കണമെന്ന് അവർ അമ്മ യോട് ശാഠ്യം പിടിച്ചുവത്രേ. പെൺകിടാങ്ങൾക്കു സംസ്കൃതം പഠിക്കാൻ പാടില്ലെന്ന് അമ്മ പല തവണ പറഞ്ഞുനോക്കിയെങ്കിലും ഏടത്തി ശാഠ്യം വിട്ടില്ല. ഒടുവിൽ അമ്മയുടെ നിർബന്ധത്തിനു വഴ ങ്ങിയാണ് സ്വല്പം ജ്യോതിഷപഠ നമാവാമെന്ന് അച്ഛൻ സമ്മതിച്ച ത്. "അങ്ങനെ ഏടത്തിയെ പഠിപ്പി ക്കാനായി അച്ഛൻ ഒരു നമ്പീ ശനെ വരുത്തി. പക്ഷേ അപ്പോ ഴേക്കും ഒരപകടം പറ്റി. ഏടത്തി ഋതുമതിയായി."(പു.35) ഇനി അന്യപുരുഷനെ കാണാൻ പാടി ല്ല. അതിനാൽ ഗുരുവും ശിഷ്യയും തൊട്ടടുത്തുള്ള രണ്ടു മുറികളിൽ പരസ്പരം കാണാതെ ഇരിക്കും. നടുക്കുള്ള വാതിൽക്കൽ അച്ഛനുമിരിക്കും. പല തിരക്കുകാരണം നടുക്കിരി ക്കാൻ അച്ഛനു സമയം കിട്ടാതെ വന്നപ്പോൾ ഏടത്തിയുടെ പഠ നവും നിന്നുവത്രേ. അതോടെ അടക്കാനാവാത്ത മോഹമുണ്ടായി രുന്നുവെങ്കിലും അക്ഷരങ്ങളുടെ ലോകം അവർക്കുമുമ്പിൽ വാതിൽ തുറന്നില്ല.

സമ്പദ്സമൃദ്ധിയുടെ നിറവിൽ ദാരിദ്ര്യമനുഭവിച്ചുകൊണ്ടു ജീവിച്ച പെൺജീവിതങ്ങളെ ഈ കൃതിയിൽ കാണാം. വി.ടി. കാണിച്ചുതന്നത് ഇല്ലായ്മയുടെ ഇല്ലങ്ങളെയായിരുന്നു. ഇവിടെയാ കട്ടെ, സ്ഥിതി മാറി. ആഢ്യത്വ ത്തിന്റെ വലിയ എടുപ്പുകൾക്കു ള്ളിൽ എന്താണ് നടക്കുന്നതെന്ന്

തന്റെ ഇല്ലത്തിന്റെ വർണ്ണനയിലൂടെ ഗ്രന്ഥകർത്രി കാണിച്ചുതരുന്നു. നാലു വലിയ പൂമുഖങ്ങളുള്ള വിശാലമായ ഇല്ലം. ഒരു പൂമുഖം നമ്പൂതിരിമാർക്കു മുറുക്കുവാൻ മാത്രമുള്ളത്. പടിമേൽ നിറയെ മുറുക്കാൻസാധനങ്ങൾ. പടിക്കുചുറ്റും മുറുക്കിത്തുപ്പാൻ കുപ്പ. ആയിരം പേർക്ക് ഇലവെക്കാമായിരുന്ന നാടകശാലയുമുണ്ടായിരുന്നു. ഉണ്ണാൻ ഇത്രയാളെന്നു കണക്കില്ല. നിത്യതാമസക്കാർ, തൊഴാൻ വരുന്നവർ, വഴിപോക്കർ.. അങ്ങനെ ഒരുപാടാളുകളുണ്ടാവും. തറവാട്ടുകണക്കും പാട്ടക്കണക്കും എഴുതാനായി നാലഞ്ചു കാര്യസ്ഥന്മാർ. ക്ഷേത്രദർശനത്തിനായെത്തുന്ന ആത്തേന്മാർ മൂന്നുനാലു ദിവസം അവിടെ താമസമാണ്. ഇങ്ങനെയെത്തുന്നവർക്കായി ഒരു വലിയ തളം ഒഴിച്ചിട്ടിട്ടുണ്ട്. ഓരോ വർഷവും പ്രസവിക്കുന്ന ആത്തേമ്മാർ. അതിനാൽ ഇല്ലത്തെ കുട്ടികൾക്ക്, പ്രത്യേകിച്ച് ഉണ്ണികൾക്ക് മുല കൊടുക്കാനായി അന്തർജ്ജനങ്ങളെ വരുത്തിയിരുന്നു. അവർക്ക് നല്ല പരിഗണനയും കിട്ടിയിരുന്നു. ഇല്ലത്ത് പശുവിൻപാൽ യഥേഷ്ടമായിരുന്നു. പക്ഷേ അത് ഒരു തുള്ളിപോലും കുട്ടികൾക്ക് കുടിക്കാൻ കിട്ടുമായിരുന്നില്ല. ഒരു വയസ്സിനപ്പുറം മുലപ്പാൽ കുടിക്കാൻകഴിയാതെ ഗ്രഹണി പിടിച്ചമട്ടിലുള്ള പെൺകുട്ടികൾക്കുപോലും അതിൽനിന്ന് ഒരുതുള്ളി കുടിക്കാൻകിട്ടിയില്ല. അമ്പലത്തിൽ വിളക്കു വെക്കാൻവേണ്ട നെയ്യുണ്ടാക്കാനും ഇല്ലത്തെ സദ്യകൾക്ക് കാളൻവെക്കാൻവേണ്ട മോരുണ്ടാക്കുവാനുമാണ് ആ പാൽ ഉപയോഗിച്ചിരുന്നത്. രാത്രി ചെറിയ കുട്ടികൾ വിശന്നു കരയുമ്പോൾ നേർപ്പിച്ച സംഭാരം രണ്ടിറക്കു വായിലൊഴിച്ചുകൊടുക്കുമായിരുന്നത്രേ. "അമ്പലത്തിലെ നെയ്‌വിളക്കുകൾ എരിയുമ്പോൾ അതുതന്നെ മതിയാവും, കുട്ടികൾക്കു വേണ്ടത്ര ശ്രേയസ്സും ആരോഗ്യവും ലഭിക്കുവാൻ എന്നായിരുന്നു, എല്ലാവരുടെയും വിശ്വാസം."(പു.18) ഉൺമയുടെ സമൃദ്ധിക്കിടയിലും കൊച്ചു പെൺകുട്ടികൾപോലും ഇങ്ങനെ ദാരിദ്ര്യമറിഞ്ഞു. നമ്പൂതിരിസമുദായത്തിലെ ദളിതരായിരുന്നു, പെൺവർഗ്ഗം. അക്കാലത്ത് ദളിതർക്കുണ്ടായിരുന്ന ചെറിയ സ്വാതന്ത്ര്യംപോലും നിഷേധിക്കപ്പെട്ടവരായിരുന്നു, അവർ. പെൺകുട്ടികളുടെ ജനനം പോലും ശുഭസൂചകമായി അന്നു കരുതിയിരുന്നില്ല. "സ്ത്രീ ഗർഭിണിയായതുമുതൽ പുരുഷസന്തതിക്കായുള്ള പ്രത്യേകം പ്രാർഥനകളും പൂജകളും നടക്കും. ഉണ്ണി പിറന്നാൽ സന്തോഷവാർത്ത അറിയിക്കാൻ വാല്യക്കാർ മുറ്റത്തുനിന്ന് ഉറക്കെ ആർപ്പുവിളിക്കും. പെണ്ണായാൽ ഇരിക്കണമ്മമാർ പതിഞ്ഞ ശബ്ദത്തിൽ വാതിലിൽമുട്ടി വിവരമറിയിക്കയേ ഉള്ളൂ."(പു.16)

ഉച്ചഭക്ഷണത്തിന് ആദ്യം നമ്പൂതിരിമാരുടെയും ഉണ്ണികളുടെയും അമ്മമാരുടെയും തീണ്ടാരിയായി പുറത്തിരിക്കുന്നവരുടെയും ഊണുകഴിഞ്ഞശേഷമാണ്, പെൺകുട്ടികളുടെ ഊഴം. മെഴുക്കുപുരട്ടിയും മോരൊഴിച്ചകൂട്ടാനും മാങ്ങാക്കറിയുമാണ് ഊണിന്റെ വട്ടം. അന്തർജ്ജനങ്ങളെസംബന്ധിച്ചിടത്തോളം അതാണ് ദിവസത്തെ ആദ്യഭക്ഷണം. അമ്പലത്തിൽപോക്ക്, തേവാരത്തിനൊരുക്കൽ, നേദിക്കൽ എന്നിവയുടെ തിരക്കിനിടയിൽ അവർക്ക് പ്രാതലിന്റെ പതിവില്ല. പണിക്കാരികൾക്ക് പഴങ്കഞ്ഞിയെങ്കിലും ഉണ്ടായിരുന്നു. (പു.19)

കുട്ടികളുടെ ഊണുകഴിഞ്ഞാൽപ്പിന്നെ പുറത്തേക്കുകൊടുക്കലാണ്. വാരിയന്മാർക്കും വാലിയക്കാർ, പണിക്കാർ, എന്നിങ്ങനെ നായന്മാരായ ജോലിക്കാർക്കും ചോറുകൊടുക്കുന്നതിനെയാണ് പുറമേക്കുകൊടുക്കുക എന്നുപറയുന്നത്. "ഓരോരുത്തർക്കും അവനവന് ഉണ്ണാനുള്ളതിനേക്കാൾ എത്രയോ അധികം ചോറുണ്ടാവും. പണിക്കാർ കുറച്ച് ഉണ്ട് ബാക്കി വീട്ടിലേക്കുകൊണ്ടുപോകുകയോ കൊടുത്തയക്കുകയോ ചെയ്യും." (പു. 19) ഇത്രയ്ക്ക് സമ്പൽസമൃദ്ധിയുടെ നിറവിലാണ് അന്തർജ്ജനങ്ങൾ പലപ്പോഴും പട്ടിണി കിടക്കേണ്ടി വന്നത്.

"ഇടനേരത്ത് കാപ്പിപലഹാരമുണ്ട്. പക്ഷേ അതു നമ്പൂതിരിമാർക്കുമാത്രമുള്ളതാണ്. ഇല്ലത്തുള്ളവരും അതിഥികളും പഠിക്കാൻ പാർക്കുന്നവരുമായ ഒട്ടേറെ നമ്പൂതിരിമാർ അതിനായി വൈകുന്നേരത്തോടെ ഊട്ടുപുരയിലെത്തും. പട്ടർ ഒരുക്കുന്ന കാപ്പിയോടൊപ്പം പലഹാരങ്ങളായി അവലുകുഴച്ചത്, കാരോലപ്പം, അട, മലർപ്പൊടി, എന്നിവയിൽ ഒന്നുണ്ടാവും. ഈ പലഹാരങ്ങളിൽ കുറച്ച് അകത്തേക്ക് കിട്ടാറുണ്ട്." (പു.20) അതാണ് സ്ത്രീകൾക്കും കുട്ടികൾക്കും വീതംവച്ചുകിട്ടിയിരുന്നത്!

നാലഞ്ചു വയസ്സുകഴിഞ്ഞകാലത്ത് കാപ്പികുടിക്കണം എന്നു മോഹമുണ്ടായപ്പോൾ കൂട്ടുകാരോടൊപ്പം അടുക്കളയിൽകയറി കാപ്പിപ്പൊടിയും പഞ്ചസാരയും കട്ടെടുത്ത കാര്യം ദേവകി നിലയങ്ങോട് ഓർക്കുന്നുണ്ട്. അടുപ്പത്തുതിളച്ചുകുറുകുന്ന പാലും കുറച്ചെടുത്തു. ചെറിയേടത്തിയോടൊപ്പം വാതിലടച്ച് കാപ്പിയുണ്ടാക്കി. അപ്പോൾ വലിയേട്ടൻ വാതിലിൽ മുട്ടുന്നു! കാപ്പിയും പാത്രവുമായി അവർ ഓവറയിലേക്കോടിയത്രേ. പിന്നീട് വലിയേട്ടൻ പോയശേഷം ഓവറയുടെ വാതിലടച്ചുനിന്നുകൊണ്ട് പേടിച്ചുപേടിച്ച് ആ തണുത്തകാപ്പി അവർ കുടിച്ചുതീർത്തു. തോന്നുമ്പോൾ കാപ്പികുടിക്കുന്നതുപോലും അന്ന് പെണ്ണിന് രഹസ്യമായ ഒരു വിപ്ലവപ്രവർത്തനമായിരുന്നു.

ഇല്ലത്ത് ധാരാളം പണമുണ്ടെങ്കിലും അന്തർജ്ജനങ്ങളും പെൺകിടാങ്ങളും ഓട്ടുവളയേ ധരിക്കാൻ പാടുള്ളൂ. സ്വർണവള നിഷിദ്ധമായിരുന്നു. പെണ്ണിന് തന്റേതെന്നവകാശപ്പെടാനുണ്ടായിരുന്നത് ഒരു പെട്ടിയായിരുന്നുവത്രേ. സാധാരണയായി ഒരു

പെൺകിടാവ് ഉടുത്തുതുടങ്ങാൻ (കോണകം മാറ്റി ശീല ഉടുത്തു തുടങ്ങൽ)ദിവസം നോക്കിക്കഴി ഞ്ഞാൽ ആ വിവരം ഇരിക്കണമ്മ കാര്യസ്ഥനെ അറിയിക്കും. തുടർന്ന് ഒരു തടിപ്പെട്ടി കാര്യസ്ഥ ന്മാർ തെക്കിനിയിൽ കൊണ്ടുവ ന്നുവെക്കും. പത്തുമുറിശീലയും നാലു തോർത്തുമാണ് അതിലു ണ്ടാവുക. പെൺകുട്ടി തന്റെ ജീവിതകാലം മുഴുവൻ സ്വന്തവും സ്വകാര്യവുമായ ജംഗമങ്ങൾ കരു തിവെക്കാൻ ഉപയോഗിക്കേണ്ട പെട്ടിയാണത്. ഒരു നമ്പൂതിരി സ്ത്രീക്ക് സ്വന്തം എന്നു കരുതാ നുള്ള ഒരേയൊരു സമ്പാദ്യവും ഇതുമാത്രമാണ്. വിവാഹശേഷം ഈ പെട്ടി വരന്റെ വീട്ടിലേക്ക് കൊണ്ടുപോകും. വിവാഹഘോ ഷയാത്രയുടെ ഏറ്റവും മുമ്പിലാ യാണ് പെട്ടിചുമക്കുന്ന വാല്യക്കാ രൻ നടക്കുക. വരന്റെ വീട്ടിലെ തെക്കിനിയിൽ ഇതുപോലെ അയാൾ അതുകൊണ്ടുവെക്കും. (പു. 32)

പണിക്കാരോ മറ്റോ പറ ഞ്ഞാണ് തങ്ങളുടെ വിവാഹ ക്കാര്യം അന്ന് പെൺകുട്ടികള റിഞ്ഞിരുന്നത്. ഋതുമതിയാ യാൽപ്പിന്നെ വിവാഹംവരെ പുറം ലോകം കാണാതെ കഴിച്ചുകൂട്ട ണമായിരുന്നു. അവൾപിന്നെ പുറ ത്തിറങ്ങരുത്, പൂമുഖം കാണരുത്. അടുക്കളയ്ക്കടുത്ത് അന്തർജ്ജന ങ്ങൾക്കായുണ്ടാക്കിയ കുള ത്തിൽപോയി കുളിച്ചുവരാം അതായിരുന്നു, അവൾക്ക് അനുവ ദിച്ച ഏറ്റവും വലിയ സഞ്ചാരപരി ധി. ഒരു വിശേഷത്തിനും അവൾ പോകാൻപാടില്ല. വിശേഷമുള്ള ഇല്ലങ്ങളിൽനിന്ന് അവൾക്കുള്ള ഭക്ഷണം വീട്ടിലെത്തിക്കും. സ്വന്തം സഹോദരന്റെയോ സഹോദരിയുടെയോ വിവാഹമാ ണെങ്കിലും അതിൽ പങ്കെടു ക്കാൻ അനുവാദമില്ല. സ്ത്രീധനം കൊടുക്കാൻ വകയില്ലാത്ത ഇല്ല ങ്ങളിൽ പെൺകുട്ടികൾ ഇങ്ങനെ ഇരുപത്തിയഞ്ചും മുപ്പതും വയ സ്സുവരെ തിരണ്ടിരിക്കുമത്രേ. മക്കളെ വേളികഴിച്ചുകൊടുക്കാൻ വകയില്ലാത്ത അച്ഛൻ പണം വാങ്ങി അവരെ അജ്ഞാതരായ ആളുകൾക്ക് കല്യാണം എന്ന പേരിൽ വിൽക്കുന്ന പതിവുമുണ്ടാ യിരുന്നുവെന്ന് ദേവകി നിലയ ങ്ങോട് ഓർക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 15-ാംവയ സ്സിൽനടന്ന തന്റെ വിവാഹം ഭാഗ്യമായാണ് അവർ കരുതുന്ന ത്. ഇംഗ്ലീഷ് പഠിപ്പിക്കുന്ന തങ്കം ടീച്ചറായിരുന്നുവത്രേ രണ്ടു നാൾകഴിഞ്ഞ് നടക്കാനിരിക്കുന്ന തന്റെ വിവാഹത്തെക്കുറിച്ച് ആദ്യം അവരോട് പറഞ്ഞത്.

സമുദായത്തിൽനിന്ന് പലകാര ണങ്ങളാൽ ഭ്രഷ്ടുകല്പിക്കുന്ന അവസ്ഥ അന്നുണ്ടായിരുന്നു. ഗർഭസ്ഥശിശുവിനുപോലും ഭ്രഷ്ടു കല്പിക്കപ്പെട്ടിരുന്നു. കുറി യേടത്തുതാത്രിയുടെ സ്മാർത്ത വിചാരവേളയിൽ 'സാധന'ത്തിന്റെ വായിൽനിന്ന് പേരു പുറത്തുവന്ന തിനാൽ ദേവകി നിലയ ങ്ങോടിന്റെ ഒരകന്ന ബന്ധുവും ഭ്രഷ്ടനായത്രേ. അദ്ദേഹത്തിന്റെ ഭാര്യയ്ക്കു ഭ്രഷ്ടു കൽപിച്ചില്ലെ ങ്കിലും അവരുടെ ഗർഭസ്ഥശിശു വിന് ഭ്രഷ്ടുകൽപിക്കപ്പെട്ടു. അങ്ങനെ ഭൂമിയിലേക്ക് ഒരു പെൺകുട്ടി ജന്മനാ ഭ്രഷ്ടയായി പിറന്നുവീണു. കുഞ്ഞിനെ തൊട്ടാൽ അമ്മ കുളിക്കണം! ഓരോ തവണ പാലൂട്ടിയതിനുശേ ഷവും അമ്മ കുളിച്ചുശുദ്ധയായി. ലാളനാസ്പർശംപോലും നഷ്ട മായ ആ കുട്ടി പണിക്കാരുടെ സംരക്ഷണയിൽ വളർന്നു. ജന്മനാ ഭ്രഷ്ടരായാൽ നമ്പൂതിരി നമ്പ്യാരും അന്തർജനം നങ്ങ്യാ രുമാവുമായിരുന്നു. ഈ ജാതിമാ റൽചടങ്ങ് വളരെ ലളിതമായിരു ന്നു. കുട്ടിക്ക് ആറുമാസം പ്രായമു ള്ളപ്പോൾ നരിപ്പറ്റയിൽനിന്ന് ഒരു നമ്പ്യാർവന്ന് കാതിൽ നങ്ങമ്മ എന്നുവിളിച്ച് ചോറ്റിൻവറ്റുകൾ വായിൽവച്ചുകൊടുത്തു. അതോടെ അവർ നങ്ങ്യാരായി. അങ്ങനെ അവർ 70 വർഷം ജീവി ച്ചുവത്രേ, അവിവാഹിതയായി.

എന്തുകൊണ്ടാവാം തന്റെ ആത്മകഥയ്ക്ക് ഗ്രന്ഥകർത്രി നഷ്ടബോധങ്ങളില്ലാതെ എന്ന പേരുകൊടുത്തത്? വിചിത്രമായ എത്രയോ ജീവിതങ്ങളെ കണ്ട തിൽനിന്ന് തനിക്ക് ഇങ്ങനെയെ ങ്കിലും ആയിത്തീരാനായല്ലോ എന്ന ആശ്വാസം ഈ പേരിലൂടെ പ്രതിഫലിക്കുന്നുണ്ട്. ഒരു അന്തർജ്ജനത്തിന്റെ ആത്മകഥ എന്ന് അവകാശപ്പെടുന്നുണ്ടെ ങ്കിലും ഒരു അന്തർജ്ജനത്തിൽ പരിമിതപ്പെടുത്താവുന്ന ആത്മക ഥയല്ല, ഇത്. അന്നത്തെ അന്തർജ്ജനജീവിതത്തിന്റെ സകലമാനങ്ങളും അടയാളപ്പെടു ത്തുന്ന ഈ കൃതി വി.ടി.യുടെ കണ്ണീരും കിനാവും പോലെയും ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി പോലെയും ചരി ത്രകൃതികൂടിയാണ്. തന്റെ കഥ യ്ക്കുമാത്രമല്ല, മറ്റുള്ളവരുടെ കഥ

ഋതുമതിയായാൽപ്പിന്നെ വിവാഹംവരെ പുറംലോകം കാണാതെ കഴിച്ചുകൂട്ടണമായി രുന്നു. അവൾപിന്നെ പുറത്തിറങ്ങരുത്, പൂമുഖം കാണരുത്. അടുക്കളയ്ക്കടുത്ത് അന്തർജ്ജനങ്ങൾക്കായുണ്ടാക്കിയ കുള ത്തിൽപോയി കുളിച്ചുവരാം അതായിരുന്നു, അവൾക്ക് അനുവദിച്ച ഏറ്റവും വലിയ സഞ്ചാരപരിധി.

കൾക്കും 63 പേജ് മാത്രം വരുന്ന ഈ കുഞ്ഞുകൃതിയിൽ അവർ സ്ഥലം കണ്ടെത്തുന്നു.

കുറിയേടത്തുതാത്രിയുടെ സ്മാർത്തവിചാരത്തെത്തുടർന്നുണ്ടായ വ്യസനകരമായ വ്യക്തിദുരന്തത്തെക്കുറിച്ച് താൻ മുമ്പുകേട്ട കഥ പങ്കുവെക്കുന്നുണ്ട്, അവർ. താത്രി 65 പുരുഷന്മാരുടെ പേരുകൾ വിളിച്ചുപറഞ്ഞുകഴിഞ്ഞിട്ടും വിചാരം തുടരാനാണ് ഭാവമെന്നു കണ്ട് അസ്വസ്ഥനായ രാജാവ് നടപടികൾ അവസാനിപ്പിക്കാൻ സ്മാർത്തനോടും മറ്റുകാര്യക്കാരോടും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ 'സാധന'ത്തിന് ഒരു കൂസലുമുണ്ടായില്ല. സ്മാർത്തനേയും മീമാംസകരെയും ഒട്ടൊന്ന്പരിഭ്രമിപ്പിക്കുന്ന മട്ടിൽ ഇനിയെല്ലാം കുഞ്ഞമ്മായി പറയും എന്നു പറഞ്ഞാണത്രേ താത്രി നിർത്തിയത്. അതോടെ സ്മാർത്തന്മാർക്ക് ഈ അമ്മായിയെ വെറുതെ വിടാൻ വയ്യെന്നായി. അവർ ആ അന്തർജ്ജനത്തിൽനിന്ന് തെളിവെടുക്കാൻ ഏറെ ശ്രമിച്ചെങ്കിലും ഒരു തെളിവും കിട്ടിയില്ലത്രേ. പക്ഷേ അവരെ സ്വജാതിയിൽ നില നിർത്താൻ സ്മാർത്തനും മീമാംസകരും ധൈര്യപ്പെട്ടില്ല. ഒടുവിൽ ആ അന്തർജ്ജനത്തെ ഇല്ലത്തിന്റെ വടക്കുപുറത്തുപണിത ഒരു അഞ്ചാം പുരയിൽ ജീവപര്യന്തം, വാല്യക്കാരികൾഅടക്കം ആരുമായും സ്പർശസമ്പർക്കമില്ലാതെ താമസിപ്പിക്കാനാണ് തീരുമാനമായത്. വാല്യക്കാരികൾ കൊണ്ടുവച്ചുപോകുന്ന ആഹാരം കഴിച്ച് ആരുടെയും തുണയില്ലാതെ ആ വിധവ അഞ്ചാംപുരയ്ക്കകത്തെ തന്റെ ശിഷ്ടജീവിതം തള്ളിനീക്കുകയായിരുന്നു. ആ അഞ്ചാംപുരയിൽകിടന്നു തന്നെ 'അതു' മരിച്ചുവത്രേ. 'ന്നാലും ഭാഗ്യായീട്ടോ. അധികം നരകിച്ചില്ലല്ലോ' എന്നായിരുന്നുവത്രേ ഈ മരണത്തോട് ആളുകളുടെ പ്രതികരണം.

നിലയങ്ങോട്ടെ പാപ്തിവല്യമ്മയിൽനിന്നാണ് താത്രിയെപ്പറ്റി ഗ്രന്ഥകർത്രി കേട്ടത്. താത്രിയെപ്പറ്റി പറയുമ്പോൾ മറ്റ് അന്തർജ്ജനങ്ങൾക്ക് ഗൂഢമായ ഒരു സുഖവും തൃപ്തിയും ആവേശവും ഉണ്ടായിരുന്നുവെന്ന് അവരോർക്കുന്നു. വല്യമ്മയും താത്രിയും ഏതാണ്ട് സമപ്രായം ആകാനാണ് ഇട. കുട്ടിക്കാലത്തു തന്നെ വല്യമ്മ താത്രിയെ അറിഞ്ഞുകണ്ടിട്ടുണ്ട്. താത്രിയുടെ ലോഗ്യം, കണ്ടാലത്തെ ഭംഗി, പെരുമാറ്റം  ഇതൊക്കെ കണ്ട് ആ കുട്ടിയോട് ഇഷ്ടം തോന്നിയിരുന്നു എന്നാണ് അവർ പറഞ്ഞത്. ഒരു രാത്രിയിൽ കല്പകഞ്ചേരിയിൽ തങ്ങിയ വല്യമ്മ മധുരസ്വരത്തിൽ കുട്ടി രാമായണം വായിക്കുന്നതുകേട്ട് അതിശയിച്ചു. ചെന്നുനോക്കിയപ്പോൾ അതു താത്രിയായിരുന്നു. അക്കാലത്ത് നമ്പൂതിരി സമുദായത്തിലെ പെൺകിടാങ്ങൾക്ക് ഈമട്ടിലുള്ള കഴിവുകൾ നന്നേ കുറവായിരുന്നു.(പു. 50) സ്മാർത്തവിചാരത്തോടെയാണ് വല്യമ്മക്ക് താത്രിയെപ്പറ്റി മതിപ്പുകുറഞ്ഞത്. ഈ വല്യമ്മ 9–ാം വയസ്സിൽ വേളികഴിഞ്ഞ് വധുവായി നിലയങ്ങോട്ടെത്തിയതാണത്രേ. 25 വയസ്സിൽ ഭർത്താവുമരിച്ചു. പിന്നീട് 75–വയസ്സുവരെവിധവയായിക്കഴിഞ്ഞു. തന്റെ 9–ാം വയസ്സിൽ നടന്ന വേളിയുടെ വിശേഷം ഈ വല്യമ്മ ആവർത്തിച്ചു പറയുമായിരുന്നത്രേ. കളിയിൽ മുഴുകിനടന്ന ഒരു വൈകുന്നേരം ഇല്ലത്ത് കുറേ അന്തർജ്ജനങ്ങൾ വന്നുകയറി. കളിയുടെ ഉത്സാഹത്തിനിടയ്ക്ക് അവർ എന്തിനാണ് വന്നതെന്ന് അന്വേഷിക്കാൻ പോയില്ല. പിറ്റേന്നുകാലത്ത് ഉടുത്തുതുടങ്ങിയിട്ടില്ലാത്ത കുട്ടിയെ എല്ലാവരും ചേർന്ന് കുളത്തിൽ കൊണ്ടുപോയി കുളിപ്പിച്ചു. നിർബന്ധിച്ച് ഇണമുണ്ടുടുപ്പിച്ചു. ഒരാഴ്ചയോളം സന്നിപാതജ്വരം പിടിപെട്ട കുട്ടി കുളിച്ചിട്ട് ഒരാഴ്ചയായതേയുണ്ടായിരുന്നുള്ളൂ. മുടി പറ്റെ വെട്ടിയിരുന്നു. ദേഹം മൊളിപിടിച്ച് പൊറ്റ കെട്ടിയിരുന്നു. കുളിപ്പിച്ച് അകത്തുകൊണ്ടുവന്ന് വിവാഹത്തലേന്നുള്ള അയനിയൂണിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. എനിക്ക് ഉടുക്കണശീലവേണ്ട, കോണംമതി എന്ന് കുട്ടിയായ പാപ്തി വാശിപിടിച്ചെങ്കിലും ആരും ഗൗനിച്ചില്ല.(പു. 49) പാപ്തി പകൽമുഴുവൻ സമപ്രായക്കാരായ കുട്ടികളോടൊപ്പം കളിക്കും. ഭർത്താവിനെ വലിയ പേടിയായിരുന്നുവത്രേ. രാത്രി അദ്ദേഹത്തോടൊപ്പം കിടക്കാൻ കൂട്ടാക്കില്ല. അമ്മമാർ നിർബന്ധിച്ച് മുകളിലെ അറയിൽ കൊണ്ടാക്കും. രാവിലെ വാതിൽ തുറന്ന ഉടൻ പുറത്തുചാടും. പതിനാറുവയസ്സു കഴിഞ്ഞപ്പോഴാണ് ഭർത്താവിനോടുള്ള പേടി മാറിയതത്രേ.

ഈ കഥകളെല്ലാം സ്ത്രീകൾക്ക് അക്ഷരാഭ്യാസമോ സാഹചര്യമോ ഉണ്ടായിരുന്നെങ്കിൽ അവർ തന്നെ പറയുമായിരുന്നു. ഓരോ അന്തർജ്ജനത്തിനും സവിശേഷ അത്മകഥയുണ്ടായിരുന്നുവെന്നർഥം. കണ്ണുകാണാത്ത ഒരുപാടന്തർജ്ജനങ്ങൾ അന്ന് ഇല്ലങ്ങളിലുണ്ടായിരുന്നുവെന്ന് ദേവകിഅന്തർജ്ജനം പറയുന്നുണ്ട്. ഇതു ധ്വന്യാത്മകപ്രയോഗമാ

> അന്നത്തെ അന്തർജ്ജനജീവിതത്തിന്റെ സകല മാനങ്ങളും അടയാളപ്പെടുത്തുന്ന ഈ കൃതി വി.ടി.യുടെ കണ്ണീരും കിനാവും പോലെയും ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി പോലെയും ചരിത്രകൃതികൂടിയാണ്. തന്റെ കഥയ്ക്കുമാത്രമല്ല, മറ്റുള്ളവരുടെ കഥകൾക്കും 63 പേജ് മാത്രം വരുന്ന ഈ കുഞ്ഞുകൃതിയിൽ അവർ സ്ഥലം കണ്ടെത്തുന്നു.



യിരിക്കുമോ? അല്ലെങ്കിൽ എന്തായിരിക്കാം അതിനുകാരണങ്ങളെന്ന് ഊഹിക്കാൻ തുടങ്ങിയാൽ പലതുമുണ്ടാവും ഉത്തരങ്ങൾ.

1928-ൽ പിറന്ന ഗ്രന്ഥകർത്രി 15-ാം വയസ്സിൽ വിവാഹിതയാകുന്നതുവരെയുള്ള ഓർമകളാണ് ഈ ആത്മകഥയിലെ ആദ്യഭാഗം. ഇല്ലത്തിനുപുറത്ത് പലവിധ പ്രക്ഷോഭങ്ങളുടെയും കാലമായിരുന്നു, ഇത്. “അടുക്കളയിൽനിന്ന് അരങ്ങത്തേക്കുനാടകം, നമ്പൂതിരിബില്ല്, ഓലക്കുടയും ശീലപ്പുതപ്പും കളഞ്ഞത്, നമ്പൂതിരിവിദ്യാലയങ്ങൾ തുറപ്പത് എല്ലാം നടന്നുകഴിഞ്ഞു. ആംഗലത്തിന്റെ പുലരിമന്ത്രങ്ങൾ കുട്ടികൾ ഉരുവിട്ടുതുടങ്ങിയിരുന്നു. നാട്ടിൽ ഉപ്പുസത്യാഗ്രഹവും കോവിൽപ്രവേശനവും വിദേശത്തുണികത്തിക്കലും നടക്കുന്നു. എന്നിട്ടും ചില മനവളപ്പുകളും അകത്തളങ്ങളും നാലുകെട്ടുകളും ശ്രീകോവിലുകളും ഇരുട്ടൊഴിയാതെ നിന്നു. ഒടുക്കംമാത്രം മഴയെത്തുന്ന ചില പ്രദേശങ്ങളെപ്പോലെ. യോഗക്ഷേമസഭ മുളയ്ക്കാനും പടരാനും വൈകിയ ഇടങ്ങൾ.”(മുന്നുരയിൽ ആറ്റൂർ)

കാഞ്ഞൂർ മഠത്തിൽ വച്ചുചേർന്ന യോഗക്ഷേമസഭയുടെ മീറ്റിംഗിലും മിശ്രഭോജനത്തിലും പങ്കെടുത്തതിന് മൂന്ന് ഏട്ടന്മാർക്ക് ഫലത്തിൽ ഭ്രഷ്ടു കല്പിച്ചുവത്രേ, ഇല്ലത്തെ അപ്ഫന്മാർ. അവർ ആരെയും തൊടാതെയും നാലകത്ത് വരാതെയും പത്തായപ്പുരയിൽ പാർത്തു. അതിനിടെ ഒരു അദ്ഭുതം സംഭവിച്ചു. അവരെ ഓരോരുത്തരെയായി കാണാതായി. അവർ ചാടിപ്പോയത് സ്കൂളിൽ ചേരാനായിരുന്നു.

പുരുഷന്മാരുടെ സ്ഥിതി ഇതായിരുന്നെങ്കിൽ ദേവകി നിലയങ്ങോടിനെപ്പോലുള്ള സ്ത്രീകൾ എങ്ങനെയായിരിക്കും ഈ നവോത്ഥാനപ്രവർത്തനങ്ങളോട് സഹകരിച്ചിട്ടുണ്ടാവുക? സ്വന്തം ഭാര്യമാരുടെ നീട്ടിയകാത് വലിച്ചുപൊട്ടിച്ചും ആവണപ്പലക എടുത്തെറിഞ്ഞ് അവരുടെ കാലൊടിച്ചും രസിച്ചിരുന്ന നമ്പൂതിരിമാർക്ക് ഒരു പേടിസ്വപ്നമായിരുന്ന ആര്യാപള്ളമായിരുന്നു നവോത്ഥാന പ്രവർത്തനത്തിനു നേതൃത്വം വഹിച്ചിരുന്നത്. അവർക്കും മറ്റു പുരോഗമനചിന്താഗതിക്കാർക്കുമൊപ്പം പ്രവർത്തിക്കുമ്പോൾ യാത്രക്കിടയിൽ ഒരു രാത്രിവിശ്രമത്തിന് തന്റെ ഇല്ലത്തുചെല്ലാനിടയായകാര്യം അവരോർക്കുന്നു. അമ്മ ഈ വിവരം അറിഞ്ഞിട്ടുപോലും അവരെ കാണാനോ സംസാരിക്കാനോ വന്നില്ലത്രേ. പെൺകിടാവായി ഇല്ലത്തിരിക്കുന്ന സമയത്ത് ഞൊറിയിട്ട മുണ്ടിന്റെ അറ്റം പിന്നിലൂടെ ചുറ്റിയുടുക്കുന്നതോ മുടി ഇടതുഭാഗത്ത് വകഞ്ഞൊതുക്കുന്നതോ പോലും പരിഷ്കാരമായിക്കരുതി വിലക്കിയിരുന്നയാളാണ് എന്റെ അമ്മ-എന്ന് അവർ എഴുതുന്നുണ്ട്.

പട്ടാമ്പിക്കടുത്തുള്ള ഓങ്ങല്ലൂരിലെ ഒരില്ലത്ത് പതിനാലു വയസ്സുള്ള പെൺകുട്ടി വിധവയായിരിക്കുമ്പോൾ 70 വയസ്സുള്ള വൃദ്ധന്റെ പുനർവിവാഹം തടയാൻശ്രമിച്ചതും ആ ശ്രമം വൃഥാവിലായതുമായ കഥകൾ അവർ പങ്കുവെക്കുന്നു.1944-ലായിരുന്നു, ഇത്. ഏറെതാമസിയാതെ 1945-ൽ ഓങ്ങല്ലൂരിൽവച്ചുനടന്ന സുപ്രസിദ്ധസമ്മേളനത്തിലാണ് ഇ.എം.എസ് ‘നമ്പൂതിരിയെ മനുഷ്യനാക്കണം’ എന്ന പ്രഖ്യാപനം നടത്തുന്നത്. സ്ത്രീകൾക്ക് സ്വന്തമായി തൊഴിൽ, എന്തെങ്കിലുമൊരു വരുമാനം എന്ന ലക്ഷ്യവുമായി തൊഴിൽപരിശീലനകേന്ദ്രം ആരംഭിച്ചത് വി.ടി.യുൾപ്പെട്ട ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായാണ്. സ്ത്രീകൾ എഴുതി, സ്ത്രീകൾ സംവിധാനംചെയ്ത്, സ്ത്രീകൾ അഭിനയിച്ച തൊഴിൽകേന്ദ്രത്തിലേക്ക് എന്ന നാടകം അന്ന് ഒരുപാടുവേദികളിൽ കളിക്കുകയും ചർച്ചചെയ്യപ്പെടുകയും ചെയ്തു.

ഈ ആത്മകഥ അവസാനിക്കുന്നത് ഇന്നു നമ്പൂതിരികുടുംബത്തിനുമാത്രമായി ഒരു പരാധീനതയില്ല. ഇതുപോലുള്ള മറ്റുകുടുംബങ്ങൾക്കുള്ള അതേ സുഖവും അതേ ദു:ഖവും അതേ വേവലാതിയും അതേ ആഗ്രഹവും തന്നെയാണ് അവർക്കും ഉള്ളത്. കാലം എല്ലാവരെയും ഒരുപോലെയാക്കിയിരിക്കുന്നു എന്ന് ഓർമിപ്പിച്ചുകൊണ്ടാണ്. ഇനിമേലിൽ അന്തർജ്ജനങ്ങൾക്കുമാത്രമായി ഒരാത്മകഥയില്ലതന്നെ എന്നുപറയുമ്പോൾ വംശബോധത്തിൽനിന്ന് വർഗ്ഗബോധത്തിലേക്കുവളരുകയാണ് അവരുടെ ചിന്ത എന്നു കാണാം. എല്ലാ പെണ്ണിന്റെയും പ്രശ്നങ്ങൾ സമാനമാവുന്നു. പറഞ്ഞാൽത്തീരാത്ത കഥകൾ അവർ കൊണ്ടുനടക്കുന്നു. എതുമതത്തിൽ, ഏതുജാതിയിൽപ്പിറന്ന പെണ്ണും പലമട്ടിൽ ഒരേയവസ്ഥ തരണം ചെയ്യേണ്ടിവരുന്നു. ഈ അതിജീവനത്തിന്റെ കഥയ്ക്കാണ് ഇനി പ്രസക്തി എന്ന പറയാതെ പറച്ചിൽതന്നെയാണ് ഈ ആത്മകഥയുടെ വലിയപ്രസക്തി.


*കടപ്പാട്*

ദേവകി നിലയങ്ങോട്. 2003. നഷ്ടബോധങ്ങളില്ലാതെ. തൃശൂർ: കറന്റ് ബുക്സ്

ഭട്ടതിരിപ്പാട്, വി. ടി. 2010. വി. ടി.യുടെ സമ്പൂർണകൃതികൾ. കോട്ടയം: ഡി സി ബുക്സ്

ലളിതാംബിക അന്തർജനം. 1997. ആത്മകഥയ്ക്ക് ഒരാമുഖം. തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല


*Jelinek, Estelle C. 1980. Women's Autobiography: Essays in Criticism. Indiana University Press*

*Johnson, Barbara. 1989. A World of Difference. JHU Press*

*Smith, Sidonie and Julia Watson. 1998. Women, Autobiography, Theory: A Reader. University of Wisconsin Press*



ആതിര നന്ദൻ





My Place

SALLY MORGAN

# ആത്മകഥകൾ അവതരിപ്പിക്കുന്ന ദ്വന്ദ്വങ്ങൾ:

*സാലി മോർഗന്റെ 'എന്റെ ഇടവും (മൈ പ്ലേസ്) സി.കെ ജാനുവിന്റെ 'മാതൃവനവും' (മദർ ഫോറസ്റ്റ്)*




**'തന്റെ ഇടം'** എന്നത് ആസ്ത്രേലിയയിലെ അബൊറിജിനൽസിന്റെ ഇടയിലും നമ്മുടെ ആദിവാസികൾക്കിടയിലും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ആന്തരികം/ബാഹ്യം, അകം/പുറം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങൾ അപ്രസക്തമാകുന്ന, അതിരുകൾ മറഞ്ഞ് ഏകലോക സങ്കൽപത്തിലെത്തുന്ന ഈ കാലത്ത് ആദിവാസികളും അബൊറിജിനൽസും സ്വത്വ കൽപനകളെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നത് ശ്രദ്ധേയവും വൈരുദ്ധ്യാത്മകവുമാണ്. ഇത്തരം അർത്ഥ സംവാദങ്ങൾക്കിടയിൽ അകം/പുറം പോലുള്ള ദ്വന്ദ്വങ്ങളെ കൂടുതൽ പരിശോധിക്കുന്നതിനായി സി.കെ ജാനുവിന്റെ 'മാതൃവനവും', സാലിമോർഗന്റെ 'എന്റെ ഇടവും' ഉപയോഗിക്കുന്നു.

**'പുറ'ത്തിന്റെ ഇടപെടലുകൾ**

ചിലരുടെ അഭിപ്രായത്തിൽ പ്രവാസികളുടെ ആഗമത്തോടെ ഞങ്ങളുടെ ആളുകൾ പൊതു സമൂഹവുമായി കൂടുതൽ ഇടപഴകാൻ തുടങ്ങി. ജന്മിമാരും, പൊതുസമൂഹത്തിലെ ആളുകളും ഒരു പോലെ ഞങ്ങളുടെ സ്ത്രീകളെ ഉപയോഗിച്ചു.

(മാതൃവനം P. 2829)

പൊതു സമൂഹത്തിന്റെ ഇടപെടലുകൾ എല്ലാം തന്നെ ആദിവാസികളെ ഉദ്ധരിക്കാൻ എന്ന പേരിൽ അവരെ ചൂഷണം ചെയ്യുന്ന തരത്തിലുള്ളതായിട്ടാണ് 'മാതൃവന' ത്തിൽ നമ്മൾ കാണുന്നത്. പണ്ട് കോളനിവത്കരണത്തിനുപയോഗിച്ച തന്ത്രങ്ങൾ തന്നെ

ഇവരും ആദിവാസികളുടെ മേൽ ഉപയോഗിക്കുന്നതു കാണാം. ഒരു കുപ്പി ചാരായത്തിനോ, നല്ല പുകയിലയ്ക്കോ, സാരിയ്ക്കോ വേണ്ടി ആദിവാസികൾ സ്വന്തം ഭൂമി വിട്ടു കൊടുക്കുന്നു. പൊതു സമൂഹവുമായി ഇടപെട്ട ആദിവാസികളെല്ലാം അതിന്റെ ദുഷിച്ച വശങ്ങൾ മാത്രം സ്വാംശീകരിച്ചതായി സി.കെ ജാനു പറയുന്നു.

സാലി മോർഗന്റെ 'എന്റെ ഇട'ത്തിൽ കാണുന്ന 'പുറം' അതേ സമുദായത്തിൽ തന്നെയുള്ള ചൂഷകരെ പ്രതിനിധീകരിക്കുന്നു. സാലി – ജിൽ സഹോദരിമാരുടെ അമ്മാവൻ തന്നെ അവരെ ചൂഷണം ചെയ്യുന്നു. വിലകൂടിയ ആഭരണങ്ങൾ സമ്മാനിച്ച് ജില്ലുമായി അടുക്കാനാണ് അയാൾ ശ്രമിക്കുന്നത്. ജില്ലിന്റെ ആരെയും സംശയിക്കാത്ത നിഷ്കളങ്കത കാണുമ്പോൾ ഈ സംഭവം നമ്മുടെ മനസ്സിനെ കൂടുതൽ ഉലയ്ക്കും. ഇര കൂടുതൽ ബലഹീനമാവുമ്പോൾ ശത്രു കൂടുതൽ അപകടകാരിയും നൃശംസനുമാകുന്നു.

**കുടുംബ ബന്ധങ്ങൾ**

സാധാരണ നമ്മൾ കണ്ടുവരുന്ന രീതിയിലുള്ള കുടുംബബന്ധങ്ങളല്ല ഈ രണ്ടു ആത്മകഥകളിലും അവതരിപ്പിയ്ക്കപ്പെടുന്നത്. സഹോദരിമാർ തമ്മിലുള്ള ആത്മബന്ധത്തിനും അമ്മയും മകളും തമ്മിലുള്ള ഇഴയടുപ്പത്തിനുമാണ് 'എന്റെ ഇടം' പ്രാധാന്യം കൊടുക്കുന്നത്.

ഞങ്ങളുടെ വേഷങ്ങൾ അങ്ങോട്ടുമിങ്ങോട്ടും വെച്ചു മാറി. എന്നേക്കാൾ ശാരീരിക ശേഷി കൂടുതലുള്ള ജിൽ എനിയ്ക്കുവേണ്ടി എന്റെ യുദ്ധങ്ങളെല്ലാം പയറ്റി. ഇത്തവണ അവളെ നോക്കേണ്ടത് എന്റെ കടമയായിരുന്നു.

സാലിയും ജില്ലും ബിയാട്രിസ് കൾട്ടന്റെ 'ഏപ്രിൽ റെയിൻട്രിയെ തേടി (ഇൻ സർച്ച് ഓഫ് ഏപ്രിൽ റെയിൻ ട്രീ) എന്ന കനേഡിയൻ നോവലിലെ ഏപ്രിൽ – ചെറിൽ സഹോദരിമാരെ ഓർമ്മപ്പെടുത്തുന്നു. ടോണി മോറിസന്റെ 'നീല കണ്ണിലും', (ദ ബ്ലൂവസ്റ്റ് ഐ), ക്ലോഡിയ –ഫ്ളോറെൻസ്, 'ഹാവിംഗ് അവർ സെ'യിലെ ബെസ്സി–സാഡി സഹോദരിമാരിലും ഇതേ സഹോദരീ ബന്ധത്തിന്റെ പ്രതിബിംബങ്ങൾ കാണാം. ഈ സഹോദരിമാരിലെല്ലാം രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടു പാത്ര സ്വഭാവങ്ങളാണ് കാണുന്നത്. ഒരാൾക്ക് വർഗ്ഗസവിശേഷതകൾ നിറം, മുടി ശാരീരിക പ്രകൃതികൾ – കൂടുന്തോറും അയാൾ തന്റെ ഇടത്തെക്കുറിച്ചും വർഗ്ഗത്തെയും വേരുകളെയും കുറിച്ചും കൂടുതൽ ആകാംക്ഷ പുലർത്തുന്നു. ഇവർ കൂടുതൽ ശക്തിയായി പ്രതികരിയ്ക്കുന്നത് കാണാം. സാലി, ചെറിൽ ഒക്കെ ഈ വിഭാഗത്തിൽ പെടുന്നു. രണ്ടുപേരിലെ ഇനിയൊരാൾ വർഗ്ഗസവിശേഷതകൾ കുറഞ്ഞും പൊതുസമൂഹവുമായി വളരെ സൗഹൃദപരമായി ബന്ധം പുലർത്തുന്നതായും കാണാം. ജില്ലിന്റെ സ്കൂൾ ജീവിതം സന്തോഷം നിറഞ്ഞതും വിജയകരവുമാവുമ്പോൾ സാലിയുടേത് സംഘർഷഭരിതവും ഒറ്റപ്പെടുത്തുന്നതുമായി. ജില്ലിനെ അമ്മാവൻ ചൂഷണം ചെയ്യാനൊരുങ്ങുമ്പോഴാണ് സാലി–ജിൽ സഹോദരിമാരുടെ ബന്ധത്തിന്റെ മറ്റൊരു തലം നാം കാണുന്നത്. ജില്ലിന്റെ സുരക്ഷയെക്കരുതി സാലി വളരെയധികം മാനസിക സംഘർഷമനുഭവിക്കുന്നതായി കാണാം.

ജില്ലിനെ അമ്മാവൻ ചൂഷണം ചെയ്യാനൊരുങ്ങുമ്പോഴാണ് സാലി–ജിൽ സഹോദരിമാരുടെ ബന്ധത്തിന്റെ മറ്റൊരു തലം നാം കാണുന്നത്. ജില്ലിന്റെ സുരക്ഷയെക്കരുതി സാലി വളരെയധികം മാനസിക സംഘർഷമനുഭവിക്കുന്നതായി കാണാം.

സ്ത്രീകൾക്കിടയിലെ ഇത്തരം ബന്ധങ്ങൾ 'മാതൃവന'ത്തിലും സുലഭമായി കാണാം. ദേവി, ലക്ഷ്മി, വള്ളി, അമ്മിണി എന്നിങ്ങനെയുള്ള ഒരു പാട് ആദിവാസി സ്ത്രീകളോടുള്ള തന്റെ അടുപ്പത്തെക്കുറിച്ച് സി.കെ പറയുന്നുണ്ട്.

എന്റെ ചെറുപ്പത്തിൽ അമ്മിണി എന്നൊരു കൂട്ടുകാരിയുണ്ടായിരുന്നു. എന്റെ അമ്മയും അവളുടെ അമ്മയും വളരെ അടുപ്പത്തിലായിരുന്നു. അമ്മിണി എന്നേക്കാൾ മുതിർന്നതായിരുന്നു. അവളുമായി ഞാൻ എല്ലാം പങ്കുവെച്ചിരുന്നു.

(മാതൃവനം P. 20)

ഈ രണ്ട് ആത്മകഥകളിലും അച്ഛൻ, സഹോദരൻ, ഭർത്താവ് എന്ന വേഷങ്ങൾക്ക് പ്രാധാന്യം കുറവാണ് അച്ഛൻ ഉള്ളതും ഇല്ലാത്തതും ഒരു പോലെ എന്നാണ് സി.കെ പറയുന്നത്. സി.കെയുടെ കല്ല്യാണത്തെക്കുറിച്ച് ചെറിയൊരു പരാമർശം മാത്രം കാണാം.

സമുദായം തന്നെ കുടുംബമാവുമ്പോൾ രണ്ട് ആത്മകഥകളിലും സമുദായത്തിന്റെ പ്രശ്നങ്ങൾ കുടുംബപ്രശ്നങ്ങളും വ്യക്തിയുടെ തന്നെ പ്രശ്നങ്ങളും ആകുന്നതായി കാണുന്നുണ്ട്. 'എന്റെ ഇടം' എന്നത് സമുദായത്തിൽ തനിക്കുള്ള ഇടം എന്നതിനേക്കാൾ ഉപരി ആ സമുദായത്തിന്റെ പ്രതിനിധി എന്ന നിലയിൽ പൊതു സമൂഹത്തിലുള്ള ഇടം എന്നതാണ് ധ്വനിപ്പിക്കുന്നത്. പലപ്പോഴും സാമുദായിക ബിംബങ്ങളെ ഉപേക്ഷിക്കുന്നവർ തന്റെ ഇടം നഷ്ടപ്പെട്ട് എങ്ങുമെത്താതെ വായുവിൽ നിൽക്കുന്നത് കാണാം. ആമ വീട് ചുമന്നു നടക്കുന്നതുപോലെ സമുദായത്തെ ചുമന്ന് തന്റെ ഇടം കണ്ടെത്താൻ ശ്രമിക്കുന്നവരെ മറു ഭാഗത്ത് കാണുന്നു.

*ശേഷം പേജ് 41 ൽ*






മീനു

പെണ്ണെഴുത്ത് എന്ന ഉപശീർഷകപൊലിമയോടുകൂടി മലയാളി ആസ്വാദനതലം അതിന് അതിരിടുകയോ മുഖ്യധാരാ എഴുത്തിൽനിന്നും പ്രത്യക്ഷമല്ലാത്തവിധം തീണ്ടാപ്പാടകലം സൂക്ഷിക്കുകയോ ചെയ്തു. എന്നാൽ സ്ത്രീ ആത്മകഥകൾ ഒരു സുരക്ഷിതരൂപ (safe form) ത്തിനകത്താണ് നിലകൊണ്ടത് എന്നത് അവയ്ക്കുള്ളിലെ സ്ത്രീസ്വത്വാവിഷ്കാരത്തെ തകർക്കുന്നുണ്ട്.

# ആത്മകഥയിലേക്ക് പ്രവേശിക്കുന്ന സ്ത്രീ:

## അനുഭവസാക്ഷ്യങ്ങളെ മുൻനിർത്തിയുള്ള വിചാരം

**ആത്മകഥ** രചിക്കുന്ന സ്ത്രീ ഒരു പുതുമയല്ല. 19-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ അത്തരം ശ്രമങ്ങൾ മലയാളസാഹിത്യം പരിചയിച്ചു തുടങ്ങിയിരുന്നു. അവ വലിയതോതിൽത്തന്നെ അടയാളപ്പെടുകയും ചെയ്തു. സമകാലിക ആത്മകഥക്കകത്തേക്ക് പ്രവേശിക്കുന്ന സ്ത്രീസ്വത്വത്തിന് സംഭവിക്കുന്ന പരിണതികളാണ് ഇവിടെ ചർച്ചാവിഷയം. കേരളീയ പരിതസ്ഥിതിയിൽ എൺപതുകളിലും തൊണ്ണൂറുകളിലുമായി വികാസം പ്രാപിച്ച സ്ത്രീവാദപ്രസ്ഥാനങ്ങൾ സ്ത്രീകളുടെ ആത്മകഥാപ്രവേശത്തെ ത്വരിതപ്പെടുത്തുകയുണ്ടായി. പെണ്ണെഴുത്ത് എന്ന ഉപശീർഷക പൊലിമയോടുകൂടി മലയാളി ആസ്വാദനതലം അതിന് അതിരിടുകയോ മുഖ്യധാരാ എഴുത്തിൽനിന്നും പ്രത്യക്ഷമല്ലാത്തവിധം തീണ്ടാപ്പാടകലം സൂക്ഷിക്കുകയോ ചെയ്തു. എന്നാൽ സ്ത്രീ ആത്മകഥകൾ ഒരു സുരക്ഷിതരൂപ (safe form) ത്തിനകത്താണ് നിലകൊണ്ടത് എന്നത് അവയ്ക്കുള്ളിലെ സ്ത്രീസ്വത്വാവിഷ്കാരത്തെ തകർക്കുന്നുണ്ട്. ഭൂരിഭാഗം സ്ത്രീ ആത്മകഥകളും ഭർതൃചരിതത്തിലൂടെ സ്വത്വത്തെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നവയായിരുന്നു. ഉത്തമയായ സ്ത്രീബിംബങ്ങൾ എന്ന തരത്തിൽ സ്വ

യം സാക്ഷാത്ക്കാരം നേടുന്നവയായി ആത്മകഥക്കകത്തെ സ്ത്രീ ചുരുങ്ങി. സാമൂഹികമാറ്റങ്ങളുടെ പരിഛേദങ്ങളും സ്ത്രീസ്വത്വത്തിന്റെ വിഭിന്നങ്ങളായിട്ടുള്ള മാനസിക നിലപാടുകളും അവ ഏറിയകൂറും വെളിപ്പെടുത്താതിരിക്കുകയോ അവഗണിക്കുകയോ ചെയ്തു.

ഈ സന്ദർഭത്തിനകത്താണ് ആൺകോയ്മ സൃഷ്ടിച്ചെടുത്ത വരേണ്യബോധം അതിരിട്ട ചത്വരത്തിന് പുറത്തുനിന്നും സുരയ്യാബാനുവിനെപ്പോലെ അനേകർ സമാന്തര അനുഭവകഥനങ്ങളുമായി കടന്നുവരുന്നത്. കേട്ടെഴുതപ്പെട്ട ഇത്തരം ആത്മകഥകൾ രൂപീകരിക്കപ്പെടുന്ന സാമൂഹിക സന്ദർഭങ്ങളെയും നിർമ്മിച്ചെടുക്കുന്ന വ്യക്തിസ്വത്വബോധത്തിന്റെ പലമാതിരിയുള്ള നിലകളെക്കുറിച്ചുമാണ് ലേഖനം പൊതുവിൽ ചർച്ചചെയ്യുന്നത്.

പ്രാന്തവൽക്കരിക്കപ്പെട്ടവർ എന്നതിനു മുഖ്യധാരാ സാമൂഹ്യജീവിതാവസ്ഥകളിൽ സ്വയം കണ്ടെത്താനാവാത്ത പരാജിതർ എന്നുകൂടി അർത്ഥം കൽപ്പിക്കാം. പുത്തൻ അനുഭവകഥനങ്ങളുടെ ഉടമസ്ഥർ മുഖ്യധാരാ ജീവിതപരിസരങ്ങളിൽ നിന്നും പുറംതള്ളപ്പെട്ടവരാണ്. എന്നാൽ സമൂഹത്തിന്റെ കപട സംസ്കാരത്തിന്റെ അരികിൽ നിന്നുകൂടി ആട്ടിയകറ്റപ്പെട്ട ഒരു എക്സ്ട്രാനടിയുടെ ആത്മകഥയാണ് ഡ്യൂപ്പ്. ഇവിടെ നായികയാവാൻ മോഹിച്ച് രതിനായികമാരുടെ ശരീരമായിത്തീർന്ന എക്സ്ട്രാ നടിയായ സുരയ്യാബാനുവിന്റെ അനുഭവത്തെ കേട്ടെഴുതുന്നത് അരുൺ എഴുത്തച്ഛനാണ് (അപരാഖ്യാതാവ്). എൺപത്തിരണ്ട് പുറങ്ങളിലായി ഒരു സ്ത്രീയുടെ തീവ്രമോഹങ്ങളെക്കുറിച്ചും അതിന്റെ പരിണതിയെക്കുറിച്ചും വിവരണാത്മകമായാണ് ഈ ആത്മകഥ എഴുതപ്പെട്ടിരിക്കുന്നത്.

ആത്മകഥാസാഹിത്യത്തിലെ സ്ത്രീ പ്രതിനിധാനങ്ങളെല്ലാം മുഖ്യധാരാ ആത്മകഥകളെ പിൻപറ്റാതെ അല്ലെങ്കിൽ അവയ്ക്കു സമാന്തരമായി മറ്റൊരു വിധത്തിൽ സ്വത്വാവിഷ്കരണത്തിലൂടെ ആത്മകഥയിൽ ഇടം നേടാനാണ് ഉദ്യമിക്കുക. സത്രീചരിത്രപഠനങ്ങളിൽ സ്ത്രീക്കു ദൃശ്യത ലഭിക്കണമെങ്കിൽ മുമ്പേ അറിയപ്പെട്ടതും കൊണ്ടാടിയതുമായ സാമൂഹിക സാംസ്കാരിക ഇടങ്ങൾക്കു സമാന്തരമായി സ്ത്രീസ്വത്വം എഴുതപ്പെടണം. അതായത് മുന്നേ നിലവിലുള്ള മുഖ്യധാരാ പ്രതിനിധാനക്രമത്തിനുള്ളിൽത്തന്നെ അകപ്പെടണം. സ്ത്രീകൾ അതിനു തയ്യാറാവുകയും വേണം. ഘടനാപരവും അല്ലാത്തതുമായ നിരവധി തടസ്സങ്ങളെ അതിജീവിച്ചുകൊണ്ടും ആൺകോയ്മയെ നിരന്തരം എതിർത്തുകൊണ്ടുമാണ് മലയാള സാഹിത്യത്തിലെ സ്ത്രീപ്രവേശങ്ങളെല്ലാംതന്നെ സാധ്യമായത്. എന്നാൽ സാഹിത്യരംഗത്തെ സ്ത്രീയുടെ ഇടം ഉറപ്പിക്കാൻ ചില സദാചാരനിബന്ധനകൾകൂടി പാലിക്കണമെന്ന അബോധം ഇതിനകത്ത് പ്രവർത്തിക്കുന്നുണ്ട്. ആത്മകഥാ എഴുത്തിലെ വഴിമാറി നടത്തത്തിന് തുടക്കംകുറിച്ച നളിനി ജമീലയുടെ ആത്മകഥ സൃഷ്ടിച്ച വിവാദങ്ങൾ അനുഭവങ്ങൾക്ക് അത്തരത്തിലൊരു മാനദണ്ഡം നിശ്ചയിച്ച് ഈ ബോധങ്ങളെ ഉറപ്പിക്കുന്നുണ്ട്. ഈ മാനദണ്ഡങ്ങൾക്കു പുറത്താകുന്നവർ സാധാരണക്കാരാണ്. ആത്മകഥയ്ക്കു പാകമാകാത്ത ജീവിതം വഹിക്കുന്ന അയോഗ്യരാണ്. മുഖ്യധാരാസമൂഹം അടിച്ചേൽപ്പിക്കുന്ന സാധാരണത്വത്തെ വഹിച്ചുകൊണ്ട് പുറംതള്ളപ്പെട്ടവരാണ്. ഇതിൽ വേശ്യകളും ശരീരംകൊണ്ട് അഭിനയിക്കുന്ന ഡ്യൂപ്പുകളുമടക്കം അനേകമനേകം സ്ത്രീജീവിതങ്ങൾ ഉൾപ്പെടുന്നുണ്ട്. വരേണ്യമായ ജീവിതം ഒരു വിധത്തിലും ഈ വിഭാഗത്തിൽപ്പെട്ടവർ ജീവിക്കാത്തതു മൂലം ആത്മകഥാലോകത്തുനിന്നും പാടെ ഇവർ തഴയപ്പെടുന്നു. അവിടെനിന്നുമാണ് ഡ്യൂപ്പ് എന്ന ആത്മകഥയിലൂടെ സുരയ്യാബാനു സ്വത്വത്തെ ആവിഷ്കരിക്കുന്നത്. സ്ത്രീശരീരവുമായി ബന്ധപ്പെട്ടുനിൽക്കുന്ന വ്യവസ്ഥാപിത സദാചാരമൂല്യങ്ങളെ ചോദ്യം ചെയ്യാനോ അവയെ നിർധാരണം ചെയ്യാനോ ഇവിടെ അപരാഖ്യാതാവോ എഴുതപ്പെടുന്ന വ്യക്തിയോ ശ്രമിക്കുന്നില്ല. സ്ത്രീവാദപരവും തത്വചിന്താപരവുമായ ആഖ്യാനങ്ങളിൽ നിന്നും പുറത്താണ് ഇത്തരം ആത്മനിർമ്മിതിയുടെ സ്ഥാനം.

ബാല്യത്തിൽ തുടങ്ങി വർത്തമാനത്തിലെത്തുന്ന ഋജുവായ ആഖ്യാന രീതിയാണ് സുരയ്യയുടെ അനുഭവസാക്ഷ്യത്തെ നിർമ്മിക്കുന്നതിൽ ഉപയുക്തമാക്കിയിരിക്കുന്നത്. അപരാഖ്യാതാവിന്റെ ഇടപെടലുകൾ പ്രത്യക്ഷത്തിൽ ആത്മകഥയിൽ കാണാൻ കഴിയില്ല. 'ഞാൻ' എന്ന കർത്തൃത്വത്തിൽ കേന്ദ്രീകരിച്ച് എഴുതിപ്പോരുന്ന ശൈലിയിലാണ് ഈ ആത്മകഥയുടെയും നിർമ്മിതി. തമിഴ്ഭാഷ മാതൃഭാഷയായ വ്യക്തിയുടെ മല

ബാല്യത്തിൽ തുടങ്ങി വർത്തമാനത്തിലെത്തുന്ന ഋജുവായ ആഖ്യാനരീതിയാണ് സുരയ്യയുടെ അനുഭവസാക്ഷ്യത്തെ നിർമ്മിക്കുന്നതിൽ ഉപയുക്തമാക്കിയിരിക്കുന്നത്. അപരാഖ്യാതാവിന്റെ ഇടപെടലുകൾ പ്രത്യക്ഷത്തിൽ ആത്മകഥയിൽ കാണാൻ കഴിയില്ല.

യാളഭാഷയിലുള്ള ആത്മകഥനമാണ് ഡ്യൂപ്പ്. ഇവിടെ ഭാഷ, അനുഭവം, സ്വത്വം, സ്ഥലം, കാലം എന്നിവയെല്ലാം മറ്റൊരു ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെടുന്നു. ഭാഷയോടൊപ്പം സ്വത്വവും രണ്ടു തരത്തിൽ അട്ടിമറിക്കപ്പെടുന്നുണ്ട്. വിവർത്തനം എന്ന രീതിയിലും അപരാഖ്യാതാവ് ആഖ്യാനം ചെയ്യുന്നു എന്ന രീതിയിലും. ഇതുമൂലം അനുഭവങ്ങളുടെ തീക്ഷ്ണത രണ്ടു മടങ്ങായി കുറയുകയും ചെയ്യുന്നുണ്ട്. സ്വാനുഭവങ്ങളുടെ പുന:രാഖ്യാനത്തിലൂടെ അവയുടെ തീവ്രത നഷ്ടപ്പെടുന്നു. യാഥാർത്ഥ്യത്തിന്റെ നിഴൽമാത്രമായി ആത്മകഥ മാറുകയും ചെയ്യുന്നു.

ആര് ആരോടാണ് പറയുന്നത് എന്നതിനനുസരിച്ച് കഥയും മാറ്റപ്പെടും എന്നത് ആഖ്യാനത്തിനകത്ത് സങ്കീർണ്ണത ഉയർത്തുന്നുണ്ട്. ആഖ്യാനത്തിനകത്ത് അരുൺ എഴുത്തച്ഛൻ വാമൊഴി വരമൊഴിക്കിടയിലെ ഇടനിലക്കാരനാണ്. വാമൊഴിയായി പറയപ്പെടുന്ന അനുഭവങ്ങൾക്ക് വരമൊഴിയിൽ ഭാഷ്യം ചമയ്ക്കുകയാണ് അപരാഖ്യാതാവ് ചെയ്യുന്നത്. സ്ത്രീസ്വത്വത്തെ മുഖ്യധാരാ ആൺവിപണിബോധമാണ് നിർമ്മിച്ചെടുക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീസ്വത്വം എന്നതിനേക്കാളുപരി സ്ത്രീശരീരമാണ് ഇവിടെ പ്രതിനിധീകരിക്കപ്പെടുന്നത്. സ്ത്രീ എന്നത് ശരീരം മാത്രമാണെന്നും അവൾക്കു വ്യക്തിത്വമില്ലെന്നും ഊട്ടിയുറപ്പിക്കപ്പെട്ട സമൂഹത്തിന്റെ ഇരയാണ് സുരയ്യാബാനു. അത്തരത്തിലുള്ള ഇരയുടെ ആത്മകഥനമാകട്ടെ സ്ത്രീ ശരീരം മാത്രമാണെന്നുള്ള സാമ്പ്രദായിക ചിന്തയെ അടിവരയിരുന്ന തരത്തിലുമാണ് നിർമ്മിച്ചിരിക്കുന്നത്. അനുഭവങ്ങൾക്കു കടുംവർണ്ണങ്ങൾ ചാലിച്ചു പൊലിമ നൽകുന്നില്ല എന്നതൊഴിച്ചാൽ സ്ത്രീ ശരീരത്തിന്റെയും ലൈംഗികതയുടെയും വിവരണങ്ങൾ സാമ്പ്രദായിക പുരുഷ കാഴ്ചപ്പാടിലൂടെ എഴുതപ്പെടുകയാണ്. വെറും വിവരണങ്ങൾ എന്ന രീതിയിലേക്കു ഇവ ചുരുങ്ങിപോകുന്നു. സ്ത്രീ ശരീരവും സ്ത്രീ ലൈംഗികതയും നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഈ അനുഭവാഖ്യാനങ്ങൾ ശബ്ദിക്കുന്നില്ല. മുഖമില്ലാതെ ശരീരം കൊണ്ടുമാത്രം ജീവിച്ച ഒരു എക്സ്ട്രാനടിയുടെ അനുഭവാഖ്യാനത്തിനും ജീവിത സംഘർഷങ്ങളെ പകർത്താൻ സാധിക്കുന്നില്ല എന്നത് അപരാഖ്യാനത്തിന്റെ പരാജയമായി വായിക്കാവുന്നതാണ്. ഇങ്ങനെയും ജീവിതങ്ങൾ ഉണ്ട് എന്നതിന്റെ സ്ഥാപനം മാത്രമായി ഈ അനുഭവാഖ്യാനം ചുരുങ്ങിപോകുന്നു. അനുഭവങ്ങളുടെ രേഖപ്പെടുത്തലിനപ്പുറം ഒരു പ്രതിരോധമായി ഇവ മാറുന്നില്ല. കീഴാള മുന്നേറ്റം, പ്രതിരോധം, അതിജീവനം എന്നീ നിലകളിൽ പ്രാന്തവത്കൃതരുടെ അനുഭവസാക്ഷ്യങ്ങൾ വായിക്കുമ്പോൾ അതിനുപിന്നിൽ പ്രവർത്തിക്കുന്ന വിപണി ഉയർത്തുന്ന സമാന്തര സംസ്കാരബോധത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു. ജനപ്രിയ സാഹിത്യരൂപം എന്ന നിലയിൽ വളരെവേഗംതന്നെ അനുഭവസാക്ഷ്യങ്ങൾ മാറിയതിനുപിന്നിലെ മുഖ്യധാരാ മാധ്യമതാത്പര്യങ്ങൾ വിപണിയുമായാണ് ബന്ധപ്പെട്ടുകിടക്കുന്നത്. വ്യക്തിജീവിതങ്ങളുടെ സ്വകാര്യത യിലേക്കുള്ള ഒളിഞ്ഞുനോട്ടം (voyeurism) അപരജീവിതങ്ങൾ ആസ്വദിക്കാനുള്ള ത്വര (fetishise) എന്നിവ അനുഭവസാക്ഷ്യങ്ങൾ ആഘോഷമാക്കുന്ന സാമൂഹ്യതാത്പര്യങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്ന ഘടകങ്ങളാണ്. സ്വകാര്യതയെ വിപണിവിറ്റുവരവാക്കുന്നതിനുള്ള പ്രത്യക്ഷ ഉദാഹരണങ്ങളാണിവ.

ആത്മകഥാരചനയിൽ പൊതുവായി സംഭവിക്കുന്ന തിരഞ്ഞെടുപ്പും ഒഴിവാക്കലും ഈ ഡ്യൂപ്പിലും സംഭവിക്കുന്നുണ്ട്. ഏതൊരു ആത്മകഥയിലും വ്യക്തമായ രാഷ്ട്രീയവും പ്രത്യയശാസ്ത്രനിലപാടുകളും ഉണ്ട്. അവയുടെ സാധ്യത, സാധുത എന്നിവയെ വിവരിക്കുകയും വിശദീകരിക്കുകയുമാണ് ആത്മകഥയിലൂടെ എഴുത്തുകാരൻ ചെയ്യുന്നത്. അതിനുതകുന്ന തിരഞ്ഞെടുപ്പും ഒഴിവാക്കലുമാണ് ആഖ്യാനരീതിയിൽ ആത്മകഥാരചയിതാക്കൾ പുലർത്തുന്നത്. ഈ തെരഞ്ഞെടുപ്പിനെയും ഒഴിവാക്കലിനെയും സ്വാധീനിക്കുന്നത് സമുദായത്തിന്റെ പൊതുബോധങ്ങളും മൂല്യങ്ങളും മാമൂലുകളുമാണ്. അനുഭവങ്ങളുടെ പെരുക്കംമൂലം അതിനകത്ത് തെരഞ്ഞെടുപ്പ് (selection) ചുരുക്കൽ (reduction) എന്നീ തന്ത്രങ്ങൾ പ്രയോഗിക്കാൻ ആഖ്യാതാവ് നിർബന്ധിതനാവുക സ്വാഭാവികമാണ്. എന്നാൽ ഇവിടെ ഡ്യൂപ്പിന്റെ നിർമ്മിതിയിൽ സ്വാധീനിക്കുന്ന തിരഞ്ഞെടുപ്പ് വിപണിയുടേതാണ്. താൻ എന്തുകൊണ്ട് ഇങ്ങനെയായി എന്നതിന്റെ വിശദീകരണങ്ങളെ മാത്രം ഉൾക്കൊള്ളിക്കാനാണ് ഡ്യൂപ്പിൽ ശ്രമിച്ചിരിക്കുന്നത്. പ്രതിഷേധത്തിലേക്കോ, പ്രതിരോധത്തിലേക്കോ ഇത്തരം വി

സ്ത്രീശരീരവും സ്ത്രീലൈംഗികതയും നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഈ അനുഭവാഖ്യാനങ്ങൾ ശബ്ദിക്കുന്നില്ല. മുഖമില്ലാതെ ശരീരം കൊണ്ടുമാത്രം ജീവിച്ച ഒരു എക്സ്ട്രാനടിയുടെ അനുഭവാഖ്യാനത്തിനും ജീവിത സംഘർഷങ്ങളെ പകർത്താൻ സാധിക്കുന്നില്ല എന്നത് അപരാഖ്യാനത്തിന്റെ പരാജയമായി വായിക്കാവുന്നതാണ്.

ശദീകരണങ്ങൾ വഴിമാറുന്നില്ല. ഇങ്ങനെയൊക്കെയായിപ്പോയി എന്ന ഒഴുക്കൻ മട്ടാണ് ആത്മകഥനത്തിലുടനീളം കാണാൻ കഴിയുക. സുരയ്യയെപ്പോലുള്ള അനുഭവങ്ങൾ ഉള്ള മറ്റു പല സ്ത്രീകളെയും അവരുടെ അനുഭവങ്ങളെയും ഇവിടെ പ്രതിപാദിക്കുന്നുണ്ട്. സംഭവങ്ങളുടെ വിവരണങ്ങളായിത്തന്നെ ഇത്തരം പ്രതിപാദനങ്ങളും നിൽക്കുന്നു. സിനിമയുടെ പിന്നാമ്പുറക്കഥകളാണ് ഇവിടെ ഉടനീളം വിസ്തരിക്കപ്പെടുന്നത്. സിനിമയെന്നാൽ ചതിയാണ് എന്നൊരു സമവാക്യം വളരെ നിശ്ശബ്ദമായി രൂപപ്പെടുന്നുണ്ട്.

ആഖ്യാതാവിനും വായനക്കാരനുമിടയിലെ 'ഞാൻ' എന്നത് യഥാർത്ഥത്തിൽ കേട്ടെഴുത്തുകാരനാണ്. എന്നാൽ ഇവിടെ 'ഞാൻ' വായിക്കപ്പെടുന്നത് ആത്മത്തിന്റെ ഉടമയുടേതായിട്ടാണ്. കേട്ടെഴുത്തുകാനായ 'ഞാൻ' ആണ് വിപണിക്കും വായനയ്ക്കും അനുകൂലമായ രീതിയിൽ അനുഭവത്തിന്റെ പറച്ചിലിനെ വായനായോഗ്യമാക്കി തീർക്കുന്നത്. പറച്ചിലിനെ ശുദ്ധീകരിച്ചാണ് അനുഭവാഖ്യാനത്തിന് അനുഗുണമാക്കുന്നത്. ഇതിന്റെ മാനദണ്ഡങ്ങളാകട്ടെ മുഖ്യധാരാ മാധ്യമങ്ങളുടെ സൃഷ്ടിയുമാണ്. എഴുത്തിനകത്തെ വ്യക്തിയുടെ ക്ഷോഭം, പ്രതിരോധം, ദു:ഖം തുടങ്ങി ഏതൊരു വികാരത്തെയും കേട്ടെഴുതുന്ന വ്യക്തിയാണ് എങ്ങിനെ ഉപയോഗിക്കണം എന്നു തീരുമാനിക്കുന്നത്. വ്യക്തിയുടെ വികാരങ്ങളെ അതേപടി പകർത്തണമെന്നില്ല. ചില കൂട്ടിച്ചേർക്കലുകളും കുറയ്ക്കലുകളും നടക്കുകയും ചെയ്യുന്നു. പക്ഷെ വായിക്കപ്പെടുന്നത് വ്യക്തിയുടെ അനുഭവങ്ങളായാണ്. നിർമ്മിക്കപ്പെടുന്ന ആത്മകഥകളിൽ ഒരു പരിധിവരെ കേട്ടെഴുത്തുകാരന്റെ നിലപാടുകളും വിപണിയുടെ പരോക്ഷമായ താൽപര്യങ്ങളും ഉണ്ടാകും എന്നിരിക്കെ ആത്മകഥയായി ഇത്തരം നിർമ്മിതികൾ വായിക്കപ്പെടുന്നതിന്റെ സാധ്യത ചോദ്യം ചെയ്യപ്പെടുന്നു. അനുഭവാഖ്യാനങ്ങൾ കേട്ടെഴുത്തുകാരൻ ബോധപൂർവ്വം നിർമ്മിക്കുന്ന ഇമേജുകൾക്കകത്താണ് നിൽക്കുന്നത്. ഈ ഇമേജിനപ്പുറം സ്വത്വത്തെ വളർത്തുക എന്നത് ആഖ്യാനങ്ങൾക്കകത്തെ ജീവിതങ്ങൾക്ക് സാധ്യമല്ല. മാധ്യമങ്ങൾ നിർമ്മിച്ചു നൽകുന്ന സ്വത്വവും ബാഹ്യജീവിതവും തമ്മിലുള്ള വൈരുദ്ധ്യം ആത്മകഥയുടെ ഉടമയെ (?) വല്ലാത്ത പ്രതിസന്ധിയിൽ ചെന്നെത്തിക്കുന്നു. ചെറിയ ആയുസ്സുമാത്രമുള്ള ഈ പൊതുസ്വീകാര്യതക്കകത്തെ സുഖദമായ അവസ്ഥയെ സ്വീകരിക്കാൻ പലർക്കും എളുപ്പമല്ല. വായനയ്ക്കും പൊലിപ്പിക്കലുകൾക്കും ശേഷം വീണ്ടും അരികുകളിലേക്ക് തള്ളപ്പെടുകയാണ് ഈ എഴുത്തു ജീവിതങ്ങൾ. ഒറ്റ ദിവസത്തേക്കുള്ള വായനാവിഭവമായി ജീവിതങ്ങൾ ഘോഷിക്കപ്പെടുന്നു. മദ്ധ്യവർഗ്ഗ ജീവിതങ്ങളുടെ ആത്മരതിക്കപ്പുറത്തേക്ക് കടന്നുകയറാൻ ഇത്തരം അനുഭവസാക്ഷ്യങ്ങൾക്ക് സാധിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

> **അനുഭവാഖ്യാനങ്ങൾ കേട്ടെഴുത്തുകാരൻ ബോധപൂർവ്വം നിർമ്മിക്കുന്ന ഇമേജുകൾക്കകത്താണ് നിൽക്കുന്നത്. ഈ ഇമേജിനപ്പുറം സ്വത്വത്തെ വളർത്തുക എന്നത് ആഖ്യാനങ്ങൾക്കകത്തെ ജീവിതങ്ങൾക്ക് സാധ്യമല്ല.**

സുരയ്യാബാനുവിനും നിങ്ങൾക്കുമിടയിലെ ഞാൻ എന്ന അവതാരികയിൽ രതിചിത്രങ്ങളിലെ നായികയുടെ ശരീരമായി അഭിനയിച്ച ഡ്യൂപ്പിനെക്കുറിച്ച് കേട്ടപ്പോഴുണ്ടായ അത്ഭുതത്തെക്കുറിച്ച് അരുൺ എഴുത്തച്ഛൻ വിവരിക്കുന്നുണ്ട്.

"ഒരു സിനിമ മൂന്നുറുപേർ കാണുമ്പോൾ അത് മുന്നൂറു സിനിമകളായി മാറുന്നുവെന്ന് സത്യജിത്ത് റേ രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സിനിമയും സംഭവിക്കുന്നത് കാഴ്ചക്കാരന്റെ ഉള്ളിലാണെന്ന് പല സിനിമാപ്രവർത്തകരും ഏറ്റുപിടിച്ചിട്ടുമുണ്ട്. എന്നാൽ, കാഴ്ചക്കാരാരും കാണാത്ത എന്തൊക്കെയോ സിനിമക്കുപുറകിൽ സംഭവിക്കുന്നില്ലേ എന്നതാണ് ഒരു പത്രപ്രവർത്തകന്റെ ചോദ്യം. ആ ചോദ്യം പങ്കുവെച്ചപ്പോൾ കോഴിക്കോട്ടുകാരനായ ഒരു സിനിമാപ്രവർത്തകനാണ് മലയാളിയുടെ രതിസ്വപ്നങ്ങളിലെ നായികയായിരുന്ന ഷക്കീലയ്ക്ക് ഡ്യൂപ്പിനെ ഉപയോഗിച്ച് സിനിമ ഷൂട്ട് ചെയ്ത കഥ പറഞ്ഞത്. ഒരു കാലത്ത് നിറഞ്ഞ സദസ്സുകളിൽ പ്രദർശിപ്പിച്ചിരുന്ന സിനിമകൾക്കു പുറകിൽ അങ്ങനെയൊരു കഥയോ? അതൊരത്ഭുതമായിരുന്നു പറഞ്ഞുകേട്ടപ്പോൾ. ആ അത്ഭുതത്തിന്റെ പുറത്താണ് പിന്നെ അധികം വൈകാതെ കോടമ്പാക്കത്തെത്തുന്നത്" (അരുൺ എഴുത്തച്ഛൻ, 2010:9).

ഈ അത്ഭുതമാണ് പിന്നീട് ആത്മകഥയുടെ നിർമ്മിതിയായി രൂപം പ്രാപിക്കുന്നത്. കണ്ടുപരിചയിച്ച ജീവിത ചുറ്റുപാടിനപ്പുറം ഉള്ളവരുടെ ജീവിതം ഉൽപാദിക്കുന്ന അത്ഭുതങ്ങളാണ് ഇത്തരം രചനകൾക്കു പിന്നിലുള്ളതെന്നും ഇവിടെ വ്യക്തമാകുന്നു.

സാമ്പ്രദായിക ആത്മകഥകളിലെ ബാല്യം മുതൽ വാർദ്ധക്യം വരെയുള്ള ഘട്ടംഘട്ടമായ വികസനവും ഇത്തരം ആത്മകഥകൾ അനുശീലിക്കുന്നില്ല. ചില സംഭവങ്ങളുടെ വിവരണങ്ങളും ചില ഓർമ്മകളുടെ രേഖപ്പെടുത്തലുക

ളും അത്രയും വൈയക്തികാനുഭവങ്ങളുടെ സാക്ഷ്യപ്പെടുത്തലുകളുമായി ആഖ്യാനം മാറുന്നുണ്ട്. എന്നാൽ വിവരണാത്മകമായ അനുഭവത്തിനപ്പുറം പീഡിത സമൂഹത്തിന്റെ വാക്കായോ പോരാട്ടമായോ ഇതിലെ ഒരു വാക്കും അനുഭവവും രൂപം പ്രാപിക്കുന്നില്ല. പക്ഷേ കേട്ടെഴുത്തുകാരൻ പാഠത്തിനു അടിപ്പെടുകയോ മൂലത്തിന്റെ (പറച്ചിലിന്റെ) വാക് സാമാർത്ഥ്യം പകർത്തുകയോ ചെയ്യുന്നില്ല. എന്നാൽ മറ്റൊരു ഭാഷയിലെ പറച്ചിലിനെ, മറ്റൊരു കാലത്തിലും സ്ഥലത്തും സംഭവിച്ച അനുഭവങ്ങളെ സ്വത്വത്തെ മറുഭാഷയിലേക്കു പകർത്തുന്ന ഭാഷാന്തരണപ്രക്രിയയിൽ സ്വത്വത്തിന്റെ തീവ്രതയെ നഷ്ടപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് വിവരണാത്മകമായി അനുഭവങ്ങൾ തകരുന്നതും.

"പോസ്റ്റ് കൊളോണിയൽ സമൂഹത്തിലും ഭാഷാന്തരണമെന്ന പ്രക്രിയതന്നെ ശക്തികുറഞ്ഞ മൂലത്തെ ഇല്ലായ്മചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു എന്ന റോബർട്ട് കെ.സി. യുങിന്റെ അഭിപ്രായം ശ്രദ്ധേയമാണിവിടെ" (പ്രമീള, 2006:43). അങ്ങനെയെങ്കിൽ ഭാരതത്തിലോ കേരളത്തിലോ ഉള്ള ഒരുസ്ത്രീയുടെ തനതു കഥനത്തെ ഉപവിഭാഗമോ അപരവിഭാഗമോ തന്നെയാക്കുന്ന അധീശതന്ത്രം ഇതിന്റെ പ്രയോഗങ്ങളിൽ വന്നിട്ടുണ്ട് എന്ന പ്രമീളയുടെ വീക്ഷണത്തെ ഇവിടെ കൂട്ടിവായിക്കാവുന്നതാണ് (ടി, 44). വാമൊഴിചരിതങ്ങളെ എഴുതപ്പെട്ട പാഠമാക്കി മാറ്റുന്ന പരിണാമത്തിനിടയിൽ അറിഞ്ഞും അറിയാതെയും സംഭവിച്ചുപോകുന്ന ഭാഷാപരമായ കൈകടത്തലുകൾ പാഠത്തെ മറ്റൊന്നാക്കി മാറ്റുന്നുണ്ട്. ഒറ്റപ്പെട്ട ശബ്ദങ്ങൾ അധീശവർഗ്ഗത്തിന്റെ മാധ്യസ്ഥതയിലൂടെയാണ് പൊതു സമൂഹത്തോട് സംവദിക്കുന്നത്. വരേണ്യവും അധീശത്വപരവുമായ തലത്തിലേക്ക് വാമൊഴി ചരിതങ്ങൾ രേഖപ്പെടുത്തുമ്പോൾ കീഴാളരും മർദ്ദിതരും ചൂഷിതരുമായ ഒരു കൂട്ടത്തിന്റെ തീവ്രമായ അനുഭവലോകത്തിന്റെ നിരാകരണം സംഭവിക്കുന്നു. സ്ത്രീയുടെ ആത്മകഥനങ്ങളെ മുഖ്യധാരാ ആൺവിപണിബോധം നിർമ്മിച്ചെടുക്കുമ്പോൾ പറച്ചിലിന്റെ തിരസ്കരണത്തിലൂടെ സ്ത്രീ സ്വത്വബോധത്തെ അപരമോ ഉപവിഭാഗമോ തന്നെയാക്കുന്ന അധികാരത്തിന്റെ കയ്യേറ്റം തന്നെയാണ് സുരയ്യയുടെ അനുഭവസാക്ഷ്യത്തിലും സംഭവിക്കുന്നത്.

ഇവിടെ പുസ്തകത്തിന്റെ സന്ദർഭത്തിൽ സംസാരിക്കുന്ന സ്ത്രീ രണ്ടു തരത്തിൽ ഇരയാക്കപ്പെടുന്നുണ്ട്.

1. പുരുഷാധീശത്വത്തിന്റെ
2. മാധ്യമ അധീശത്വത്തിന്റെ

പുരുഷന്റെ നോട്ടത്തിന്റെയും കാമനകളുടെയും ഇരയായാണ് അനുഭവകഥനത്തിൽ ഉടനീളം സ്ത്രീ പ്രത്യക്ഷപ്പെടുന്നത്. ഇതിലുടനീളം പ്രതിപാദിക്കപ്പെടുന്ന സ്ത്രീകൾ പുരുഷനു വഴങ്ങിക്കൊടുക്കേണ്ടിവരുന്നതിന്റെ ഉദാഹരണങ്ങളാണ്. പണം, പ്രശസ്തി, എന്നീ നേട്ടങ്ങളാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്.

ആത്മകഥയുടെ നിർമ്മിതിയിലൂടെയാണ് സ്ത്രീയുടെ അടുത്ത ഇരയാക്കപ്പെടൽ. ഇവിടെയും പുരുഷനാണ് അധീശതന്ത്രം പ്രയോഗിക്കുന്നത്. സ്ത്രീ/ഇരയുടെ അനുഭവങ്ങളെ/പറച്ചിലുകളെ പുരുഷൻ/ അധികാരി കേട്ടെഴുതുന്നു. അനുഭവങ്ങളുടെ സാധൂകരണവും അവയുടെ തീവ്രതയുടെ നിരാകരണവും അതോടൊപ്പം സംഭവ്യമാകുന്നു. ആത്മകഥാകാരന്റെ വാമൊഴിവഴക്കങ്ങളെ വരമൊഴിയിലേക്ക് പകർത്തുന്നതോടെ അനുഭവാഖ്യാനം വരേണ്യബോധ്യങ്ങൾക്ക് അടിപ്പെട്ട് പോകുന്നു. ഈ ഇരയാക്കപ്പെടലിനുശേഷം പറയപ്പെട്ട പാഠങ്ങൾ പകർത്തിയത് ആരെന്നുള്ളത് പ്രധാനമാണ്. അനുഭവം വീണ്ടും ഭാഷ, സംസ്കാരം, വൈകാരികതീവ്രത, സ്വത്വം എന്നിവയുടെ നിരാകരണത്തിനും ഇരയാകുന്നു.

പകർത്തി എഴുതപ്പെട്ട/നിർമ്മിച്ചെടുത്ത അനുഭവങ്ങൾ വായനക്കാരിലെത്തുമ്പോൾ വെറും വായനയ്ക്കപ്പുറത്തുള്ള ചിന്ത, വിമർശനം എന്നിവയുടെ തലങ്ങളിലേക്കു എത്തപ്പെടുന്നില്ല. ശരി, തെറ്റ്, നൈതികത, സത്യസന്ധത എന്നിവയെല്ലാം വിട്ടുകളഞ്ഞാലും സ്വത്വത്തിന്റെ നിരാകരണം വായനക്കാരിലേക്കും സംക്രമിക്കുന്നു. സ്വയം ഒരു പ്രതിരോധമായിത്തീരാനോ, അനുഭവങ്ങളെ പ്രതിരോധമാക്കി മാറ്റാനോ ഉള്ള ശ്രമം പറച്ചിലുകാരനും കേട്ടെഴുത്തുകാരനും സാധ്യമാക്കുന്നില്ല എന്നുവരുമ്പോൾ അനുഭവസാക്ഷ്യം പരാജയപ്പെടുന്നു.

ഡ്യൂപ്പിൽ രണ്ട് തരത്തിലുള്ള സ്ത്രീപ്രതിനിധാനം കാണാം. ആദ്യഘട്ടത്തിൽ ജീവിക്കാൻവേണ്ടി അതിലുപരി തന്റെ മോഹങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ വേണ്ടി ഏതു വേഷവും സ്വീകരിക്കാൻ തയ്യാറാകുന്ന സ്വത്വബോധത്തി

സ്ത്രീയുടെ ആത്മകഥനങ്ങളെ മുഖ്യധാരാ ആൺവിപണിബോധം നിർമ്മിച്ചെടുക്കുമ്പോൾ പറച്ചിലിന്റെ തിരസ്കരണത്തിലൂടെ സ്ത്രീ സ്വത്വബോധത്തെ അപരമോ ഉപവിഭാഗമോ തന്നെയാക്കുന്ന അധികാരത്തിന്റെ കയ്യേറ്റം തന്നെയാണ് സുരയ്യയുടെ അനുഭവസാക്ഷ്യത്തിലും സംഭവിക്കുന്നത്.

നും പ്രാധാന്യം നൽകുന്ന സ്ത്രീ. പിന്നീട് സദാചാരം, തെറ്റ് എന്നിങ്ങനെയുള്ള അതിർവരമ്പുകൾക്കുള്ളിൽ ഭർത്താവ്, കുഞ്ഞ്, കുടുംബം, മാന്യമായ തൊഴിൽ എന്നിങ്ങനെ സന്തുഷ്ട ജീവിതം നയിക്കുന്ന സ്ത്രീ. ഈ രണ്ടുതരം പ്രതിനിധാനവും ഒരേ വ്യക്തിയുടെ വ്യത്യസ്ത കാലയളവിലുള്ള ജീവിതരീതികളാണ്. ആദ്യം മുഖ്യധാരാ സാമ്പ്രദായിക രീതികളിലെ നല്ല സ്ത്രീബിംബത്തെ തകർത്തുകൊണ്ട് ജീവിക്കുകയും പിന്നീട് കുടുംബം എന്ന ചട്ടക്കൂടിലൊതുങ്ങി ചീത്ത സ്ത്രീയെന്ന ബിംബത്തെ തകർത്തുകൊണ്ട് ജീവിക്കുകയും ചെയ്യുന്നു.

ചങ്കൂറ്റത്തോടുകൂടി ചീത്ത സ്ത്രീയെന്ന സങ്കൽപത്തെ സ്വീകരിച്ച സുരയ്യാ ബാനു തന്റെ ജീവിതത്തിന്റെ രണ്ടാം ഘട്ടത്തിൽ ആദ്യകാലാനുഭവങ്ങളെ സ്വപ്നമോ സിനിമയോ മാത്രമായി തള്ളിക്കളയുകയാണ് ചെയ്യുന്നത്. മുഖ്യധാരാ ജീവിതത്തോട് ഇണങ്ങുംവിധം സ്വത്വത്തെ രേഖപ്പെടുത്തി അതിനോടിണങ്ങി നിൽക്കാനാണ് ശ്രമിക്കുന്നത്. ഒരു പക്ഷേ എഴുതപ്പെട്ടത് ഇങ്ങനെയുമാവാം. ഇവിടെ അധിനിവേശിതയായ പെണ്ണിന്റെ പറച്ചിലുകളെ മുഖ്യധാരാ മാധ്യമത്തിന്റെ ആണെഴുത്താണ് നിർമ്മിച്ചെടുക്കുന്നത്. അതുകൊണ്ടുതന്നെ അധിനിവേശിതയായ സ്ത്രീയുടെ മാനസാന്തരം പ്രതിരോധത്തിലല്ല, വീണ്ടും വീണ്ടും അധിനിവേശ (ഭാഷ കൊണ്ടും ശരീരം കൊണ്ടും)ത്തിലേക്കു അടിപ്പെടുന്ന രീതിയിലാണ് അനുഭവസാക്ഷ്യത്തിലുടനീളം കാണുന്നത്.

ചുരുക്കത്തിൽ മുഖ്യധാരാ ആഖ്യാനക്രമങ്ങളുടെ ഓരങ്ങളിൽനിന്നുമാണ് ഈ വിഭാഗത്തിലെ ആത്മകഥകളെല്ലാം പിറക്കുന്നത്. എങ്കിൽപോലും ആഖ്യാനം സാധ്യമാക്കുന്ന ഇതിവൃത്തങ്ങൾ (plot) അടങ്ങിയവ മാത്രമേ ഈ മേഖലയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നുള്ളൂ. പ്രത്യക്ഷത്തിൽ സാഹിത്യത്തിൽ അനുഭവങ്ങളെ പാകംചെയ്യാതെ പച്ചയോടെ പകർത്താനുള്ള, യാതൊരു മാധ്യസ്ഥത്തിനും വിധേയമാവാതെയുള്ള ഒരു ക്രമത്തിനുവേണ്ടിയുള്ള അന്വേഷണവുമായി ഇത്തരം ശ്രമങ്ങളെ വിലയിരുത്താം. എന്നാൽ പച്ചയും നൈസർഗ്ഗികവുമായത് എന്ന പരസ്യവാചകത്തോടെ മുന്നിലെത്തുന്ന ഓരോ ആത്മകഥനങ്ങളും കേട്ടെഴുത്തു കാരന്റെ/ വിപണിയുടെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ പാതിവെന്ത അവസ്ഥയിൽതന്നെയാണ് നിർമ്മിക്കപ്പെടുന്നത്. അനുഭവാഖ്യാനങ്ങൾ മുഖ്യധാരാ സമൂഹത്തിന്റെ എല്ലാ ബോധ്യങ്ങൾക്കുനേരെയും ഉയർത്തുന്ന പ്രതിരോധ സങ്കൽപങ്ങൾ ഒരേ സമയം അതിജീവനമായും കീഴടങ്ങലായും മാറുന്നത് ഇപ്രകാരമാണ്.


സഹായകഗ്രന്ഥങ്ങൾ

1. അരുൺ എഴുത്തച്ഛൻ
2010 ഡ്യൂപ്പ്, സുരയ്യബാനു, കോട്ടയം, ഡിസി ബുക്സ്

2. പ്രമീള
2006 ആത്മകഥ നിർമ്മിക്കപ്പെടുമ്പോൾ, മാധ്യമം ആഴ്ചപ്പതിപ്പ്, ഒക്ടോബർ, പുസ്തകം 10, ലക്കം 9.

3. ബെറ്റിമോൾ മാത്യു
2009 ആത്മകഥ എന്ന മൂടുപടം, പച്ചക്കുതിര, ജൂൺ, പുസ്തകം 5, ലക്കം 11.

4. രാജഗോപാലൻ ഇ.പി. 2011 കഥയും ആത്മകഥയും, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

5. ഷർമിള
2006 ആത്മകഥ ചരിത്രമാകുമ്പോൾ , മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ്, പുസ്തകം 2, ലക്കം 10.

6. Walter, J.Ong 1986 Orality and Literacy, Newyork, Routledge.


●

---

*പേജ് 35 തുടർച്ച*

**സ്ഥലംമാറ്റം ധ്വനിപ്പിക്കുന്ന പേരുകൾ**

രണ്ടു പേരുകൾ – എന്റെ ഇടവും, മാതൃവനവും സൂചിപ്പിക്കുന്നത് ഇല്ലാത്ത ഒന്നിനെ അല്ലെങ്കിൽ നഷ്ടപ്പെട്ട ഒന്നിനെ, അല്ലെങ്കിൽ തേടിക്കൊണ്ടിരിക്കുന്ന ഒന്നിനെയാണ്. മാതൃവനത്തെ ഉപേക്ഷിച്ച് വികസനത്തിന്റെ പേരിൽ ഭർതൃഗൃഹത്തിലേക്ക് പറിച്ചു മാറ്റപ്പെട്ട ആദിവാസികളും ഒഴിച്ച് നിർത്തപ്പെട്ട ഇടത്തിൽ നിന്ന് കേന്ദ്രത്തിൽ തങ്ങളുടെ ഇടം സ്ഥാപിക്കാനുദ്യമിക്കുന്ന അബൊറിജിനൽ സമൂഹവും.

**അതിർത്തികളെപ്പോലെ കഥാപാത്രങ്ങൾ**

കഥാപാത്രങ്ങൾ പ്രതികരിക്കുന്ന രീതി വ്യത്യാസങ്ങൾ പലപ്പോഴും തലമുറ വ്യത്യാസങ്ങൾക്കനുസരിച്ചും വർഗ്ഗ പ്രകൃതികളിലെ വ്യത്യാസങ്ങൾക്കനുസരിച്ചുമാണ്. സാലിയുടെ അമ്മ ഡെയ്സി ചൂഷണങ്ങൾക്കെതിരെ നിശബ്ദത പാലിക്കുമ്പോൾ സാലി ശക്തിയായി പ്രതികരിക്കുന്നു. അതേ സമയം സഹോദരി ജിൽ അതിനെയെല്ലാം സ്വാഭാവികമായി കാണുന്നു. മാതൃവനത്തിലും ഇത്തരം വ്യത്യാസങ്ങൾ കാണാം. അമ്മിണി എന്നുള്ള കഥാപാത്രത്തെ എല്ലാവരും അപരിഷ്കൃതവും വിലകുറഞ്ഞവളുമായി കാണുമ്പോൾ അവളുടുക്കുന്ന ചേലയും, കറുത്ത ചരടുകളും, കല്ലുമാലകളും സാമുദായിക ബിംബങ്ങളെ തകർത്തെറിയുന്നവർക്കെതിരെയുള്ള നിശബ്ദ പോരാട്ടമായി വെല്ലുവിളിയായി കാണാവുന്നതാണ്.

**ഉപസംഹാരം**

ഇത്തരമൊരു വായനയിലൂടെ രണ്ട് ആത്മകഥകളിലുമുള്ള സമാനതകളല്ല കണ്ടെത്താൻ ശ്രമിക്കുന്നത്. അവതരണ മികവു കൊണ്ടും ഭാഷാ പ്രയോഗം കൊണ്ടും രണ്ട് കൃതികളും രണ്ട് സാഹിത്യത്തിലും നിരുപമങ്ങളായി നിൽക്കുന്നു. ആത്മകഥകൾ എന്നതിനേക്കാൾ ഉപരി എന്റെ ഇടം ഒരു വർഗ്ഗ ചരിത്രാഖ്യായികയായും മാതൃവനം ഒരു രാഷ്ട്രീയ പ്രഖ്യാപനമായും മാറിവരുന്നതിന്റെ ഒരു പ്രക്രിയ ഇവിടെ അവലോകനം ചെയ്യാൻ ഉദ്യമിച്ചിരിക്കുന്നു. ●


*ഭാസ്ക്കരൻ. മദർഫോറസ്റ്റ്. ന്യൂഡെൽഹി: കാളി ഫോർ വിമൺ ആന്റ് വിമൺ അൺലിമിറ്റഡ്, 2004.*

*മോർഗൻ സാലി. മൈ പ്ലേസ്. ഫ്രീ മാന്റിൽ : ഫ്രീ മാന്റിൽ പ്രസ്, 1987*



സോണിയ ഇ.പ.




# എന്റെ കഥ: കണ്ടെത്താത്ത ഭൂഖണ്ഡത്തിലേക്കൊരു യാത്ര

**രാജ്യത്തെ** പെൺകുട്ടികൾ ഒന്നടങ്കം ഷഹരിയാർ രാജാവിന്റെ കൊലക്കത്തിക്കിരയാകുന്ന സന്ദർഭത്തിലാണ് മന്ത്രിപുത്രിയായ ഷഹറസാദ സ്വയം ബലിയാടാകാൻ തയ്യാറാകുന്നത്. തന്റെ ദുർവിധി തിരിച്ചറിഞ്ഞുകൊണ്ടുതന്നെ അവൾ പിതാവിനെ സമാശ്വസിപ്പിക്കുന്നു. "അതു സാരമില്ല, അല്ലാഹുവിന്റെ കൃപകൊണ്ട് ഞാനൊരു പരിഹാരമുണ്ടാക്കാം. രാജാവിന്റെ ഇന്നത്തെ ഭാര്യ ഞാനാകാം. ഞാൻ ജീവിച്ചിരുന്നാലും വധിക്കപ്പെട്ടാലും അത് മുസൽമാന്മാരുടെ പെൺമക്കളുടെ

> രാജാവിനെ നേരിടാൻ ഷഹറസാദയുടെ കൈയ്യിൽ ഒന്നുമില്ല. എന്നാലും തനിക്ക് രാജാവിനെ തോൽപ്പിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം അവൾക്കുണ്ട്. സൗന്ദര്യാത്മകതയുടെ ആയുധം മാത്രമാണ് അവളുടെ കൈയ്യിലുള്ളത്.

മോചനത്തിന് കാരണമാകും. അവരുടെ ദുരിതത്തിന് അന്ത്യമുണ്ടാകും". മാലോകരെ മുഴുവൻ വായനയുടെ സ്വർഗ്ഗത്തിലെത്തിച്ച അറേബ്യൻ കഥകളിലെ കഥാനായിക ഷഹറസാദയുടെ വാക്കുകളാണിത്. മനുഷ്യരിൽ എപ്പോഴും ഉണർന്നു പ്രവർത്തിക്കാവുന്ന ഹിംസാത്മകതയെ കാവ്യാത്മകസൗന്ദര്യംകൊണ്ട് തോൽപ്പിച്ചവളാണ് ഷഹറസാദ. മനുഷ്യചെയ്തികൾക്കതീതമായി നിൽക്കുന്ന ജിന്നുകളും ഭൂതങ്ങളും മലക്കുകളും കൊണ്ട് നിറഞ്ഞതാണ് ആയിരത്തൊന്ന് രാവുകൾ. മറ്റൊരാളുടെ കൂടെക്കഴിഞ്ഞ ഭാര്യയെ വെട്ടിക്കൊന്ന് 'നീതി' നടപ്പാക്കിയെന്ന അഹങ്കാരത്തോടെ വാഴുന്ന രാജാവിന്റെ പൗരുഷം വാനോളം ഉയരുന്നു. രാജാവിനെ നേരിടാൻ ഷഹറസാദയുടെ കൈയ്യിൽ ഒന്നുമില്ല. എന്നാലും തനിക്ക് രാജാവിനെ തോൽപ്പിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം അവൾക്കുണ്ട്. സൗന്ദര്യാത്മകതയുടെ ആയുധം മാത്രമാണ് അവളുടെ കൈയ്യിലുള്ളത്. സ്വന്തം ജീവിതകഥയെ സൗന്ദര്യാത്മകമായി ആവിഷ്കരിച്ച് ഹിംസാത്മകമായ പൗരുഷത്തെ നേരിടാൻ തന്നെയാണ് ഷഹറസാദയെപ്പോലെ മാധവിക്കുട്ടിയും എന്റെ കഥയിലൂടെ തീരുമാനിച്ചത്. 'എന്റെ കഥ'യുടെ സത്യാസത്യങ്ങളുടെ നൂലിഴ കീറി പരിശോധിക്കുന്നവർക്ക് അതൊരിക്കലും ഒരുത്തരവും നൽകില്ല. കഥ പറഞ്ഞ് കഥ പറഞ്ഞ് കഥയിൽ അലിഞ്ഞ് തീരുന്ന ഹിംസാത്മകതയെ കുറിച്ചുള്ള സ്വപ്നങ്ങൾ ഷഹറസാദയ്ക്കുള്ളതുപോലെ മാധവിക്കുട്ടിയ്ക്കുമുണ്ടായിരുന്നു.

മാധവിക്കുട്ടി ആത്മകഥയിൽ തന്നെയാണ് പുതിയ പരീക്ഷണങ്ങൾ നടത്തുന്നത്. ഇത് ആത്മകഥ തന്നെയാണോ? ആത്മകഥയിൽ എത്രവരെ തുറന്നെഴുതാം? തുടങ്ങി നൂറായിരം ചോദ്യങ്ങൾ നമ്മിലേക്ക് എടുത്തെറിഞ്ഞുകൊണ്ട് തന്നെയാണ് 'എന്റെ

കഥ' പുറത്തുവരുന്നത്. ജീവിതത്തെ സൗന്ദര്യാത്മകമായി പുതുക്കിപ്പണിയുകയാണ് മാധവിക്കുട്ടി. മാധവിക്കുട്ടിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി 'എന്റെ കഥ'യെ മുൻനിർത്തിയുള്ള രഹസ്യാന്വേഷണം നടത്തിയവരെല്ലാം മുട്ടുമടക്കി പിൻവാങ്ങുകയായിരുന്നു. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് എന്നപോലെ മാധവിക്കുട്ടി പുതിയ ജീവിതപരീക്ഷണങ്ങൾ അപ്പോഴേക്കും തുടങ്ങിക്കഴിഞ്ഞിരിക്കും. എന്റെ കഥയിൽ ജീവിതത്തിന്റെ രഹസ്യവാതായനങ്ങളെല്ലാം തുറന്നിട്ട മാധവിക്കുട്ടി പിന്നീട് മതത്തിന്റെ ആത്മീയ സൗന്ദര്യം അന്വേഷിച്ചുള്ള യാത്രയിലായി. ശരീരത്തിന്റെ നിഗൂഢതകളെല്ലാം വിളിച്ചുപറഞ്ഞ മാധവിക്കുട്ടി അപ്പോഴേക്കും ശരീരത്തെ പർദ്ദകൊണ്ട് പുതപ്പിച്ചുകളഞ്ഞിരുന്നു. ഹിന്ദുത്വശക്തികൾക്ക് മേൽക്കൈ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഇസ്ലാമിനെ അടുത്തറിയുന്നതിന് സ്വന്തം ജീവിതംകൊണ്ടുതന്നെ മാധവിക്കുട്ടി പരീക്ഷണം നടത്തുന്നത്.

ആധുനികത മുന്നോട്ടുവെച്ച സ്ത്രീസങ്കല്പങ്ങളെ കുലുക്കിയുണർത്തിക്കൊണ്ടാണ് 'എന്റെ കഥ' പുറത്തുവരുന്നത്. പുരുഷാധിപത്യത്തിനകത്ത് പരിചരിക്കപ്പെടുന്ന ഉപഭോഗശരീരവും സ്നേഹത്തിലും സ്വാതന്ത്ര്യത്തിലും പരിചരിക്കപ്പെടുന്ന ശരീരവും 'എന്റെ കഥ'യിലുണ്ട്. പതിനഞ്ചാംവയസ്സിൽ നടന്ന വിവാഹത്തെക്കുറിച്ച് മാധവിക്കുട്ടി ഇങ്ങനെ പറയുന്നു. "എന്നേക്കാൾ പ്രായക്കൂടുതലുള്ള എന്റെ ഭർത്താവ് ആ രാത്രിതന്നെ എന്നെ ബലമായി ഭോഗിച്ചു. ആ ഭോഗം എന്നെ പരിഭ്രമിപ്പിക്കുകയും അലോസരപ്പെടുത്തുകയും ചെയ്തു." "എന്നെ ചൂടുവെള്ളത്തിൽ കുളിപ്പിച്ച് രോമക്കാലുറകളും ഷർട്ടും ഒരു സ്വെറ്ററും ധരിപ്പിച്ച് ഒരു പാവയെന്നപോലെ മടിയിലിരുത്തി ലാളിച്ചുകൊണ്ട് അദ്ദേഹം 'എന്റെ ഓമനച്ചെറുക്കാ' എന്നുവിളിച്ചു". ദാമ്പത്യത്തിലെ അസ്വാരസ്യങ്ങളും സ്വതന്ത്രമായ ഇടപെടലുകളും എന്റെ കഥയിൽ കാണാം. ഭർത്താവ് സ്നേഹശൂന്യനും കാമാർത്തനുമായിട്ടാണ് മാധവിക്കുട്ടിക്ക് അനുഭവപ്പെട്ടിട്ടുള്ളതെങ്കിലും സ്നേഹത്തിന്റെ ഉറവകൾ അദ്ദേഹത്തിൽ കണ്ടെത്താൻ അവർ ശ്രമിച്ചു. മറ്റ് പുരുഷന്മാരുമായി സൗഹൃദം സ്ഥാപിക്കാനും പ്രണയബന്ധത്തിലേർപ്പെടാനും ഭർത്താവിന്റെ അനുവാദം ഉണ്ടായിരുന്നു. നഗരത്തിൽ മാത്രമേ ഇത്തരത്തിലുള്ള സ്വാതന്ത്ര്യം ഭാര്യയ്ക്ക് ഭർത്താവിൽനിന്ന് ലഭിക്കയുള്ളൂ എന്നവർ മനസ്സിലാക്കുന്നു. തന്റെ ശരീരത്തിന് വേണ്ടത്ര സ്വാതന്ത്ര്യമനുവദിച്ച് തന്റെ ആത്മാവിനെ തളച്ചിടുകയാണ് നാഗരികനായ ഭർത്താവ് ചെയ്യുന്നത്. സൗഹൃദപൂർണ്ണമായ സ്ത്രീപുരുഷബന്ധങ്ങൾകൊണ്ടാണ് ദാമ്പത്യത്തിലെ പരിക്കുകളെ മാധവിക്കുട്ടി ഉണക്കുന്നത്. സൗന്ദര്യാത്മകതയാണ് ഈ ബന്ധങ്ങളെ കാല്പനികവത്ക്കരിക്കുന്നത്. കാമുകനായ ശ്രീകൃഷ്ണൻ ഈ ബന്ധങ്ങളിലെ നിറസാന്നിധ്യമാണ്. മറ്റൊരിക്കൽ ഹിന്ദുദൈവങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്.

"ഹിന്ദുമതത്തിൽ പൂർണ്ണവിശ്വാസമുള്ള ഒരാൾക്ക് അനാഥത്വംവന്നു പെടുകയില്ല. കാരണം അയാൾ എന്നും കൂട്ടുകുടുംബത്തിലാണ് ജീവിക്കുന്നത്. ശിവൻ, പാർവ്വതി, ഗണപതി, സുബ്രഹ്മണ്യൻ, കൃഷ്ണൻ, ഭഗവതി, ബ്രഹ്മാവ്, സരസ്വതി.. അങ്ങനെ നീണ്ടുനീണ്ടുപോകുന്ന ആ പട്ടികയിൽനിന്ന് അയാൾക്ക് ജ്യേഷ്ഠന്മാരേയും അമ്മമാരേയും ജ്യേഷ്ഠത്തിമാരേയും ദത്തെടുക്കാം". ആൺപെൺഭേദമില്ലാതെ ദൈവങ്ങളും മനുഷ്യരും നിറഞ്ഞ ഒരു ലോകത്താണ് താൻ ജീവിച്ചതെന്നാണ് മാധവിക്കുട്ടി എന്റെ കഥയിൽ സാക്ഷ്യപ്പെടുത്തുന്നത്. ഈ ലോകം പിതൃമേധാവിത്വത്തിന്റെ സദാചാരബോധത്തെ മറികടക്കുന്നതാണ്. എഴുത്തിന്റെ സൗന്ദര്യാത്മകതകൊണ്ടാണ് തനിക്കിത് മറികടക്കാൻ കഴിയുന്നതെന്ന് മാധവിക്കുട്ടി തിരിച്ചറിയുന്നു. "കുറേ വർഷങ്ങൾക്ക്മുമ്പ് ഒരുദിവസം ഉച്ചയ്ക്കുശേഷം എന്റെ മുറിയുടെ കിളിവാതിലിലൂടെ ഒരു കുരുവി ഉള്ളിലേക്ക് പറന്നുവന്നു. അതിന്റെ മാറ് ചുറ്റിത്തിരിഞ്ഞിരുന്ന പങ്കയിൽ ചെന്നടിച്ചു. കിളി തെറിച്ചുപോയി. ജാലകത്തിന്റെ സ്ഫടികത്തിൽ തട്ടി, നിമിഷങ്ങളോളം അതിന്മേൽ പറ്റിപ്പിടിച്ചിരുന്നു. കുരുവിയുടെ നെഞ്ചിൽനിന്ന് രക്തംവാർന്ന് സ്ഫടികത്തിന്മേൽ പടർന്നു. ഇന്ന് എന്റെ രക്തം ഈ കടലാസിലേക്ക് വാർന്നുവീഴട്ടെ. ആ രക്തം കൊണ്ട് ഞാൻ എഴുതട്ടെ."

സ്വന്തം ജീവിതമെഴുതി സൃഷ്ടിച്ച കഥയാണ് എന്റെ കഥ. ജീവിതരക്തം തന്നെയാണ് കട

*ശേഷം പേജ് 49 ൽ*

എന്റെ കഥയിൽ ജീവിതത്തിന്റെ രഹസ്യവാതായനങ്ങളെല്ലാം തുറന്നിട്ട മാധവിക്കുട്ടി പിന്നീട് മതത്തിന്റെ ആത്മീയ സൗന്ദര്യം അന്വേഷിച്ചുള്ള യാത്രയിലായി. ശരീരത്തിന്റെ നിഗൂഢതകളെല്ലാം വിളിച്ചുപറഞ്ഞ മാധവിക്കുട്ടി അപ്പോഴേക്കും ശരീരത്തെ പർദ്ദകൊണ്ട് പുതപ്പിച്ചുകളഞ്ഞിരുന്നു.



ആര്യ

# ആത്മാഖ്യാനത്തിന്റെ പെൺമൊഴികൾ

**എന്തുകൊണ്ടാണ്** ചില സ്ത്രീകൾക്ക് ഒന്നിലധികം ആത്മകഥകളെഴുതേണ്ടിവരുന്നത്? മാധവിക്കുട്ടിയും മായാ ഏയ്ഞ്ചലോവും എഴുതിത്തീർത്ത ആത്മകഥകൾ അവശേഷിപ്പിക്കുന്ന ചോദ്യം ഇതുതന്നെയാണ്. എന്റെ കഥ (1973), ബാല്യകാലസ്മരണകൾ (1987), വർഷങ്ങൾക്ക് മുമ്പ് (1989), നീർമാതളം പൂത്തകാലം (1993), ഡയറിക്കുറിപ്പുകൾ (1992), ഒറ്റയടിപ്പാത (1997) എന്നിങ്ങനെ മാധവിക്കുട്ടി അരഡസനോളം ആത്മകഥാപരമായ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പലപ്പോഴും സ്ത്രീകളുടെ ആത്മകഥകൾ അവർ ജീവിച്ചകാലത്തിന്റെ രാഷ്ട്രീയചരിത്രത്തെ വെളിപ്പെടുത്തുന്നതിലുപരി ഒരുകാലത്തെ മനുഷ്യരുടെ വൈകാരിക ജീവിതത്തിന്റെ വാങ്മയങ്ങളായി മാറി. ഗന്ധം, വർണ്ണം, സൗന്ദര്യസങ്കല്പം എന്നിങ്ങനെ വൈയക്തികമെന്നു നാം ധരിച്ചിരുന്ന ഒട്ടനവധി അനുഭൂതികളുടെ ചരിത്രമെഴുതിക്കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. അതിനാൽത്തന്നെ ഇനി വരാനിരിക്കുന്ന വൈകാരിക ചരിത്രത്തിലേക്ക് കനപ്പെട്ട സംഭാവന നൽകുവാനാകുന്നത് നമ്മുടെ സ്ത്രീ ആത്മകഥകൾക്കാണ്. മൂന്ന് ആത്മകഥകളെഴുതിയ പി. കുഞ്ഞിരാമൻ നായർ മലയാളത്തിന് സുപരിചിതനാണെങ്കിലും മാധവിക്കുട്ടിയുടെ ആത്മാഖ്യാനകല പിയുടേതിൽനിന്നും പാടേ ഭിന്നമാണ്. ചരിത്രത്തിന്റെയും ആഖ്യാനത്തിന്റെയും ഒത്ത മധ്യത്തിൽ തന്നെത്തന്നെ പ്രതിഷ്ഠിച്ചുകൊണ്ടാണ് പുരുഷന്മാർ അവരുടെ ആത്മത്തെ ഉറപ്പിച്ചെടുക്കുന്നത്. മാധവിക്കുട്ടിയുടെ ഇവിടെ പരാമർശിക്കുന്ന ആത്മകഥകളിൽ (ബാല്യകാലസ്മരണകൾ, വർഷങ്ങൾക്കുമുമ്പ്, നീർമാതളം പൂത്തകാലം) ഒന്നുംതന്നെ ആമട്ടിൽ ആത്മത്തെ പ്രതിഷ്ഠിക്കുകയോ ബലപ്പെടുത്തുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നില്ല. പകരം തന്റെ ആത്മത്തിന്റെ സഞ്ചാരപാതകളെയാകമാനം പിന്തുടരാൻ ശ്രമിക്കുമ്പോഴും ചിതറിമാറുകയും ശിഥിലമാകുകയും ചെയ്യുന്ന യാത്രകളാകുന്നു അവരുടെ എഴുത്തുകൾ. അതിൽ അതിശയോക്തിയോ അവാസ്തവങ്ങളോ ഉണ്ടായിക്കൊള്ളട്ടെ, അവയുടെ സത്യാത്മകമെന്ന് തോന്നുന്ന അവതരണകല തീർച്ചയായും അപ്രസക്തമാകുന്നില്ല.




മാധവിക്കുട്ടിയുടെ ആത്മകഥകൾ നാലപ്പാട്ട് തറവാടിന്റെയും

പുന്നയൂർക്കുളത്തിന്റെയും ചരിത്രങ്ങളാണ്. കുറച്ചുകൂടി വ്യക്തമാക്കിയാൽ അവിടത്തെ നായർജീവിതത്തിന്റെ ചരിത്രമാണ്. എന്നാൽ നാലപ്പാട്ടെ പൂമുഖത്തിന്റെ കഥ പറയുവാനല്ല, അവിടത്തെ വടക്കിനിയുടെയും സമസ്തചരിത്രങ്ങളും തമസ്കരിക്കാറുള്ള ഒരുകൂട്ടം ആളുകളുടെ മോഹങ്ങളുടെയും സ്നേഹവായ്പിന്റെയും ആലോചനകളുടെയും രേഖാചിത്രമെഴുതാനാണ് അവർ തുനിഞ്ഞത്. നാലപ്പാട്ട് നാരായണമേനോനെപ്പോലെയും ബാലാമണിയമ്മയെപ്പോലെയും സമൂഹം വലിപ്പം കല്പിച്ച വ്യക്തിത്വങ്ങൾ അവിടെയുണ്ടായിരുന്നിട്ടും മാധവിക്കുട്ടിയുടെ ഊന്നലുകൾ അവർക്കായിരുന്നില്ല. അമ്മമ്മയും പാറുക്കുട്ടിയും ദേവകിയും ശങ്കരനും മാധവിയമ്മയും കലി നാരായണൻ നായരും പൊട്ടിപ്പെണ്ണുമാണ് ആമിയെ ആഴത്തിൽ സ്പർശിച്ചത്. പലയിടത്തും താൻകണ്ട മറ്റൊരു കഥാപാത്രത്തെയെന്നവണ്ണം അവർ തന്നെത്തന്നെ ആമിയെന്നു വിളിച്ചുപോന്നു. മറ്റ് ആത്മകഥകളിലേതുപോലെ ആത്മം സർവ്വാധികാരിയാകുന്ന സന്ദർഭങ്ങൾ മാധവിക്കുട്ടിയിൽ കണ്ടെടുക്കാൻ വളരെ വളരെ പ്രയാസമാണ്. ചിലപ്പോൾ മേൽപ്പറഞ്ഞവർക്കൊപ്പം, ചിലപ്പോൾ അപ്രധാനമായൊരു ശബ്ദം, ചിലപ്പോൾ അവരെയെല്ലാം കണ്ടും കേട്ടും നിൽക്കുന്ന മറ്റൊരാൾ ഈ മട്ടിലാണ് അവർ സ്വയം ആഖ്യാനം ചെയ്യുന്നത്. 'ബാല്യകാലസ്മരണകളി'ലും 'വർഷങ്ങൾക്ക് മുമ്പി'ലും ഈ രീതി തെളിഞ്ഞുകാണാം.

"അതെന്താ ഈ ചങ്ങമ്പുല? പുളിയിട്ട് തേച്ച ഓട്ട് കിണ്ടീടെ നെറാ ചെലോർക്ക്. അവരെയാ ചങ്ങമ്പുലാന്ന് വിളിയ്ക്കാ ഈ നാട്ടില് പിന്നെയാരാ ചങ്ങമ്പുലാ?"

"നൊമ്മുടെ വെളിയത്തെ അച്ചുന്നായര്. ഒന്നാന്തരം ചങ്ങമ്പുലയാ അച്ചുന്നായര്. പിന്നെ ഇയ്ക്ക് ആരേം ഓർമ്മ വര്ണില്ല്യ"

"ചങ്ങമ്പുഴാന്ന് പറഞ്ഞാൽ ഒരു കവിയാ" ഞാൻ അവരുടെ ശ്രദ്ധ ആകർഷിക്കുവാൻ പറഞ്ഞു. ആരും എന്റെ വാക്കുകൾ ശ്രദ്ധിച്ചതായി നടിച്ചില്ല (വർഷങ്ങൾക്ക് മുമ്പ്, 2011:87).




മറ്റ് ആത്മകഥകളിലേതുപോലെ ആത്മം സർവ്വാധികാരിയാകുന്ന സന്ദർഭങ്ങൾ മാധവിക്കുട്ടിയിൽ കണ്ടെടുക്കാൻ വളരെ വളരെ പ്രയാസമാണ്. ചിലപ്പോൾ മേൽപ്പറഞ്ഞവർക്കൊപ്പം, ചിലപ്പോൾ അപ്രധാനമായൊരു ശബ്ദം, ചിലപ്പോൾ അവരെയെല്ലാം കണ്ടും കേട്ടും നിൽക്കുന്ന മറ്റൊരാൾ ഈ മട്ടിലാണ് അവർ സ്വയം ആഖ്യാനം ചെയ്യുന്നത്.

'വർഷങ്ങൾക്കു മുമ്പി'ൽ ഉത്തമപുരുഷാഖ്യാനരീതി വിരളമാണ് എന്നത് ശ്രദ്ധേയമാണ്. മറ്റു പലരുടെയും ആത്മകഥാപുസ്തകത്തിൽ കഥപോലെ രേഖപ്പെടുത്താവുന്നവയാണ് ഇതിലെ പല സന്ദർഭങ്ങളും. അത്രമേൽ പിൻവാങ്ങിനിൽക്കുന്നതാണ് എഴുത്തുകാരിയുടെ ആത്മം. എങ്കിലും നമ്മെ അങ്ങേയറ്റം വൈയക്തികം എന്നാണ് വായനയുടെ അനുഭവം ബോധിപ്പിക്കുന്നത്. ഒരേസമയം തന്റേതല്ലാതിരിക്കുകയും അതേസമയം അത് തന്റേതുമാത്രമാണ് എന്ന് വായനക്കാർക്ക് തോന്നിപ്പിക്കുകയും ചെയ്യുന്നതാണ് വർഷങ്ങൾക്കുമുമ്പിലെ ആഖ്യാനം. എന്നാൽ കൗമാരത്തെ വരച്ചിടുന്ന 'നീർമാതളം പൂത്തകാലം' എന്ന സ്മരണയിൽ അധികാരപരമായയല്ലെങ്കിൽക്കൂടിയും ചിലയിടത്ത് അവർ അല്പം വ്യാഖ്യാനിക്കാനും വിശദീകരിക്കാനുമുള്ള ശ്രമങ്ങളിൽക്കൂടി കടന്നുപോകുന്നുണ്ട്. ഈ മട്ടിലെല്ലാം അധികാരബലതന്ത്രങ്ങളെ അപ്രസക്തമാക്കുന്നതാണ് ഇവയിലെ ആഖ്യാനം. ഒരിടത്തും ആത്മത്തിന്റെ ആവകാശവാദമോ നീതീകരണമോ മറ്റൊരു വ്യക്തിത്വത്തെ മങ്ങിയ ചിത്രമാക്കുന്നില്ല.

സമ്മോഹനമായ ഭാഷയോട് ഒരിക്കലും ഇടഞ്ഞുനിൽക്കാത്ത ആശയപ്രപഞ്ചമാണ് മാധവിക്കുട്ടിയുടെ ആത്മകഥകളുടെ മറ്റൊരു സവിശേഷത. ഭാഷയിൽനിന്ന് അവരുടെ ആശയത്തെ മാത്രം അടർത്തിയെടുക്കുക സാധ്യമല്ല. കാരണം അവരുടെ ആശയലോകമത്രയും ഭാഷാപരമായി നിലവിൽവരുന്നതാണ്. ഭാഷയും ആശയവും വിലയിച്ചുകിടക്കുക - മലയാളത്തിലെ അപൂർവ്വതകളിലൊന്ന്.

ഒന്നിലും ആസക്തി പാടില്ല, കമലേ. എന്തിനോടെങ്കിലും സ്നേഹം കൂടിവരുമ്പോൾ മനസ്സ് നിയന്ത്രിക്കാൻ പഠിക്കണം. ഇല്ലെങ്കിൽ ദുഃഖംതന്നെ ഫലം. അമ്മമ്മ പറഞ്ഞു

അമ്മമ്മയ്ക്ക് എന്നോട് സ്നേഹം തോന്നുന്നുണ്ടോ? എന്നെ വേറെയൊരു വീട്ടിലേയ്ക്ക് കൊടുത്താൽ അമ്മമ്മ വ്യസനിക്കില്ലേ?

അമ്മമ്മ കുറേനേരം ഒന്നുംപറയാതെ എന്റെ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് കിടന്നു. ഒടുവിൽ അവർ പറഞ്ഞു.

ഉറ്റു കമലേ, ഞാൻ വ്യസനിക്കും. കമലയെ കാണാൻ കഴിയാഞ്ഞാൽ ഞാൻ വ്യസനിക്കും (വർഷങ്ങൾക്ക് മുമ്പ് : 19).

ഇവിടെ ഏതാണ് ആശയം? ഏതാണ് ഭാഷ? ഒന്ന് ഒന്നിൽനിന്നും വേർപെടാതെയാണ് എഴുത്തിൽ വിഹരിക്കുന്നത്. ആശയം ഭാഷയുടെ വിലോലഭംഗികളിലെവിടെയോ, ഭാഷ ആശയത്തിന്റെ സൂക്ഷ്മാകാരങ്ങളിലെവിടെയോ കെട്ടുപിണഞ്ഞുകിടക്കുകയാണ്. ഈ മട്ടിൽ താനാവിഷ്കരിക്കുന്ന ഭാഷയിലല്ലാതെ നിലനിൽക്കാത്ത എഴുത്തിന്റെ ലോകം സ്വന്തമായുള്ള അപൂർവ്വം എഴുത്തുകാരിലൊരാളാണ് മാധവിക്കുട്ടി. പലപ്പോഴും അവരുടെ എഴുത്തിന്റെ പ്രസാദാത്മകതയായും സത്യാത്മകതയായും നാമറിയുന്ന പാരായണാനുഭവം ഈ സവിശേഷത കൊണ്ടുകൂടി ഉണ്ടാകുന്നതാണ്.

ആമി നാലപ്പാട്ടെ വിമതയാണ്. നാലപ്പാട്ടെ ആളുകൾ അനാഡംബരമായും അനാസക്തിയോടെയും ജീവിക്കാൻ ആഗ്രഹിച്ചു. ജീവിച്ചു. തത്ത്വചിന്താപരമായി സംസാരിച്ചു. ആമിയാകട്ടെ ആഡംബരത്തിന്റെയും തൃഷ്ണകളുടെയും ലോകത്ത് നാലപ്പാട്ടെ അടുക്കളക്കാർക്കൊപ്പം ജീവിച്ചു. അടുക്കളക്കാരുടേതുപോലെ ആമിയുടെ ജീവിതവും കാമനാപൂരിതമാണ്. ആമിയെവിടന്ന് തുടങ്ങുന്നു എന്ന അന്വേഷണം ചെന്നെത്തുന്നത് പാറുക്കുട്ടിയിലോ ശങ്കരനിലോ മാധവിക്കുട്ടിയിലോ ദേവകിയിലോ ആണ്, അമ്മയിലോ അമ്മാവനിലോ അല്ല. അമ്മാവൻ പറഞ്ഞ കഥയല്ല അവർ പിൽക്കാലത്ത് എഴുതിയത്. ജാനുവമ്മ പറഞ്ഞ കഥയാണ്.

നാലപ്പാട്ടെ സ്ത്രീകൾ കൺമഷി ഉപയോഗിച്ചിരുന്നില്ല. ആഡംബരപ്രിയരെന്ന് വിളിക്കപ്പെടാതിരിക്കുവാൻ അവർ പരമാവധി ശ്രദ്ധിച്ചു. സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുകയോ മുടിയിൽ പൂമാല ചൂടുകയോ ഒരിക്കലും ഉണ്ടായില്ല. അച്ഛന്റെ നിറവും മുഖച്ഛായയും ലഭിച്ചിരുന്നതുകൊണ്ട് ഞാൻ

> ഇവിടെ ഏതാണ് ആശയം? ഏതാണ് ഭാഷ? ഒന്ന് ഒന്നിൽ നിന്നും വേർപെടാതെയാണ് എഴുത്തിൽ വിഹരിക്കുന്നത്. ആശയം ഭാഷയുടെ വിലോല ഭംഗികളിലെവിടെയോ, ഭാഷ ആശയത്തിന്റെ സൂക്ഷ്മാകാരങ്ങളിലെവിടെയോ കെട്ടുപിണഞ്ഞുകിടക്കുകയാണ്.

രൂപംകൊണ്ടെങ്കിലും അവരിൽനിന്ന് തുലോം വ്യത്യസ്തയായിരുന്നു. അതുകൊണ്ടാവാം ഞാൻ വേലക്കാരികളെ അനുകരിച്ച് കണ്ണെഴുതുകയും പൊട്ടുതൊടുകയും ചെയ്യുവാൻ പഠിച്ചത്. ഒഴിവുകാലത്ത് നാട്ടിലെത്തുമ്പോൾ ഞാൻ വളക്കാരനെ വരുത്തി കുപ്പിവളകൾ വാങ്ങി ധരിക്കുവാൻ താല്പര്യം പ്രകടിപ്പിച്ചു (വർഷങ്ങൾക്ക് മുമ്പ് : 157).

മാധവിക്കുട്ടിയുടെ സ്മരണകൾ വായിക്കുമ്പോഴറിയാം അവരുടെ ആത്മം അമ്മാവന്റെയോ അമ്മയുടെയോ അച്ഛന്റെയോ ആത്മംപോലെ ഏകാന്തവും സ്വേച്ഛാപരവും തത്ത്വചിന്താപരവുമായി നിലവിൽവരുന്നതല്ല എന്ന്. തന്റെ ആത്മത്തിന്റെ ചരിത്രനിരപേക്ഷമോ ബന്ധവിമുക്തമോ ആയ കേവലതയെ ആമി അംഗീകരിക്കുന്നില്ല. ഞാനറിഞ്ഞവരിൽ ഞാൻ സ്നേഹിച്ചവർ - മുക്കാൽ ഭാഗവും - ഇന്ന് മറ്റേ ലോകത്തിലാണ്. അവർ മരിച്ചുവെന്നും അവരെ ഇനി ഞാൻ സ്മരണകളിൽ മാത്രമേ കണ്ടുമുട്ടുകയുള്ളുവെന്നും എനിക്ക് വിശ്വാസം വരുന്നില്ല. അവർ യാഥാർത്ഥ്യമല്ലാതായിക്കഴിഞ്ഞുവെങ്കിൽ എന്റെ ജീവിതവും യാഥാർത്ഥ്യമല്ലാതായിക്കഴിഞ്ഞിരിക്കുന്നു (നീർമാതളം പൂത്തകാലം, 2006 : 32). ഈ മട്ടിൽ ഒരുകൂട്ടം മനുഷ്യരുടെ ജീവിതത്തിലൂടെ മാത്രമാണ് തന്റെ ആത്മസത്ത പ്രകാശിക്കുകയെന്ന് അവർ അസാധാരണമാംവിധം ആർജ്ജവത്തോടെ വിശ്വസിച്ചിരുന്നു. അതിനാൽ ഉറച്ചസ്ഥാനത്ത് എന്നും വച്ചേടത്ത് വച്ചതുപോലെയിരിക്കുന്ന ഖരപദാർത്ഥത്തെയല്ല അവരുടെ ആത്മകഥകൾ ഓർമ്മിപ്പിക്കുന്നത്. പകരം ചരിത്രംപോലുമറിയാതെ അതിന്റെ കൈവരികളിലൂടെ ഊറിയിറങ്ങുന്ന ദ്രാവകത്വമാണ് അവരുടെ ആത്മകഥകളുടെ സ്വഭാവം. ഉറച്ചസ്ഥാനങ്ങൾക്കു പകരം നിരന്തരം തെന്നിമാറുന്ന, കാമനകളാൽ വിലയം പ്രാപിച്ച സ്ത്രൈണതയാണ് അവരുടെ ആത്മസത്തയിൽ പ്രകാശിച്ചുകാണുന്നത്. ജൂലിയ ക്രിസ്റ്റേവയുടെ ഭാഷയിൽ പറഞ്ഞാൽ മാധവിക്കുട്ടിയുടെ ഭാഷ സിമ്പോളിക്ക് അല്ല. സെമിയോട്ടിക്ക് ആണ്. യുക്തിരാഹിത്യത്തോടെയും ക്രമബദ്ധമല്ലാതെയും കേന്ദ്രങ്ങളയഞ്ഞും വിഹരിക്കുന്ന പെൺമൊഴി. വസ്തുയാഥാർത്ഥ്യത്തിന്റെ സൂക്ഷ്മസ്ഥാനങ്ങൾ തീർച്ചയായും ഈവിധം അവ്യാകൃതമായിരിക്കും. അതുകൊണ്ടുകൂടിയാണ് മാധവിക്കുട്ടി ഒരിടത്ത് ഇങ്ങനെ കുറിച്ചത്.

കണ്ണുകൾക്ക് കാണുവാനുള്ള ശക്തി നഷ്ടപ്പെട്ടാൽ കൈയിന് എഴുതുവാനുള്ള ത്രാണി ഇല്ലാതാവുമ്പോൾ ഞാൻ എന്റെ യാത്ര അവസാനിപ്പിച്ചേക്കാം. ചരിത്രം രാജാക്കന്മാരുടെയും യുദ്ധങ്ങളുടെയും മാത്രം കഥയല്ല; സ്നേഹിച്ചവരുടെയും കഥയാണ്. സാധാരണ മനുഷ്യരുടെ കഥ (നീർമാതളം പൂത്തകാലം, 2006 : 33). ഇതുതന്നെയാണ് ചരിത്രത്തിന്റെയും അവരുടെ ആത്മാഖ്യാനങ്ങളുടെയും സൂക്ഷ്മയാഥാർത്ഥ്യവും.




# എഴുത്തിന്റെ ഭാഷണങ്ങൾ



ഇന്ദു പി. നമ്പൂതിരി

**സ്ത്രീകളുടെ ആത്മകഥകൾ വൈകാരികമായ ഒരു ചരിത്രം നിർമ്മിക്കുന്നുണ്ട്. കൗമാരക്കാരിയുടെ അനിശ്ചിതമായ മാനസിക കാലാവസ്ഥകളിലൂടെ നൂറ് നൂറായി പിരിയുന്ന ഒരു 'ആത്മ'ത്തിന്റെ ചരിത്രമാണത്.**

**സ്ത്രൈണാനുഭവങ്ങളുടെ** അകംലോകങ്ങൾ സ്വാഭാവികജീവിതത്തിന്റെ ഒരു ആവാസവ്യവസ്ഥ എഴുത്തിലൂടെ നിർമ്മിക്കുന്നുണ്ട്. അധികാരരൂപങ്ങളാൽ ശരിയും ക്രമീകൃതവുമായ വ്യവസ്ഥയ്ക്കുള്ളിൽ ആത്മപ്രകാശനം അസാധ്യമാകുമ്പോൾ അകംലോകത്തേക്ക് അവൾ നടന്നുപോകുന്നു. രാജനീതിയുടെ നേത്രങ്ങൾ അന്ധമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഗാന്ധാരി അകക്കാഴ്ചകളിലേക്ക് സഞ്ചരിക്കുന്നത്. പുറംജീവിതത്തിന്റെ സ്വരവും താളവും പിഴച്ചപ്പോൾ അന്നപൂർണാദേവി സ്വയം വരിച്ച ഏകാന്തതയിൽ ആന്തരശ്രുതി കണ്ടെത്തി. സ്വേച്ഛാധികാരത്തിന്റെ തടങ്കൽപ്പാളയങ്ങളിൽനിന്ന് വിമോചിതയാവാൻ കൊതിച്ച ഒരു തടവുകാരിയുടെ അകംലോകഭാഷണങ്ങളായിരുന്നു ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ. അകംലോകത്തിരുന്നു തന്നിലേക്ക് തന്നെ ഉറ്റുനോക്കി ആത്മസൗഹൃദം സ്ഥാപിച്ചുകൊണ്ട് ഗൗരവപൂർണമായി ആൻ ഡയറിയെഴുതിത്തുടങ്ങുന്നു. ആഗ്രഹങ്ങളും പെരുമാറ്റമര്യാദകളും തമ്മിലുള്ള കൗമാരക്കാരിയുടെ സംഘർഷങ്ങളാണ് ഡയറിയെഴുത്തിന്റെ പ്രേരകശക്തിയാവുന്നത്. അകംലോകത്ത് അവൾ ശാക്തീകരിക്കപ്പെട്ട വ്യക്തിത്വമാണ്.

സ്ത്രീകളുടെ ആത്മകഥകൾ വൈകാരികമായ ഒരു ചരിത്രം നിർമ്മിക്കുന്നുണ്ട്. കൗമാരക്കാരിയുടെ അനിശ്ചിതമായ മാനസിക കാലാവസ്ഥകളിലൂടെ നൂറ് നൂറായി പിരിയുന്ന ഒരു 'ആത്മ'ത്തിന്റെ ചരിത്രമാണത്. വൈകാരിക സംഘർഷങ്ങളുടെ നിരവധി സന്ദർഭങ്ങളിലൂടെയാണ് സ്ത്രീയുടെ സ്വത്വനിർമ്മിതി സാധ്യമാകുന്നത്. വാമൊഴികളിലൂടെ വർത്തമാനകാലത്തെ ചരിത്രവത്കരിക്കുന്ന പ്രവർത്തനമാണത്. 'വായാടി' എന്ന

പഴി ആനിന് നിരന്തരം കേൾക്കേണ്ടിവരുന്നുണ്ട്. ഒളിത്താവളത്തിലെ ജീവിതചര്യകളുടെ സുദീർഘവിവരണങ്ങൾ ഡയറിയിൽ കാണാം. സാധാരണവും ദൈനംദിനവുമായ അനുഭവങ്ങളിലൂടെ രൂപപ്പെടുത്തുന്ന ബദൽചരിത്രമാണത്. വ്യവസ്ഥാപിതചരിത്രത്തിന്റെ രേഖീയതക്കു നെടുകെയും കുറുകെയും വാമൊഴികൾ കയറിയിറങ്ങിപ്പോകുന്നു. ചെറിയ വസ്തുക്കൾ അനുഭൂതികളുടെ ആർക്കൈവുകളായിത്തീരുന്നു. ഫൗണ്ടൻപേന ഒമ്പത് വയസ് മുതൽ പതിന്നാല് വയസുവരെയുള്ള ആനിന്റെ വളർച്ചയുടെയും ആത്മരൂപീകരണത്തിന്റെയും ഭാഗമാണ്. ഫൗണ്ടൻപേനയുടെ സുദീർഘമായ തൂലികാജീവിതം ആനിന്റെ വിദ്യാഭ്യാസകാലത്തിന്റെ ചരിത്രസൂചകമാണ്. കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും ജീവിച്ച ജീവിതമാണ് ചരിത്രം എന്ന് ആനിന്റെ ആത്മഭാഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

കൗമാരക്കാരിയുടെ സവിശേഷമായ കീഴാളാവസ്ഥകളോട് ആൻ നിരന്തരം കലഹിക്കുന്നുണ്ട്. മമ്മിയുമായുള്ള ശീതസമരം കുടുംബത്തിനകത്തെ പരോക്ഷമായ അധികാരപ്രയോഗങ്ങളോടുള്ള ഏറ്റുമുട്ടലാണ്. മുതിർന്നവരുടെ ലോകത്ത് ആനിന്റെ നടപടികൾ നിരന്തരം നിരീക്ഷിക്കപ്പെടുന്നു. തന്റേടി, ധിക്കാരി, വായാടി, സൂത്രക്കാരി, കൗശലക്കാരി എന്നിങ്ങനെ സാമൂഹികമായി നിർണ്ണയിക്കപ്പെടുന്ന 'സ്വത്വ'ത്തോട് ഇടഞ്ഞുകൊണ്ട് തന്റെ സ്വതന്ത്രവ്യക്തിത്വം ആൻ നിരന്തരം പറഞ്ഞുറപ്പിക്കുന്നു. ഡുസ്സലുമായുള്ള ആഭ്യന്തരയുദ്ധത്തിനിടയ്ക്ക് സൂക്ഷ്മമായ പ്രതികാരനടപടികൾ ആൻ നടപ്പിലാക്കുന്നുണ്ട്. കതകടയ്ക്കുക, ലൈറ്റ് ഓഫാക്കുക, തുണികൾ ഒളിപ്പിച്ചുവക്കുക എന്നിങ്ങനെ സവിശേഷമായ ഏറ്റുമുട്ടലുകളാണ് ആൻ നടത്തുന്നത്. വീട്ടകത്തെ ആഭ്യന്തരകലഹങ്ങളുടെ സന്ദർഭങ്ങളിലൂടെയാണ് തന്റെ 'ആത്മത്തെ' ആൻ സ്ഥാപിച്ചെടുക്കുന്നത്.

സ്വത്വപ്രകാശനത്തിന് വ്യവസ്ഥാപിതമായ ഭാഷ അശക്തമാകുമ്പോൾ സ്ത്രീ അവളുടേത് മാത്രമായ ഒരു ഭാഷ കണ്ടെത്തുന്നു. 'ഉണങ്ങിച്ചുരുങ്ങി ഒരു പയറുമണിപോലെ' എന്ന രൂപകത്തിൽ തന്റെ ദൈന്യതകളെ മുഴുവൻ ആൻ പരിഭാഷപ്പെടുത്തുന്നു. ചെറുചതുരങ്ങളിലേക്ക് ചുരുക്കപ്പെട്ട സ്ത്രീജീവിതത്തെ 'കൂട്ടിലടച്ച പക്ഷി'യായി ആദേശം ചെയ്തുകൊണ്ടുള്ള കല്പന സ്ത്രീയുടെ എഴുത്തിൽ നിരന്തരം ആവർത്തിക്കപ്പെടുന്നുണ്ട്. ക്രൂരമായി ചിറകുകൾ മുറിച്ച ഒരു വാനമ്പാടി കൂട്ടിനകത്ത് തലയിട്ടടിച്ച് സ്വാതന്ത്ര്യത്തിനുവേണ്ടി ഉഴറുമ്പോലെ എന്ന് തന്റെ അസ്വതന്ത്രതകളെ ആൻ രേഖപ്പെടുത്തുന്നു.

നിരത്തിലെ ചലനാത്മകമായ പുറംകാഴ്ചകളിലേക്ക് ദൂരദർശിനിയിലൂടെ ആൻ നോക്കിനിൽക്കുന്നുണ്ട്. സത്യജിത്റായിയുടെ 'ചാരുലത' എന്ന സിനിമയിൽ സമാനമായ ഒരു രംഗമുണ്ട്. നിരത്തിലെ പലമാതിരി ജീവിതസഞ്ചാരങ്ങളിലേക്ക് ശ്രദ്ധപായിച്ചുകൊണ്ട് തന്റെ ഏകാന്തതയെ അവൾ മറികടക്കുന്നു.

പുരുഷരചനകളിൽ കാണുന്ന സ്ഥൂലമായ ഒരു 'ആത്മ'മല്ല സ്ത്രീകളുടെ ആത്മകഥകളിൽ കാണുന്നത്. പലരിലൂടെ പരന്നൊഴുകുന്ന 'ആത്മ'മാണ് സ്ത്രീരചനകളിലുള്ളത്. സർവാതിശായിയായ ഒരു 'ആത്മ'ത്തിന്റെ നിഴലിലല്ല മറ്റ് കഥാപാത്രങ്ങൾ നിൽക്കുന്നത്. ഒളിത്താവളത്തിലെ ഓരോ വ്യക്തിയുടെയും സ്ഥൂലവും സൂക്ഷ്മവുമായ വിശദാംശങ്ങൾ ആൻ നൽകുന്നുണ്ട്. സംവാദങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും സംഭാഷണങ്ങളിലൂടെയും ഓരോ സവിശേഷ വ്യക്തിത്വത്തെയും ആൻ വെളിപ്പെടുത്തുന്നു. പരിണാമിയായ ഒരു സ്വത്വത്തെയാണ് ആനിന്റെ ഡയറിയിൽ കാണുന്നത്.

അകത്തുള്ള വികാരങ്ങൾ വിനിമയം ചെയ്യാനുള്ള തീക്ഷ്ണമായ അഭിവാഞ്ഛയായിരുന്നു ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളുടെ പ്രേരകശക്തി. ഒരാളുടെ അകത്തുള്ള അനന്തമായ ഒരൊറ്റയടിപ്പാതയായിരുന്നു അത്. അകത്തുള്ള മജ്ജയെ ചെന്ന് തൊടുന്ന വിധത്തിലാണ് ആൻ എഴുതുന്നത്. അതുകൊണ്ടാണ് 'ഉള്ളിലുള്ള തലവേദന, വിങ്ങൽ' എന്നൊക്കെയുള്ള വാക്കുകൾ ആൻ പ്രയോഗിക്കുന്നത്. തന്റെ യഥാർത്ഥ സ്വത്വം കണ്ടെത്താനാവാത്ത ഒരു ഭൂഖണ്ഡമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അകംലോകത്തുനിന്ന് വിവർത്തനം ചെയ്ത കുറിപ്പുകളായിരുന്നു അവ. അനിച്ഛാത്മകമായ ഒരു ജീവിതമാണ് താൻ ജീവിക്കുന്നത് എന്ന ബോധ്യമാണ് അകംലോകത്തേക്ക് ഇറങ്ങിപ്പോകാൻ ആനിനെ പ്രേരിപ്പിക്കുന്നത്. എഴുത്തിലൂടെ തന്റെ യഥാർത്ഥ മുഖത്തെ അനാവരണം ചെയ്യാൻ ആൻ നിരന്തരം ശ്രമിച്ചുകൊണ്ടി

സ്വത്വപ്രകാശനത്തിന് വ്യവസ്ഥാപിതമായ ഭാഷ അശക്തമാകുമ്പോൾ സ്ത്രീ അവളുടേത് മാത്രമായ ഒരു ഭാഷ കണ്ടെത്തുന്നു. 'ഉണങ്ങിച്ചുരുങ്ങി ഒരു പയറുമണിപോലെ' എന്ന രൂപകത്തിൽ തന്റെ ദൈന്യതകളെ മുഴുവൻ ആൻ പരിഭാഷപ്പെടുത്തുന്നു.

രുന്നു.

യഥാർത്ഥലോകത്തും അതിന്റെ പ്രതിഫലനമായ ഛായാലോകത്തും ഒരേസമയം ജീവിച്ചുകൊണ്ടാണ് ആൻ എഴുതുന്നത്. യഥാർത്ഥലോകത്തിന്റെ സാധാരണത്വങ്ങളെയെല്ലാം എഴുത്തിലൂടെ ആൻ അസാധാരണമാക്കിത്തീർത്തു. യാഥാർത്ഥ്യത്തിന്റെ ലോകത്തെ മുറിവുകളൊക്കെയും ഉണക്കുന്ന ആത്മസാന്ത്വനമായി എഴുത്ത് മാറുന്നു. കൗമാരക്കാരിയുടെ വ്യക്തിത്വത്തിന്റെ ആധികാരികതകളെ ആൻ നിരന്തരം സ്ഥാപിക്കുന്നു. സ്വാതന്ത്ര്യമോഹത്തിന്റെയും ബദൽവ്യവസ്ഥയുടെ ആസൂത്രണത്തിന്റെയും നയപ്രഖ്യാപനമായി ഡയറിയെഴുത്ത് മാറുന്നു. ആനിന്റെ പുഞ്ചിരിയിൽ ഒരു കൗമാരക്കാരിയുടെ രഹസ്യങ്ങളൊക്കെയും ഭദ്രമാക്കിയിരിക്കുന്നു. അധികാരശാസനങ്ങളുടെ നെഞ്ചുകീറി നേരിനെക്കാട്ടുന്ന പുഞ്ചിരിയായിരുന്നു അത്. മുൻവിധികളോ ന്യായീകരണങ്ങളോ ഇല്ലാതെ നിഷ്പക്ഷമായ ഒരു നില സ്വീകരിച്ചുകൊണ്ടാണ് ആൻ സ്വയം നിരീക്ഷിക്കുന്നത്. അവനവനെത്തന്നെ പുനഃസൃഷ്ടിക്കുന്ന എഴുത്തായിരുന്നു അത്. എല്ലാവിധ കുറവുകളോടെയും മികവുകളോടെയും തന്റെ സ്വത്വത്തെ ആൻ അംഗീകരിക്കുന്നു. 'അഭിജനസങ്കടദേശചര്യ'യിൽ എരിയുകയും കുതറുകയും നിലവിളിക്കുകയും ചോര ചൊരിയുകയും ചെയ്യുന്ന ജീവിതത്തെ എഴുത്തിലൂടെ ആൻ സാക്ഷ്യപ്പെടുത്തുന്നു. ആത്മബോധത്തിന്റെ ഉറച്ചസ്വരത്തിലാണ് ആൻ സംസാരിക്കുന്നത്. നിഷ്കളങ്കതയുടെ സ്വർഗ്ഗങ്ങളിൽനിന്ന് യാഥാർത്ഥ്യത്തിന്റെ നരകങ്ങളിലേക്ക് ഇറങ്ങിവരുന്ന എഴുത്താണത്. വൈകാരികമായ സത്യസന്ധതയോടെ തന്റെ ആത്മസംവാദങ്ങളെ ആൻ തുറന്നുവയ്ക്കുന്നു. സാധാരണമായ കാര്യങ്ങൾ ചെയ്ത് വിസ്മരിക്കപ്പെട്ടുപോകുന്ന സ്ത്രീജീവിതത്തോട് ആൻ വിയോജിക്കുന്നു. തന്നെയല്ലാതെ മറ്റാരെയും പൂർണമായി വിശ്വസിക്കാനോ സ്വയം തുറന്നിടാനോ പറ്റാത്തൊരു പരിസരത്തിൽ സഹിഷ്ണുതയുള്ള ഒരു കേൾവിക്കാരിയെ ഓരോ കൗമാരക്കാരിയും ആഗ്രഹിച്ചുപോവാറുണ്ട്. ആനിനോട് ആത്മൈക്യപ്പെടുന്നതും അതുകൊണ്ടാണ്. സ്വത്വബോധത്തിലേക്കു വളരുന്ന ഓരോ കൗമാരക്കാരിയുടെയും മാനിഫെസ്റ്റോയാണ് ഈ പുസ്തകം. വാക്കുകൾകൊണ്ട് വാൾമുനകളെ എതിരിട്ട ഷഹറസാദിന്റെ സമരമാണ് ഓരോ എഴുത്തുകാരിയും പിന്തുടരുന്നത്. കടലാസിന് മനുഷ്യരേക്കാൾ സഹിഷ്ണുതയുണ്ടെന്നും പേനയ്ക്ക് വാളിനേക്കാൾ മൂർച്ചയുണ്ടെന്നും സ്ത്രീയുടെ ആത്മഭാഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പെണ്ണനുഭവങ്ങളുടെ പദപ്രശ്നങ്ങളെ പലമട്ടിൽ അവളുടെ ഓരോ എഴുത്തും പുതുക്കിപ്പണിതു കൊണ്ടിരുന്നു.

---

*പേജ് 43 തുടർച്ച*

ലാസ്സിലേക്ക് വാർന്നുവീഴുന്നത് എന്നാണ് എഴുത്തുകാരി പറയുന്നത്. സ്നേഹത്തിന്റെയും കരുണയുടെയും സൗന്ദര്യംകൊണ്ട് നിറഞ്ഞ അജ്ഞാതമായ ഒരു ഭൂഖണ്ഡത്തിലേക്കാണ് ഇത് വായനക്കാരെ എത്തിക്കുന്നത്. "എന്റെ മനസ്സു കണ്ടെത്താത്ത ഒരു ഭൂഖണ്ഡമാണെന്നും തീനാളങ്ങളെപ്പോലെ ജ്വലിക്കുന്ന വാക്കുകൾകൊണ്ട് അതിന്റെ തുറമുഖങ്ങളെ പ്രകാശിപ്പിച്ചാൽ ഓരോ വായനക്കാരനും ഓരോ ദേശസഞ്ചാരിയെപ്പോലെ അതിലെ കരിങ്കൽവിഗ്രഹങ്ങൾക്കുമുമ്പിൽ അത്ഭുതസൃഷ്ടിയോടെ വന്നു നിൽക്കുമെന്നും എനിക്ക് തോന്നുന്നു." ഷഹറസാദയുടെ മുമ്പിൽ ഷഹരിയാർ രാജാവ് നിൽക്കുന്നതുപോലെ നമ്മളും മാധവിക്കുട്ടിയുടെ കേൾവിക്കാരായിത്തീർന്നു.

A Room of One's own, Second sex തുടങ്ങിയ ക്ലാസ്സിക് രചനകളെല്ലാം സ്ത്രീവാദപരമായ ചിന്തയിൽനിന്നാണ് ഉണ്ടാകുന്നത്. മാധവിക്കുട്ടിയാകട്ടെ, ലിംഗവ്യത്യാസങ്ങൾ സൃഷ്ടിക്കുന്ന വിവേചനങ്ങളെ മറികടക്കാനൊരു ലോകം സൃഷ്ടിക്കുകയായിരുന്നു. തീവ്രമായ സ്നേഹത്തിലധിഷ്ഠിതമായ സ്ത്രീ–പുരുഷബന്ധങ്ങളുടെ ഒരു ബദൽജീവിതസ്വപ്നങ്ങളുടെ ലോകമാണത്. സ്നേഹത്തിലൂടെ അസ്വാതന്ത്ര്യത്തെ മറികടക്കാൻ കഴിയുന്നവരുടെ ലോകമാണത്. ആത്മകഥ എന്ന തിലപ്പുറം ഫെമിനിസ്റ്റ് സൗന്ദര്യബോധം സൃഷ്ടിച്ച പുതിയ സാഹിത്യജനുസ്സാണത്.

കഥ പറഞ്ഞ് മരണത്തെ നീട്ടിവെക്കുകയാണ് ഷഹറസാദ. മാധവിക്കുട്ടി കഥയിലൂടെ മരണത്തെ മറികടക്കുക തന്നെയാണ്. വളരെ ചെറുപ്പത്തിൽത്തന്നെ ഭാര്യ, അമ്മ എന്നീ പദവിയിലിരിക്കേണ്ടിവന്ന അവരെ സംബന്ധിച്ചിടത്തോളം അവരാഗ്രഹിച്ച സ്വതന്ത്രജീവിതത്തിന്റെ മരണമാണ് അതിലൂടെ സംഭവിച്ചത്. ജീവിതത്തിന്റെ സായാഹ്നത്തിലെത്തുമ്പോഴാണ് സാധാരണ ആത്മകഥകൾ എഴുതുന്നത്. ജീവിതം നശ്വരമാണ്. ജീവിതത്തെ അനശ്വരമാക്കുന്നതാണ് ആത്മകഥകൾ. അത്തരത്തിൽ ജീവിതത്തെ കൂടുതൽ പ്രചോദിപ്പിക്കുന്നതാണ് ആത്മകഥകൾ. മാധവിക്കുട്ടിയാകട്ടെ വളരെ ചെറുപ്പത്തിൽത്തന്നെ ആത്മകഥകൾ എഴുതിത്തുടങ്ങി. മാധവിക്കുട്ടി തന്റെ മരണത്തെ അതിജീവിക്കുന്നത് തന്റെ തന്നെ കഥയെഴുതിക്കൊണ്ടാണ്. തന്റെ മാത്രം മരണമല്ല. മുഴുവൻ സ്ത്രീകളുടെയും മരണം തന്നെയാണ് ഇതെഴുതുമ്പോൾ അവരുടെ മുമ്പിൽ ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ സ്ത്രീകളുടെ അതിജീവനത്തിനുള്ള കഥപറച്ചിൽ തന്നെയാണ് ഷഹറസാദയെപ്പോലെ മാധവിക്കുട്ടിയും നടത്തുന്നത്.



ഡോ. രാജശ്രീ.എം.

# ആത്മകഥനത്തിലെ സ്ത്രൈണാനുഭവങ്ങൾ
# 'ഇവൻ എന്റെ പ്രിയ സി.ജെ'



പ്രമുഖ വ്യക്തി തന്നിൽ ചെലുത്തിയ അനുഭവത്തിന്റെ രേഖപ്പെടുത്തലാണ് ജീവചരിത്രമെങ്കിൽ പിന്നിട്ട ജീവിതത്തെക്കുറിച്ചുള്ള സ്വാത്മവിചിന്തനമാണ് ആത്മകഥ. ആത്മാർത്ഥത, സത്യസന്ധത എന്നിവ രണ്ടിലും വിലപിടിച്ച മൂല്യങ്ങളാണ്.



**ആത്മാംശം** സാധാരണതയിലും കവിഞ്ഞ അളവിൽ ഉൾച്ചേർന്ന നൈസർഗ്ഗിക സർഗ്ഗാത്മക വ്യാപാരമാണ് ആത്മകഥ. സ്വാനുഭവാംശം അന്യരുമായി പങ്കിടാനുള്ള ജൈവികതൃഷ്ണയിൽ നിന്നാണ് ഓരോ ആത്മകഥയുടേയും പിറവി. ജീവചരിത്രത്തെയും ആത്മകഥയെയും വേർതിരിക്കാൻ നേരിയ അതിർവരമ്പേയുള്ളൂ. പ്രമുഖ വ്യക്തി തന്നിൽ ചെലുത്തിയ അനുഭവത്തിന്റെ രേഖപ്പെടുത്തലാണ് ജീവചരിത്രമെങ്കിൽ പിന്നിട്ട ജീവിതത്തെക്കുറിച്ചുള്ള സ്വാത്മവിചിന്തനമാണ് ആത്മകഥ. ആത്മാർത്ഥത, സത്യസന്ധത എന്നിവ രണ്ടിലും വിലപിടിച്ച മൂല്യങ്ങളാണ്. പ്രശസ്ത വ്യക്തികളുടെ ഭാര്യമാർ തങ്ങളുടെ കുടുംബജീവിതത്തിന്റെ ഓർമ്മകൾ പങ്കിടുന്ന കൃതികൾ മലയാളത്തിൽ ധാരാളം. ബി. കല്യാണിയമ്മയുടെ 'വ്യാഴവട്ടസ്മരണകൾ', ലീലാദാമോദരമേനോന്റെ 'ചേട്ടന്റെ നിഴലിൽ', ചന്ദ്രികാ ബാലകൃഷ്ണന്റെ 'ഓർമ്മകളുടെ ഓടക്കുഴലുമായി', ഫാബി ബഷീർ, ഭാരതി തമ്പുരാട്ടി എന്നിവരുടെ കുടുംബജീവിത സ്മരണകൾ തുടങ്ങിയവയൊക്കെ ഉദാഹരണം. പ്രായോഗിക ജീവിതവും കലാസാമൂഹിക ജീവിതവും തമ്മിൽ വേണ്ടവിധം സമന്വയിപ്പിക്കാനറിയാത്ത വ്യക്തികളോടൊത്തുള്ള ജീവിതം സമ്മാനിക്കുന്ന സംഘർഷങ്ങളും സന്താപങ്ങളും അതോടൊപ്പം സന്തോഷകരമായ അനുഭവങ്ങളും അവയിൽ നിറഞ്ഞു നിൽക്കുന്നു. ജീവചരിത്രത്തിന്റെയും ആത്മകഥയുടേയും അംശങ്ങൾ അവയിൽ സമന്വയിക്കപ്പെടുന്നു.

പ്രതിഭാശാലികളായ സ്ത്രീ എഴുത്തുകാരികളുടെ ആത്മകഥകളിൽ നിലവിലുള്ള സാമൂഹിക വ്യവസ്ഥിതികളെ ധിക്കരിക്കുകയോ നിഷേധിക്കുകയോ ചെയ്യുമ്പോഴുള്ള സംഘർഷങ്ങളും ഒറ്റപ്പെടലിന്റെ വേദനയും നിറഞ്ഞു നിൽക്കുന്നുണ്ട്. ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി എന്നിവരുടെ കൃതികൾ ഉദാഹരണം. പ്ര

തിഭാശാലികളുടെ ജീവിത സഖികളുടെ ആത്മകഥയിലും പ്രയോഗിക ജീവിതവും ആദർശാത്മക ജീവിതവും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുപോകേണ്ടതിന്റെ സംഘർഷവും സങ്കടവും പ്രകടമാണ്.

കണ്ണീരിൽ കുതിർന്നതാവരുത് സി.ജെയെക്കുറിച്ചുള്ള ഗ്രന്ഥമെന്ന് തനിയ്ക്ക് നിർബന്ധമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് റോസി തോമസിന്റെ ആത്മകഥ ആരംഭിയ്ക്കുന്നത്. അകാല വൈധ്യവത്തിന്റെ വേദനയിലും അതിവൈകാരികതയുടെ അഭാവം മൂലം കൈവന്ന ആഖ്യാനത്തിന്റെ ഒതുക്കം കൃതിയിലുടനീളം നിലനിർത്താൻ ഗ്രന്ഥകാരിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ വൈകാരിക പക്വത തന്നെയാണ് സി.ജെ. എന്ന ജീനിയസ്സിൽ കുടികൊണ്ടിരുന്ന അനേകം വിചിത്ര സ്വഭാവങ്ങളെയും വൈരുദ്ധ്യങ്ങളേയും മറയില്ലാതെ തുറന്നെഴുതാൻ റോസി തോമസിനെ പ്രാപ്തയാക്കുന്നത്. ഇതേ സത്യസന്ധതയും ആത്മാർത്ഥതയുമാണ് 'ഇവൻ എന്റെ പ്രിയ സി.ജെ' എന്ന കൃതിയെ മലയാളത്തിലെ ശ്രദ്ധേയമായ ആത്മകഥകളിൽ ഒന്നാക്കി മാറ്റിയതും.

എഴുത്തുകാരനും ചിന്തകനും എന്നതിലുപരി തനിക്ക് സുപരിചിതനായ കാമുകനും ഭർത്താവും പിതാവുമായ സി.ജെയുടെ വ്യക്തിത്വ സവിശേഷതകളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നുണ്ട് ശ്രീമതി. സി.ജെ. തോമസ്. മധുരപ്പതിനേഴുകാരിയായ തനിക്ക് സാധാരണ പെൺകുട്ടികൾക്ക് ലഭിക്കുന്ന പ്രണയാനുഭവങ്ങൾ ലഭിച്ചില്ലെന്നും സി.ജെയുടെ അമിതമായ ആദർശാത്മകത പ്രണയത്തിന്റെ കാല്പനിക ഭംഗിയെ പലപ്പോഴും അപഹരിച്ചിരുന്നെന്നും റോസി തോമസ് പറയുന്നുണ്ട്. വേഷഭൂഷാദികളിൽ തീരെ തല്പരനല്ലാത്ത സി.ജെ. പക്ഷേ സ്ത്രീകൾ അണിഞ്ഞൊരുങ്ങി നടക്കണമെന്ന പക്ഷക്കാരനാണ്. വെറും ബാഹ്യാകർഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞ പ്രണയബന്ധമായിരുന്നില്ല തങ്ങളുടേതെന്നും സി.ജെ. തന്നെ ദേവതയായിക്കണ്ട് ആരാധിച്ചിരുന്നെന്നും റോസി പറയുന്നു. എന്നാൽ പുരോഗമനക്കാരിൽ പുരോഗമനക്കാരായ സി.ജെ. എത്ര സാമ്പത്തിക പരിമിതിയുണ്ടായാലും ഭാര്യയെ ജോലിയ്ക്കയയ്ക്കുന്നത് മാനക്കേടാണെന്ന അഭിപ്രായത്തിൽ ഉറച്ചു നിന്നിരുന്നെന്നും വിവാഹാനന്തരം നാടകാഭിനയത്തിനു പോലും തന്നെ അനുവദിച്ചില്ലെന്നും റോസി തോമസ് പറയുന്നു. 'തനിയ്ക്ക് മറ്റുള്ളവരോട് കൊഞ്ചിക്കുഴയണമെന്നായിരിക്കും' എന്ന് അതിസാധാരണക്കാരനായ യാഥാസ്ഥിതികന്റെ മട്ടിൽ തന്റെ കലാപ്രവർത്തനങ്ങൾക്ക് വിലക്ക് വെച്ചത് റോസി തോമസ് അനുസ്മരിക്കുന്നുണ്ട്. തിരുവനന്തപുരത്തും കോട്ടയത്തും മൂവാറ്റുപുഴയിലും മറ്റും മാറി മാറിയുള്ള വാടക വീടുകളിലെ താമസം സമ്മാനിച്ച വമ്പിച്ച സാമ്പത്തിക ബാധ്യതയും ജോലിക്കാര്യത്തിൽ സി.ജെ. വെച്ചു പുലർത്തിയ അഭിമാനവും അസ്ഥിരതയും റോസി തോമസിനെ ദാമ്പത്യത്തിലുടനീളം മാനസിക വിഷമത്തിലാക്കിയിരുന്നു. കാലാകാരൻ എന്ന നിലയിൽ സി.ജെ. തനിക്ക് എത്രത്തോളം അഭിമതനായിരുന്നുവെങ്കിലും തന്റെ ഭർത്താവ് അങ്ങുമിങ്ങും അലഞ്ഞുതിരിയുന്ന ആടിനേക്കാൾ, സ്ഥിരസ്വഭാവിയായ പശുവായിരുന്നെങ്കിൽ എന്നു ചിന്തിച്ചുപോവുന്നത് അതുകൊണ്ടാണ്. ഒരിക്കൽ സ്വന്തം കടമയെപ്പറ്റി സി.ജെയെ ബോധവാനാക്കാനായി പൊട്ടിത്തെറിക്കുക തന്നെ വേണ്ടി വന്നു അവർക്ക്.

ഇങ്ങനെയൊക്കെയെങ്കിലും ഭർത്താവ് എന്ന നിലയിലും പിതാവ് എന്ന നിലയിലും സി.ജെ. സ്നേഹസമ്പന്നൻ തന്നെയായിരുന്നു എന്ന് ഗ്രന്ഥകർത്ത്രി സ്ഥാപിക്കുന്നുണ്ട്. കുട്ടികൾ 'അപ്പാ' എന്നാണ് ആദ്യം വിളിച്ചത്. അവരുടെ ആരോഗ്യകാര്യത്തിൽ അതിശ്രദ്ധാലുവായിരുന്നു സി.ജെ. ഭർത്താവും കുട്ടികളും ഒത്തുള്ള സന്തുഷ്ട കുടുംബജീവിതത്തിന്റെ അനേകം ചിത്രങ്ങൾ കൊണ്ട് ചേതോഹരമാണ് ഈ ആത്മകഥ.

> മധുരപ്പതിനേഴുകാരിയായ തനിക്ക് സാധാരണ പെൺകുട്ടികൾക്ക് ലഭിക്കുന്ന പ്രണയാനുഭവങ്ങൾ ലഭിച്ചില്ലെന്നും സി.ജെയുടെ അമിതമായ ആദർശാത്മകത പ്രണയത്തിന്റെ കാല്പനിക ഭംഗിയെ പലപ്പോഴും അപഹരിച്ചിരുന്നെന്നും റോസി തോമസ് പറയുന്നുണ്ട്.

വിവാഹശേഷം സി.ജെ കൂടുതൽ കുടുംബസ്നേഹിയായതും എം.പി.പോൾ മരിച്ചതിനുശേഷം അനാഥമായ കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തതും അഭിമാനത്തോടെ അവർ സ്മരിക്കുന്നുണ്ട്. 'കൂട്ടുകാരൻ' എന്ന വിശേഷണം അന്വർത്ഥമാക്കുമാറ് പരസ്പര സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും അസുലഭ ദാമ്പത്യമായിരുന്നു കേവലം ഒൻപത് വർഷം മാത്രം നീണ്ടുനിന്ന സി.ജെയോടൊത്തുള്ള ജീവിതം തനിയ്ക്ക് സമ്മാനിച്ചത് എന്നാണ് അവർ അനുസ്മരിക്കുന്നത്.

സി.ജെയുടെ അകാല നിര്യാണത്തെ അഭിമുഖീകരിക്കാനും പിടിച്ചു നിൽക്കാനും അവർക്കു കഴിഞ്ഞത് അദ്ദേഹത്തിന്റെ പ്രായോ

*ശേഷം പേജ് 53 ൽ*





അഖിന ഹൻസ്‌രാജ്

# ഒരു പിടി ഞാവൽപ്പഴങ്ങളുടെ ഓർമ്മയ്ക്ക്

എന്റെ പ്രിയപ്പെട്ട കൂട്ടുകാരിക്ക്, നിന്റെ നാട്ടിൽ വന്ന് നിന്റെ കൂടെ ആ തൊടിയിലൂടെ ഞാവൽപ്പഴം പെറുക്കി നടക്കുന്നത് വരെ, എന്താണ് നമ്മൾ തമ്മിലുള്ള ഗാഢമായ സൗഹൃദത്തിന്റെ രഹസ്യമെന്ന് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. എനിക്ക് ചുറ്റുമുള്ളവരിൽ നിന്നും വ്യത്യാസ്തമായി നിന്റെ കൂടെയിരിക്കുമ്പോൾ മാത്രം എനിക്ക് കിട്ടുന്ന സുരക്ഷിതത്വബോധവും ആത്മവിശ്വാസവും... അതെന്തുകൊണ്ടാണെന്ന്.

നിലതെറ്റിയ മനസുമായി മാനസികരോഗാശുപത്രിയിലെ വരാന്തയിലൂടെ അലഞ്ഞ് നടക്കാൻ വിധിക്കപ്പെട്ടവരുടെ കൂടെ ബോധത്തോടെ (അതോ ബോധമുണ്ടെന്നുള്ള നമ്മുടെ മാത്രം വിശ്വാസത്തോടെയോ...?) നടക്കുമ്പോഴാണ് ഒരു പൊട്ടിച്ചിരിയുമായി എന്റെ വരണ്ട സന്ധ്യകളിലേക്ക് നീ കടന്നുവന്നത്.

തന്നിലേക്ക് തന്നെ ഉൾവലിഞ്ഞ് സ്വയമൊരു വിഷാദരോഗിയായി പ്രഖ്യാപിച്ച എനിക്ക് നീയൊരു കൂട്ടായി. ആശ്വാസമായി. സൈക്കോളജി ക്ലാസ്സുകളിൽ നമ്മൾ ഉരുവിട്ടു പഠിച്ച സിദ്ധാന്തങ്ങളോ, തല്ലിപ്പഴുപ്പിച്ചെടുത്ത പ്രൊഫഷണൽ എത്തിക്സോ ആയിരിക്കും നമുക്കിടയിലെ രഹസ്യമെന്ന് ഞാൻ കരുതി.

ഇന്നലെയാണ് ആ രസതതന്ത്രത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായത്. അത് നിന്റെയുമെന്റേയും കുട്ടിക്കാലത്തിന്റെ നൈർമല്യമായിരുന്നു. മാനം മണക്കുന്ന നാട്ടുവഴികളിൽ ചാറ്റൽമഴ കൊണ്ട് ഓടിക്കളിച്ച പുതുമണ്ണിന്റെ കൊതിപ്പിക്കുന്ന ഗന്ധ

മുള്ള ബാല്യത്തിന്റെ നിറമുള്ള ഓർമ്മകളാണ്. അതാണ് നമുക്കിടയിലെ സ്പാർക്ക്. ഉറക്കെ സംസാരിക്കാൻ വിലക്കുകളില്ലാത്ത പൊട്ടിച്ചിരിക്കാനും ആർത്തുകരയാനും പൊയ്മുഖങ്ങളിടേണ്ടാത്ത ഗ്രാമത്തിന്റെ വിശുദ്ധിയാണ് നിന്റെ ഉള്ളിലെ ആർദ്രത. നിന്റെ കണ്ണുകളിലെ തെളിമ.

ഞാനിതെഴുതുന്നത് നിനക്ക് നന്ദി പറയാനാണ്. എന്റെ ജീവിതത്തിലെ ഏറ്റവും തെളിച്ചമുള്ള ഓർമ്മകളിൽ ഒന്നായിരിക്കും നിന്റെ കൂടെയുള്ള ഈ ദിവസങ്ങൾ. അളവില്ലാത്തത്ര സന്തോഷം തന്നു നിന്റെ വീട്... കുട്ടിക്കാലത്തിനപ്പുറം സമൃദ്ധമായ ഒരു മാമ്പഴക്കാലം ഞാൻ കണ്ടു. ഏകാന്തത തോന്നാത്ത ഒരിടത്ത് ഒരു രാവും പകലും വെറുതെ ഇരിക്കാമെന്ന് ഞാൻ തിരിച്ചറിഞ്ഞു. വർഷങ്ങൾക്ക് ശേഷം ഞാൻ സുഖമായുറങ്ങി. തുറന്നിട്ട ജനവാതിലുകളിലൂടെ പുഴയുടെ മണമുള്ള കാറ്റുവന്ന് എന്നെ തഴുകി ഉറക്കി. പുലർകാലത്തിന്റെ കുളിരുവന്നെന്റെ നെറ്റിയിൽ ഉമ്മവെച്ചപ്പോൾ ഞാൻ ഉണർന്നു.

നിന്നോടിതൊക്കെ പറയുമ്പോൾ വാക്കുകൾ കിട്ടാതെ പോകും. എന്റെ ശബ്ദമിടറും... അതുകൊണ്ടാണ് നിനക്കായി ഞാൻ ഇതെഴുതുന്നത്. മടങ്ങിപ്പോവുമ്പോൾ മടുപ്പിക്കുന്ന ഏകാന്തത മാത്രമാണ് എനിക്ക് കൂട്ടുള്ളത്.

ജനലും വാതിലുമടച്ച് ചുട്ടുപൊള്ളുന്ന മുറിയിൽ കൃത്രിമക്കാറ്റിനു മുന്നിൽ ആശ്വാസം തേടി ഒറ്റക്കിരിക്കുമ്പോൾ ഇരുട്ട് മാത്രമാണ് എനിക്ക് കൂട്ട്. അപ്പോഴും... മഴയുടെ ശബ്ദത്തിനായി ഞാൻ കാതോർക്കും. ഒരു വേനൽമഴയാണ് എന്റെ പ്രതീക്ഷ. ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന രാത്രികളിൽ പണ്ട് കണ്ട പ്രണയസ്വപ്നങ്ങൾ ഇന്ന് ഇരുട്ടിൽ പ്രേതാത്മാവിനെപ്പോലെ വന്നെ എന്നെ പരിഹസിച്ച് ചിരിക്കും. അതിനെ ആട്ടിപ്പായിക്കാനെന്ന വണ്ണം ദേഷ്യം തീർക്കാൻ കൊതുകിനെ കൊല്ലുന്നുവെന്ന വ്യാജേന ഞാനെന്നെത്തന്നെ പ്രഹരിക്കും.

തല പുകഞ്ഞ് പുകഞ്ഞ് എനിക്ക് ഭ്രാന്താകുമോ എന്ന ഭീതിസ്വപ്നം വന്നലട്ടുമ്പോൾ ചൂടിനെ തോൽപ്പിക്കാനെന്ന വണ്ണം തലയിലൂടെ വെള്ളം കോരിയൊഴിക്കും.

ഓർമ്മകൾ പുറകോട്ട് പാലായനം ചെയ്യുമ്പോൾ അതെന്നെ അലട്ടാതിരിക്കാൻ ഞാൻ സ്വയം തിരക്കഭിനയിക്കും.

എല്ലാം മറക്കുകയാണ്. എന്റെ കിനാവും, കാമനകളും എന്റെ ഉള്ളിലെ വെളിച്ചം പോലും ഞാനീ നഗരത്തിന്റെ തിരക്കുകൾക്കിടയിൽ ഒഴിച്ചുമൂടി. ഒരു പൊയ്മുഖം വലിച്ചിട്ട് പൊട്ടിച്ചിരിച്ചു.

എന്റെ പ്രണയത്തിന്റെ ഓർമ്മക്കായ് ഞാൻ കൊണ്ടുവന്ന ഞാവൽപ്പഴങ്ങൾ ഫ്രിഡ്ജിൽ മരവിച്ചിരിക്കുന്നു. എന്റെ ഓർമ്മകൾ പോലെ...

ഒരിക്കൽക്കൂടെ നന്ദി പറയട്ടെ നിന്നോട്... ഒരു ജന്മം മുഴുവൻ ഈ നല്ല ഓർമ്മകളുടെ പേരിൽ ഞാൻ നിന്നോട് കടപ്പെട്ടവളായിരിക്കും...

പേജ് 51 തുടർച്ച

ഗിക ജീവിതത്തിൽ നിന്നന്യമായ വ്യക്തിത്വം നൽകിയ പക്വത തന്നെയായിരിക്കണം. പുരുഷനിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യജീവിത സാഹചര്യങ്ങൾ സ്ത്രീയെ പ്രായോഗികമതിയാക്കി നിർത്തുന്നു. അല്ലാത്ത പക്ഷം അവളൊരു ദുരന്തനായികയായേക്കാം. മാധവിക്കുട്ടിയുടെ ആത്മകഥയെ പുച്ഛിച്ച് തള്ളിയ സമൂഹം പി. കുഞ്ഞിരാമൻനായരുടെ ഏറ്റുപറച്ചിലുകളെ അഭിനന്ദിച്ചുകൊണ്ട് സ്വീകരിക്കുകയാണല്ലോ ചെയ്തത്.

തനി പുരോഗമനക്കാരനും അതേ സമയം മറ്റു ചില കാര്യങ്ങളിൽ തനി യാഥാസ്ഥിതികനും പിടിവാശിക്കാരനുമായ സി.ജെയുമൊത്തുള്ള ജീവിതം തനിയ്ക്ക് വളരെ ആനന്ദകരമായിരുന്നു എന്ന് റോസി തോമസ് സമർത്ഥിക്കുന്നുവെങ്കിലും ബാഹ്യതലത്തിൽ എത്രത്തോളം മറയ്ക്കാൻ ശ്രമിച്ചാലും നല്ല വായനക്കാരിയും കലാകാരിയുമൊക്കെയായിരുന്ന ഗ്രന്ഥകാരിയുടെ സ്വാതന്ത്ര്യത്തെ അതെത്രത്തോളം പരിമിതപ്പെടുത്തി എന്ന് വായനക്കാർക്ക് അനുഭവവേദ്യമാവുന്നുണ്ട്. സി.ജെ. എന്ന അസാമാന്യപ്രതിഭയെ ഉയർത്തിക്കൊണ്ടു വന്നതിൽ റോസിയുടെ പങ്ക് നിസ്സാരമല്ലല്ലോ എന്ന് ആശ്വാസിക്കാമെങ്കിലും.....!

**സൃഷ്ടികൾ ക്ഷണിക്കുന്നു**

സ്ത്രീകളിൽ നിന്ന്, മുമ്പ്
പ്രസിദ്ധീകരിക്കാത്തതും
മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.

**സംഘടിത മാസിക**

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



ആർ. ശ്രീലതാവർമ്മ

# ഉർവരം

ഈ മുറ്റം
പൂച്ചട്ടികളിൽ വളരുന്ന
ചെടികൾ കൊണ്ട് അലങ്കരിച്ചിട്ടുള്ളതല്ല
വന്യമായി വളരുന്ന
വളർന്നു പടരുന്ന
പടർന്നു പന്തലിക്കുന്ന
ചെടികളാണിവിടെ.
സ്വപ്നങ്ങൾ
നിറങ്ങളായി വിടർത്തുന്ന
ഓരോ ചെടിയുടേയും ചുറ്റിലായി
തേനീച്ചകളുടെ ജുഗൽബന്ദിയുണ്ട്.
എങ്കിലും
ഇതൊന്നും
ഞാൻ കാണുന്നും കേൾക്കുന്നുമില്ല
എന്നുഭാവിച്ച്
സൂര്യൻ
തന്റെ അനാദിയായ വയലിനിൽ
ആഹിർഭൈരവ് വായിക്കും, മിക്കപ്പോഴും
അതുകേട്ട്
ചെടികൾ
മയങ്ങിയ കണ്ണുകളോടെ
ധ്യാനത്തിലാണ്ടുപോകും
പെട്ടെന്നാണ്
ഒരു തളിരില നാമ്പിടുന്നത്
ഒരു മൊട്ട് ഇതൾവിടർത്തുന്നത്




**കവിത**

# മടക്കം



**അമ്മു ദീപ**

പ്രിയനേ
തിരികെ തന്നേക്കുക
സൂര്യകാന്തിപ്പൂക്കളുടെ
ഇതളുകൾ ചേർത്തുതുന്നി
ഞാൻ നിനക്കു സമ്മാനിച്ച
പകലുകൾ
ഉടലിൽ ഉടൽ ചേർത്ത്
നക്ഷത്രങ്ങളിലേക്ക്
യാത്രപോയ രാവുകൾ
നിന്റെ നെഞ്ചിൽ
നിന്റെയാത്മാവിൽ
നീ പാടാറുള്ള പാട്ടുകളിൽ
നീ കണ്ട സ്വപ്നങ്ങളിൽ
നിന്റെ കവിതയിൽ
നീ നടന്ന വഴികളിൽ
നീ തൊട്ടവയിലൊക്കെയും
നിന്നെ തൊട്ടവയിലും
ഞാനലിയിച്ച പ്രണയമുദ്രകൾ
തിരികെ തന്നേക്കുക
എന്റെ പേര്
ആരും വിളിച്ചു കേൾക്കാത്ത
നിന്റെ കുങ്കുമക്കൊട്ടാരം
ഉപേക്ഷിച്ചു ഞാനിറങ്ങുമ്പോൾ
തനിച്ചു താലോലിക്കാൻ...







എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ ആവാൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No............... |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs......................................DD/MO അയക്കുന്നു. എന്ന്..................................................

മേൽവിലാസം..............................................................................................................................

...........................................................................................................................പിൻ..............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

ശാസ്ത്രം





സീമ ശ്രീലയം

# പസഫിക്കിലെ എൽനിനോയും കേരളത്തിലെ മൺസൂണും

**കേരളത്തിലെ** മൺസൂണും അങ്ങകലെ പസഫിക്കിലെ എൽനിനോയും തമ്മിൽ എന്താണു ബന്ധം? ഈ വർഷം എൽനിനോ ശക്തിയാർജിക്കാൻ സാധ്യതയുണ്ടെന്നും അങ്ങനെ വന്നാൽ അത് കേരളത്തിൽ മഴ കുറയാൻ കാരണമാവുമെന്നും കാലാവസ്ഥാ ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. എന്താണീ എൽനിനോ എന്നാണോ സംശയം. പസഫിക് സമുദ്രത്തിലുണ്ടാവുന്ന ഒരു കാലാവസ്ഥാ പ്രതിഭാസമാണിത്. എൽനിനോ ആരംഭിക്കുന്നതോടെ പസഫിക് സമുദ്രത്തിന്റെ ഉപരിതലം അസാധാരണമാം വിധം ചൂടുപിടിക്കാൻ തുടങ്ങും. സമുദ്രത്തിൽ രൂപംകൊള്ളുന്ന ഉഷ്ണജലപ്രവാഹമാണ് മുകളിലേക്കുയർന്ന് ഉപരിതലത്തെ ചുട്ടുപൊള്ളിക്കുന്നത്. ആഗോള കാലാവസ്ഥയെത്തന്നെ തകിടം മറിക്കാൻ എൽനിനോയ്ക്ക് കഴിയും. ഇതിന്റെ ഫലമായി 2014 ഓ 2015 ഓ ഏറ്റവും ചൂടുകൂടിയ വർഷമാവാനുള്ള സാധ്യതയിലേക്ക് ലോക കാലാവസ്ഥാസംഘടനയുടെയും നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷന്റെയുമൊക്കെ പഠനങ്ങൾ വിരൽചൂണ്ടിക്കഴിഞ്ഞു.

എൽനിനോ എന്ന വാക്കിന് സ്പാനിഷിൽ ഉണ്ണിയേശു, ചെറിയ ആൺകുട്ടി എന്നൊക്കെയാണർഥം. പെറുവിലെ മുക്കുവരാണ് ഈ പേരിനു പിന്നിൽ. ചില വർഷങ്ങളിൽ ഡിസംബർ മാസത്തിൽ പൊടുന്നനെ തീരക്കടലിൽ നിന്നും മൽസ്യങ്ങൾ കൂട്ടത്തോടെ അപ്രത്യക്ഷമാവുന്നത് അവർ ശ്രദ്ധിച്ചിരുന്നു. ക്രിസ്മസ്സിനോട് അടുപ്പിച്ചുണ്ടാവുന്നതു കൊണ്ട് അവർ ഈ അസാധാരണ

പ്രതിഭാസത്തെ എൽനിനോ എന്നു വിളിച്ചു. ശാന്തസമുദ്രത്തിൽ രൂപംകൊള്ളുന്ന ചൂടിന്റെ പ്രവാഹം പെറുവിന്റെ തീരത്തേക്ക് വ്യാപിക്കുന്നതാണ് ഇതിനു കാരണം. എൽനിനോ ഉണ്ടാവുന്നതിനു പിന്നിലെ കാരണം എന്തെന്നാണോ സംശയം? ആഗോളതാപനം ഭൂമിയെ ചുട്ടുപൊള്ളിക്കുമ്പോൾ സമുദ്രവും അന്തരീക്ഷവും തമ്മിലുള്ള ഊർജവിനിമയത്തിൽ ഉണ്ടാവുന്ന അസന്തുലിതാവസ്ഥയും അതു ക്രമീകരിക്കാനുള്ള ഭൂമിയുടെ ശ്രമങ്ങളുമാണ് എൽനിനോ പോലുള്ള പ്രതിഭാസങ്ങൾക്ക് കാരണമാവുന്നത്. എൽനിനോ എന്ന വാക്കിന്റെ അർഥം ചെറിയ ആൺകുട്ടി എന്നാണെങ്കിലും ഒട്ടും ചെറുതല്ല ഇതുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ. പേമാരി, വെള്ളപ്പൊക്കം, വരൾച്ച, കൊടുങ്കാറ്റുകൾ, താപതരംഗങ്ങൾ, അതിശൈത്യം, കാട്ടുതീ എന്നിങ്ങനെ നീളുന്നു എൽനിനോ വിതയ്ക്കുന്ന ദുരന്തങ്ങളുടെ പട്ടിക.

1997-98 കാലത്തും 1982-83 കാലത്തുമുണ്ടായ എൽനിനോകൾ അതി വിനാശകാരികളായിരുന്നു. പതിനായിരക്കണക്കിന് മനുഷ്യജീവനാണ് എൽനിനോ വിതച്ച ദുരന്തങ്ങളിൽ പൊലിഞ്ഞത്. മറ്റു നാശ നഷ്ടങ്ങൾ വേറെ.ഇതിലും ശക്തിയേറിയതാവും ഈ വർഷമുണ്ടാവുന്ന എൽനിനോ എന്ന് വിവിധ പഠനങ്ങൾ അപായമണികൾ മുഴക്കിക്കഴിഞ്ഞു. എൽനിനോപ്പേടി ലോകമെങ്ങും പരക്കുമ്പോഴും ഇതിനെ നേരിടാൻ വേണ്ട സജ്ജീകരണങ്ങൾ മിക്ക രാജ്യങ്ങൾക്കുമില്ല എന്നതാണ് യാഥാർഥ്യം. ചില പ്രത്യേക ഇടവേളകളിൽ എൽനിനോ പ്രത്യക്ഷപ്പെടുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യ കാലങ്ങളിൽ തന്നെ മനുഷ്യൻ ശ്രദ്ധിച്ചിരുന്നു.

> ആഗോളതാപനം ഭൂമിയെ ചുട്ടുപൊള്ളിക്കുമ്പോൾ സമുദ്രവും അന്തരീക്ഷവും തമ്മിലുള്ള ഊർജവിനിമയത്തിൽ ഉണ്ടാവുന്ന അസന്തുലിതാവസ്ഥയും അതു ക്രമീകരിക്കാനുള്ള ഭൂമിയുടെ ശ്രമങ്ങളുമാണ് എൽനിനോ പോലുള്ള പ്രതിഭാസങ്ങൾക്ക് കാരണമാവുന്നത്. എൽനിനോ എന്ന വാക്കിന്റെ അർഥം ചെറിയ ആൺകുട്ടി എന്നാണെങ്കിലും ഒട്ടും ചെറുതല്ല ഇതുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ.

പസഫിക് സമുദ്രത്തിന്റെ ഉപരിതലം അസാധാരണമാം വിധം ചൂടായിക്കൊണ്ടിരിക്കുകയാണെന്നും ഈ ഒക്റ്റോബറോടെ എൽനിനോ ശക്തിയാർജിക്കാനുള്ള സാധ്യത ഏറെയാണെന്നും കാലാവസ്ഥാ വിദഗ്ധർ പറയുന്നു.അങ്ങനെ വന്നാൽ നമ്മുടെ തുലാവർഷത്തിന്റെ താളവും തെറ്റിയേക്കും. ഇന്ത്യയിൽ മഴയുടെ ലഭ്യതയിൽ അഞ്ചു ശതമാനവും കേരളത്തിൽ മഴയുടെ ലഭ്യതയിൽ പന്ത്രണ്ടു ശതമാനവും കുറവുണ്ടാവാനാണു സാധ്യത.

ഏഷ്യയിലും ആഫ്രിക്കയിലും ആസ്ട്രേലിയയിലുമൊക്കെ എൽനിനോ കാരണം മഴ കുറയും. വരൾച്ചയുടെ തീവ്രത കൂടും. 2009 ലെ എൽനിനോ ഇന്ത്യൻ മൺസൂണിനെ പ്രതികൂലമായി ബാധിക്കുകയും കടുത്ത വരൾച്ചക്കിടയാക്കുകയും ചെയ്തിരുന്നു. അമേരിക്കയിലും ചൈനയിലുമൊക്കെ ചില പ്രദേശങ്ങളിൽ മഴയുടെ അളവു കൂടും. പെറുവിലും ബ്രസീലിലും കലിഫോർണിയയിലും കനത്ത മഴ ലഭിക്കും. തണുത്തതും വരണ്ടതുമായ ശൈത്യകാലമാണ് യൂറോപ്പിന്റെ വടക്കൻ ഭാഗങ്ങളെ കാത്തിരിക്കുന്നത്. ഇൻഡൊനേഷ്യ, ഫിലിപ്പീൻസ്, തായ് ലന്റ്, മലേഷ്യ എന്നിവിടങ്ങളിൽ മഴ കുറയും. ഭൂമിയുടെ താപനില ഉയരുമ്പോൾ മഞ്ഞുരുകുന്നത് സമുദ്രനിരപ്പുയരാനും കാരണമാവും. വാണിജ്യവാതങ്ങളുടെയും സമുദ്രജല പ്രവാഹങ്ങളുടെയുമൊക്കെ ഗതിയെയും എൽനിനോ ബാധിക്കും. ആവാസവ്യവസ്ഥകൾ ഭീഷണിയുടെ നിഴലിലാവും. പ്രവചനാതീതമാണ് പലപ്പോഴും എൽനിനോ വിതയ്ക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ. ഫലപ്രദമായ മുന്നറിയിപ്പ് സംവിധാനങ്ങളും മുന്നൊരുക്കങ്ങളും യാഥാർഥ്യമായില്ലെങ്കിൽ എൽനിനോ ദുരന്തങ്ങൾക്കു മുന്നിൽ ലോകത്തിനു കാലിടറുമെന്നാണ് ഇതു വരെയുള്ള അനുഭവങ്ങൾ നൽകുന്ന പാഠം.

o




സുനീത ടി.വി


# സിനിമയിലെ പെൺ വിജയഗാഥ ; അതിരുകളില്ലാത്ത സൗഹൃദത്തിന്റെയും...

**സിനിമയുടെ** പുരുഷകേന്ദ്രീകൃതമേഖലയായ സംവിധാനരംഗത്തേയ്ക്ക് സ്ത്രീകൾ ആഗോളവ്യാപകമായി കൂട്ടത്തോടെ കടന്നുവരുന്ന പ്രവണത ഏറിവരുന്നതായി കാണാം. ഇന്ത്യയിലും സൂപ്പർഹിറ്റ് സംവിധായികമാർ ധാരാളം ഉണ്ടായിവരുന്നു. ഫറാഖാൻ, ഗൗരി ഷിൻഡെ, സോയ അക്തർ, റീമ കാഗ് തി, നന്ദിതാ ദാസ്, ദീപ മേത്ത, കിരൺ റാവു, അനുഷ്ക റിസ്വി, മീര നായർ, രേവതി തുടങ്ങിയവരുടെ നിരയിലെക്കിതാ തലയെടുപ്പോടെ ഒരു മലയാളി സ്ത്രീ അഞ്ജലി മേനോൻ. അഭിമാനിക്കാം ന മു ക്ക് ....200 കേന്ദ്രങ്ങളിൽ ഒന്നിച്ച് പ്ര ദർശിപ്പിച്ച ഈ ബഹുതാരചിത്രം ആദ്യ ആഴ്ച തന്നെ 10 കോടിയിലധികം നേടി റെക്കോഡുകൾ ഭേദിച്ച് മുന്നേറുകയാണ്. അതിന്റെ വലിയ ആഹ്ലാദം പങ്കുവെച്ചുകൊണ്ട് മാത്രമേ ബാംഗ്ലൂർ ഡേയ്സിനെക്കുറിച്ചുള്ള ചർച്ച ആരംഭിക്കാനാവൂ.

1928ൽ ആരംഭിക്കുന്നു, മലയാളസിനിമയുടെ ചരിത്രം. ആദ്യമലയാളചിത്രമായ വിഗതകുമാരൻ സംവിധാനം ചെയ്ത ജെ.സി ദാനിയേലാണ് മലയാളത്തിലെ ആദ്യതിരക്കഥാകൃത്ത്. 37 വർഷം കഴിഞ്ഞാണ് ആദ്യസ്ത്രീതിരക്കഥാകൃത്ത് രംഗത്തെത്തിയത്.



1965ൽ പുറത്തുവന്ന കുഞ്ചാക്കോയുടെ ശകുന്തളയുടെ രചന നിർവ്വഹിച്ച ലളിതാംബിക അന്തർജ്ജനമാണ് മലയാളത്തിലെ ആദ്യസ്ത്രീതിരക്കഥാകൃത്ത്. ഇവരെത്തുടർന്ന് വിദുഷി മീനാക്ഷിക്കുട്ടിയമ്മ, എസ്.കനകം, സുമ ജോസൻ, വി പി ഭാനുമതി, കെ ആർ മീര, ഇ.രാജരാജേശ്വരി, ദീദി ദാമോദരൻ എന്നിങ്ങനെ പോകുന്ന ആ നിരയിലെ ഏറ്റവും പുതിയ സാന്നിധ്യമായി വന്നെത്തിയതാണ് അഞ്ജലി മേനോൻ (1973ൽ പുറത്തിറങ്ങിയ കവിത എന്ന ചിത്രത്തോടെ ആദ്യ സംവിധായികയെ മലയാളത്തിനു ലഭിച്ചു. അത് വിജയനിർമ്മലയാണ് എന്നാണു മനസ്സിലാക്കാൻ കഴിഞ്ഞത്). വിജയനിർമ്മല, ഷീല, സുമ ജോസൻ, സുധി, ശ്രീ ബാല കെ മേനോൻ, ഗീതു മോഹൻദാസ് എന്നിങ്ങനെ പോവുന്ന മലയാളിസംവിധായികമാരുടെ നിരയിലും ഏറ്റവും പുതിയ താരോദയമായി അഞ്ജലി മേനോനെ വിശേഷിപ്പിക്കാം. അവരുടെ പുതിയ ചിത്രമാണ് ബാംഗ്ലൂർ ഡേയ്സ്. പ്രണയം, സ്വപ്നങ്ങൾ, നഷ്ടങ്ങൾ, വഞ്ചന, വിവാഹം, പരാജയം, വിജയം, സ്നേഹം, പ്രതികാരം ഇവയെയൊക്കെ ഒന്നിച്ച് നേരിടുന്ന മൂന്നു കൂട്ടുകാരുടെ കഥയാണിത്.



ഏത് വീക്ഷണ കോണിലൂടെ നോക്കിയാലും ബാംഗ്ലൂർ ഡേയ്സ് യുവത്വത്തിന്റെ സിനിമയാണ്. വീട്ടുകാരുടെ പ്രതീക്ഷകളുടെ ഭാരം പേറി ഇഷ്ടമില്ലാത്ത ജീവിതം അനുഭവിക്കേണ്ടിവരുന്നവർക്കും സ്വന്തം ജീവിതം സ്വയമിഷ്ടപ്രകാരം ആസ്വദിക്കുന്നവർക്കും ഇനി ഈ രണ്ട് വിഭാഗത്തിലും പെടാതെ ജീവിക്കുന്നവർക്കുമെല്ലാം കൂടി ഒരുമിച്ചിരുന്നു ആസ്വദിക്കാൻ കഴിയുന്ന ഒരു സിനിമ.

**കഥ**

അർജുൻ എന്ന അജു, കൃഷ്ണൻ കുട്ടി എന്ന കുട്ടൻ, ദിവ്യ എന്ന കുഞ്ചി ഇവർ മൂന്നു പേരും കസിൻസ് ആണു. ഇതിൽ കുട്ടൻ വീട്ടുകാരുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് പഠിച്ച് എഞ്ചിനീയറിംഗ് പാസായി ബാംഗ്ലൂരിൽ ജോലി ചെയ്യാൻ തയ്യാറായി നിൽക്കുന്നു. കക്ഷിക്ക് പക്ഷെ താല്പര്യം നമ്മുടെ നാടിന്റെ പച്ചപ്പും മനോഹാരിതയുമൊക്കെയാണ്. ദിവ്യ എം ബി എ പാസായി ഒരു വലിയ കമ്പനി തുടങ്ങി അവിടെ സ്ത്രീ ശാക്തീകരണം നടപ്പിലാക്കണം എന്നൊക്കെയാണു ആഗ്രഹമെങ്കിലും ജോത്സ്യത്തിൽ അമിത വിശ്വാസമുള്ള വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന ദാസിനെ വിവാഹം കഴിച്ച് ബാംഗ്ലൂരിലേക്ക്പോകുന്നു. അജു. ആദ്യത്തെ രണ്ട് പേരിൽ നിന്നും തികച്ചും വ്യത്യസ്ഥനാണു പന്ത്രണ്ടാം ക്ലാസിൽ വെച്ച് പഠിത്തം നിർത്തി നാട് വിട്ട അജുവിനു കമ്പം ബൈക്ക് റേസിംഗിനോടാണ്. സ്ഥിരമായൊരു സ്ഥലമോ ജോലിയോ ഒന്നും അജുവിനില്ല. ചുരുക്കി പറഞ്ഞാൽ ഒരു ന്യൂജനറേഷൻ നാടോടി. ദിവ്യയും കുട്ടനും ബാംഗ്ലൂരിൽ താമസമാക്കിയതോടെ അജുവും ബാംഗ്ലൂരിലേക്ക് വരുന്നു. ദിവ്യയുടെ ഭർത്താവായ ദാസ് ആകട്ടെ തനിക്ക് ഒരു കാമുകി ഉണ്ടായിരുന്നെന്നും ആ പ്രേമബന്ധത്തിൽ നിന്ന് വിമുക്തനായി വരുന്നതേ ഉള്ളു എന്നും ദിവ്യയോട് ആദ്യമേ സമ്മതിച്ചതായിരുന്നെങ്കിലും തികച്ചും റിസർവ്ഡ് ആയ ഒരു പെരുമാറ്റ രീതിയാണു കൈക്കൊള്ളുന്നത്. ആ വിരസതയിൽ നിന്നും ദിവ്യ മോചനം നേടിയിരുന്നത് അജുവും കുട്ടനുമായുള്ള അടിച്ചു പൊളികളിലൂടെ ആയിരുന്നു. ഇതിനിടയിൽ കുട്ടൻ മീനാക്ഷി എന്ന ഒരു എയർ ഹോസ്റ്റസുമായി പ്രണയത്തിലാവുന്നു. എന്നാൽ അതൊരു ഹാപ്പി അവർ ആഫ്റ്ററിനപ്പുറത്തേക്ക് നീങ്ങുന്നില്ല. അങ്ങനെയിരിക്കെ അജു യാദൃശ്ചികമായി എഫ് എമ്മിലൂടെ ഒരു പ്രോഗ്രാം കേൾക്കുന്നു. അതിലെ ജോക്കിയായ സൈറയുടെ വാചകങ്ങൾ അജുവിനെ സ്വാധീനിക്കുകയും അജു സൈറയുടെ ആരാധകനാവുകയും ചെയ്യുന്നു. സൈറയെ

നേരിൽ കണ്ട് ഒരു സർപ്രൈസ് കൊടുക്കാൻ എത്തുന്ന അജു വീൽചെയർ തള്ളി നീങ്ങുന്ന സൈറയെ ആണു കാണുന്നത്. പിന്നീട് ജീവിതം വ്യത്യസ്തമായ വഴികളിലേക്ക് നീങ്ങുന്നു.

ഏത് വീക്ഷണ കോണിലൂടെ നോക്കിയാലും ബാംഗ്ലൂർ ഡേയ്സ് യുവത്വത്തിന്റെ സിനിമയാണ്. വീട്ടുകാരുടെ പ്രതീക്ഷകളുടെ ഭാരം പേറി ഇഷ്ടമില്ലാത്ത ജീവിതം അനുഭവിക്കേണ്ടിവരുന്നവർക്കും സ്വന്തം ജീവിതം സ്വയമിഷ്ട പ്രകാരം ആസ്വദിക്കുന്നവർക്കും ഇനി ഈ രണ്ട് വിഭാഗത്തിലും പെടാതെ ജീവിക്കുന്നവർക്കുമെല്ലാം കൂടി ഒരുമിച്ചിരുന്നു ആസ്വദിക്കാൻ കഴിയുന്ന ഒരു സിനിമ.

സിനിമയിലെ പെൺകാഴ്ച വളരെ സൂക്ഷ്മമായ നർമ്മം ഉന്നം തെറ്റാതെ പ്രയോഗിക്കുന്നത് ബാംഗ്ലൂർ ഡെയ്സിൽ കാണാം. നമുക്കു കിട്ടാത്ത സന്തോഷങ്ങളെ തിന്മകളായി പ്രഖ്യാപിക്കുന്ന സദാചാരമലയാളത്തെ പല തവണ തോണ്ടിവിടുന്നുമുണ്ട്. (ഉദാ എനിക്കതിലല്ല ദുഃഖം, നമ്മുടെ അജുവിന്റെ നിഷ്കളങ്കത മൊത്തം പോയതിലാണ് എന്നു പ്രഖ്യാപിക്കുന്ന, ഭാര്യ തന്നെ ചേട്ടാ എന്നു വിളിക്കണം എന്നു നാണത്തോടെ പറയുന്ന കുട്ടൻ!)

ചേട്ടാ എന്നു വിളിപ്പിച്ച് ഗർവ്വിക്കുന്ന ആണിനെപോലെ തന്നെ കെട്ട കാഴ്ചയാണ് പെണ്ണിന്റെ പിന്നാലെ നടക്കുന്ന ആണും. 'എനിക്ക് നിന്റെ പിന്നാലെ നടക്കണ്ട, ഒപ്പം നടന്നാൽ മതി' എന്നു അർജുൻ സാറയോട് പറയുന്നത് ഒരു വെറും ഡയലോഗല്ല. അത് ആണിനേക്കുറിച്ച് പെണ്ണിനുള്ള സ്വപ്നത്തിന്റെ പ്രഖ്യാപനമാണ്... മലയാളസിനിമയുടെ പതിറ്റാണ്ടുകൾ നീണ്ട ചരിത്രത്തിൽ ആദ്യമായാണ് ഒരു വനിത എഴുതി സംവിധാനം ചെയ്ത സിനിമ കാണാൻ മലയാളികൾ കൂട്ടത്തോടെ തിയറ്ററിൽ എത്തുന്നത്. ഈ മുഹൂർത്തത്തിൽ നിന്ന് തിരിഞ്ഞുനോക്കുമ്പോൾ മലയാളിസ്ത്രീ ഗംഭീരമായി ആവിഷ്കരിച്ച അതിരുകളില്ലാത്ത സൗഹൃദത്തിന്റെ ഈ ചിത്രത്തെച്ചൊല്ലി നമുക്ക് അഭിമാനിക്കാം...

---

*പേജ് 23 തുടർച്ച*

ഈ ഓർമ്മകളുടെ കഥാകാരിയും ആത്മകഥാകാരിയുമായിരുന്നു. പുരുഷൻ ഓർത്തെടുക്കുമ്പോൾ സാമൂഹ്യ ചരിത്രവും സ്ത്രീകൾ ഓർമ്മിക്കുമ്പോൾ വൈകാരിക ചരിത്രവുമായിത്തീരുന്നുവെന്ന തെറ്റായ ബോധമാണ് നമ്മുടെ സാംസ്കാരിക ചരിത്രം പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നത്. യഥാർത്ഥത്തിൽ സ്ത്രീകൾ ഓർത്തെടുത്തുകൊണ്ടിരുന്നത് പ്രതിരോധത്തിന്റെ ചരിത്രമായിരുന്നു. പുരുഷാധിപത്യത്തിനെതിരെയും അതുവഴി പുരുഷൻ നിർമ്മിച്ച ഭരണകൂടാധികാരത്തിനെതിരെയുമുള്ള ഓർമ്മകളായിരുന്നു അവയിലധികവും. ചരിത്രം രാജാക്കന്മാരുടെ ചരിത്രമായിരുന്നതു പോലെ ആത്മകഥകൾ ആൺ ദേശീയതയുടെതുമായിരുന്നുവെന്നു മാത്രം. പുരുഷദേശരാഷ്ട്രത്തിലെ സ്ത്രീപ്രജകൾ നിഴലിൽപെട്ടു പോയതിലെന്തത്ഭുതം! സ്ത്രീകൾ ഭാവനകൾ കൊണ്ടു സൃഷ്ടിച്ച ലോകം അവർ ജീവിച്ചതിനേക്കാൾ കൂടുതൽ അവരെ ജീവിക്കാൻ പ്രേരിപ്പിച്ചു.

ലളിതാംബിക പറയുന്നതു കേൾക്കൂ.

"പത്രമാസികകളിൽ നിന്നു കിട്ടിയ അറിവുകൾകൊണ്ടുമാത്രം അവൾ ലോകത്തോടിടപെട്ടു. ഭാവനയിലൂടെ മാത്രം ജീവിതത്തെക്കണ്ടു". (ആത്മകഥക്ക് ഒരാമുഖം)

പുരുഷസമൂഹം സൃഷ്ടിച്ച കാഴ്ചകളും ഭാവനസൃഷ്ടിച്ച ലോകവും തമ്മിലുള്ള വൈരുദ്ധ്യമാണ് സ്ത്രീ ആത്മകഥകളുടെ ഊർജ്ജസ്രോതസ്സ്.

ആറോളം ആത്മകഥകൾകൊണ്ടാണ് മായആഞ്ജലു തന്റെ ജീവിതം എഴുതിയത് എന്നോർക്കണം. തസ്ലീമ നസ്റീനും അനേകം ആത്മകഥകൾ എഴുതിക്കൊണ്ടിരിക്കുന്നു. സ്ത്രീകൾക്ക് നിരവധി ആത്മകഥകളുണ്ട്. പുരുഷന് ഒരാത്മകഥതന്നെ ധാരാളം. അവന്റെ ജീവിതം അത്രമേൽ പ്രത്യക്ഷമാണ്. അവൾ സ്വപ്നം കൊണ്ടും സങ്കല്പം കൊണ്ടും മറികടന്ന ചരിത്രത്തിലെ ദൂരം അത്രയും കഠിനമാണ് നിഗൂഢവുമാണ്. പുരുഷൻ നോക്കുമ്പോൾ കണ്ട റവന്യൂസ്റ്റാമ്പിലൊതുങ്ങുന്ന ജീവിതം യഥാർത്ഥത്തിൽ മനുഷ്യചരിത്രത്തോളം വ്യാപ്തിയുള്ളതായിരുന്നു എന്നതാണ് പ്രധാനം. ഭാവനകൊണ്ടു നിർമ്മിച്ച സ്ത്രീകളുടെ രാഷ്ട്രപതാകകൾ അത്രമേൽ യഥാർത്ഥ സ്വാതന്ത്ര്യത്തിന്റേതായിരുന്നു.



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara



# 2014 ജൂലൈ 9ന് സെക്രട്ടറിയേറ്റ് പടിക്കൽ ആദിവാസി ഗോത്രമഹാസഭയുടെ

## നേതൃത്വത്തിൽ നടക്കുന്ന നിൽപ്പ് സമരത്തിന്റെ ഡിമാന്റുകൾ:

**ആദിവാസി ഊര്ഭൂമി സംരക്ഷിക്കാൻ പട്ടികവർഗ്ഗമേഖല പ്രഖ്യാപിക്കുക.**
**വംശഹത്യയിൽ നിന്ന് രക്ഷിക്കാൻ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കുക.**

- ശിശുമരണവും പട്ടിണിമരണവും തുടരുന്ന അട്ടപ്പാടിയിൽ കാർഷികപദ്ധതിയും ആദിവാസി ഗ്രാമസഭാനിയമവും നടപ്പാക്കുക.
- വനാവകാശനിയമം നടപ്പാക്കുക- വനവാസികളുടെ ഭൂമിയും സംസ്ക്കാരവും സംരക്ഷിക്കാൻ ഗ്രാമസഭകളെ പ്രവർത്തനക്ഷമമാക്കുക.
- പണിയ-അടിയ-മുതുവാൻ-മന്നാൻ-മലമ്പണ്ടാരം തുടങ്ങിയ ആദിവാസികളുടെ ഭൂമി, സംസ്ക്കാരം എന്നിവ സംരക്ഷിക്കാൻ പ്രത്യേക പാക്കേജ് നടപ്പാക്കുക.
- കുണ്ടള-മറയൂർ-ചിന്നക്കനാൽ-ആറളം ഫാം അട്ടപ്പാടി തുടങ്ങിയ ഭൂമിയിലെ കയ്യേറ്റങ്ങളും വിഭവക്കൊള്ളയും അവസാനിപ്പിക്കുക; അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുക.
- ആറളം ഫാമിലെ വിഷമാലിന്യ പൈനാപ്പിൾ കൃഷി അവസാനിപ്പിക്കുക; ആറളം കമ്പനി പിരിച്ചുവിട്ട് ആദിവാസികൾക്ക് ഭൂമി നൽകുക.
കേന്ദ്രസർക്കാർ അനുമതി നൽകിയ വനഭൂമി പതിച്ചു നൽകുക; വനഭൂമിയിൽ പണിയുന്ന വെറ്ററിനറി യൂണിവേഴ്സിറ്റി മാറ്റി സ്ഥാപിക്കുക.
- 2001ലെ ആദിവാസികരാർ നടപ്പാക്കുക.
- മാവോവാദിവേട്ടയുടെ പേരിൽ ആദിവാസിമേഖലയിൽ നടപ്പാക്കുന്ന പോലീസ് രാജ് അവസാനിപ്പിക്കുക.
പട്ടികവർഗ്ഗവകുപ്പിനെശക്തിപ്പെടുത്തുക.

എം.ഗീതാനന്ദൻ
(കോ-ഓർഡിനേറ്റർ)

സി.കെ.ജാനു
(അദ്ധ്യക്ഷ, AGMS)

**മുത്തങ്ങയിൽ നിന്ന് കുടിയിറക്കപ്പെട്ടവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുക.**
**വേടൻ ഗോത്രത്തിന് പട്ടികവർഗ്ഗപദവി നൽകുക, പുനരധിവാസ പാക്കേജ് നടപ്പാക്കുക.**